
# നവജീവൻ

പുസ്തകം ൧൩ | തിരുവനന്തപുരം | ലക്കം ൨


1938 മേയ് 23, 1113 ഇടവം 10 തിങ്കം


## ഹിന്ദുമഹാസമ്മേളനം

കിടങ്ങൂരിൽവച്ചു ഈയിടെനടന്ന സമസ്ത കേരളനായർ മഹാസമ്മേളനത്തോടു അനുബന്ധിച്ചു ഒരു ഹിന്ദുമഹാസമ്മേളനവും നടക്കുകയുണ്ടായല്ലൊ. ഈ സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചതു റിട്ട. ഹൈക്കോർട്ടുജഡ്ജി മി. എൻ. കുമാരനായിരുന്നു. സാമാന്യം ദീർഘമായ അദ്ദേഹത്തിന്റെ അദ്ധ്യക്ഷപ്രസംഗം മലയാളരാജ്യത്തിലും മററുപത്രങ്ങളിലും പ്രസിദ്ധപ്പെടുത്തി ഇതിനകം നവജീവൻ വായനക്കാരിൽതന്നെ പലരും വായിച്ചിരിക്കുവാനിടയുണ്ട്. ദീർഘമായ ആ പ്രസംഗം ഇത്തവണ ചേർക്കാൻ സ്ഥലച്ചുരുക്കംകൊണ്ടു നിവൃത്തിയില്ലാതായിതീർന്നിരിക്കുന്നു എങ്കിലും അദ്ദേഹത്തിന്റെ പ്രസംഗത്തെക്കുറിച്ചു ഞങ്ങൾക്കുള്ള അഭിപ്രായം പ്രസ്താവിക്കേണ്ടതു ആവശ്യമാണെന്നു കരുതുന്നു. ഹിന്ദുമഹാസമ്മേളനങ്ങൾ എസ്. എൻ. ഡി. പി. യോഗത്തോടനുബന്ധിച്ചും ഇതിനുമുമ്പു ചിലയവസരങ്ങളിൽ നടത്തപ്പെട്ടിട്ടുണ്ട്. അവയിലൊരുസമ്മേളനത്തിൽ സദസ്യതിലകൻ ടി. കെ. വേലുപ്പിള്ളയും മറെറാരു സമ്മേളനത്തിൽ കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടും അദ്ധ്യക്ഷതവഹിച്ചതായി ഓർക്കുന്നു. "ഹിന്ദുസംഘടനാ സംബന്ധമായി തിരുവിതാംകൂറിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളിലുള്ള അനുഭാവത്തെ പ്രകാശിപ്പിക്കുവാനാ"ണ് അദ്ദേഹം ഈ സ്ഥാനം സ്വീകരിച്ചതെന്നു മുഖവുരയായി പ്രസ്താവിച്ചു, അദ്ദേഹം ഹിന്ദുസംഘടനയോടുള്ള അനുഭാവത്തെ വ്യക്തവും മിതവുമായ സ്വരത്തിൽ ഭംഗിയായി പ്രകാശിപ്പിച്ചിട്ടുണ്ടെന്നു കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. മഹാരാജാവു തിരുമനസ്സിലെ ക്ഷേത്രപ്രവേശന വിളംബരം ഹിന്ദുസംഘടനയ്ക്കു സൗകര്യമുണ്ടാക്കിയിട്ടുണ്ടെന്നു പലക്കുമുള്ള വിശ്വാസം മി. കുമാരനും പ്രകാശിപ്പിച്ചിട്ടുണ്ട്. ക്ഷേത്രപ്രവേശനം ഹിന്ദുസംഘടനയ്ക്കു സൗകര്യമുണ്ടാക്കിയിട്ടുണ്ടെന്നുള്ളതു ശരിതന്നെയെങ്കിലും ക്ഷേത്രപ്രവേശനാനുവാദം കൊണ്ടുമാത്രം സംഘടനയുണ്ടാവുകയില്ലെന്നുള്ളതിനു വിളംബരത്തിനുമുമ്പു പ്രവേശനമുണ്ടായിരുന്ന ഹിന്ദുക്കൾ തമ്മിൽ സംഘടനയുണ്ടായില്ലെന്നുള്ളതു അനുഭവബോദ്ധ്യമായ ഒരു ദൃഷ്ടാന്തമായി ചൂണ്ടിക്കാണിക്കാവുന്നതാണ്. ഇതിനുമുമ്പു പ്രവേശനമുണ്ടായിരുന്നവർ തമ്മിൽ അനുലോമമായിട്ടെങ്കിലും വിവാഹബന്ധവുംകൂടി ഉണ്ടായിരുന്നവരാണെന്നുള്ള സംഗതി ഈ സന്ദർഭത്തിൽ ഓർക്കേണ്ടതാണ്. ഹിന്ദുസംഘടന വേണമെന്നു എത്രതന്നെ ആഗ്രഹിച്ചാലും എത്ര വളരെ പ്രസംഗിച്ചാലും സംഘടനയ്ക്കു ഒരാവശ്യവും ഒരു ലക്ഷ്യവും ഉണ്ടായിരിക്കണം. സമുദായങ്ങൾ പണ്ടുപണ്ടെ ഉണ്ടായിരുന്നവയാണെങ്കിലും ഇന്നുള്ളമാതിരി സമുദായസംഘടനകൾ ഉണ്ടായിത്തുടങ്ങിയതു ഈയിടെയാണ്. ഈയിടെ എന്നു പറഞ്ഞാൽ എസ്. എൻ. ഡി. പി. യോഗം ഉത്ഭവിച്ചതിനു ശേഷമാണെന്നു പറയാവുന്നതാണ്. എസ്. എൻ. ഡി. പി. യോഗം ഉണ്ടായതു ഈഴവൎക്കുണ്ടായിരുന്ന പല അവശതകളുടേയും പരിഹാരത്തിനായിട്ടാണ്. യോഗത്തിന്റെ ശ്രമത്താൽ പല അവശതകളും ഇതിനകം നീങ്ങിയിട്ടുണ്ടെങ്കിലും, ഇനിയും നീങ്ങേണ്ടതായിട്ടു പല അവശതകളും ഉള്ളതുകൊണ്ടു യോഗത്തിന്റെ സംഘടന ഇപ്പോഴും നിലനില്ക്കുന്നു. ഹിന്ദു സമുദായത്തിൽപെട്ട ഓരോ സമുദായത്തിനുള്ള അവശതകൾ ഓരോ പ്രകാരത്തിലുള്ളവയാകുന്നു. പുലയൎക്കുള്ള ചില അവശതകൾ ഈഴവൎക്കില്ല. ഈഴവൎക്കുള്ള ചില അവശതകൾ നായന്മാൎക്കില്ല. നായന്മാൎക്കുള്ള ചില അവശതകൾ നമ്പൂതിരിമാൎക്കില്ല. അതുകൊണ്ടാണ് ഓരോ സമുദായവും പ്രത്യേകം പ്രത്യേകം സംഘടനകൾ നടത്തുവാനിടയായിട്ടുള്ളതു്. നമ്പൂതിരി മുതൽ പുലയൻവരേക്കുമുള്ള എല്ലാ സമുദായങ്ങൾക്കും ഒരുമിച്ചു സംഘടിച്ചു ഒരു സ്ഥാപനമുണ്ടാകണമെങ്കിൽ ആ സ്ഥാപനോദ്ദേശം എന്താണെന്നും ഉദ്ദേശസിദ്ധിക്കു അംഗീകരിക്കുവാൻ പോകുന്ന മാൎഗ്ഗങ്ങളും കൎമ്മപരിപാടികളും എന്താണെന്നും എല്ലാ സമുദായക്കാൎക്കും വ്യക്തമായി മനസ്സിലാകണം. ഇതുവരെയുണ്ടായിട്ടുള്ള ഹിന്ദുസംഘടനാ പരിശ്രമങ്ങളുടെയെല്ലാം ഉദ്ദേശം മതപരിവൎത്തനംകൊണ്ടു ഹിന്ദുക്കൾക്കുണ്ടായിരുന്ന സംഖ്യാബലക്ഷയത്തെ നിവാരണം ചെയ്യണമെന്നാകുന്നു. അതിനുവേണ്ടി ചെയ്യുന്ന ശ്രമവും ചെലവാക്കുന്ന പണവും കൊണ്ട് ഹിന്ദുസമുദായത്തിനു എന്തെങ്കിലും ഒരു മേന്മയുണ്ടാകുന്നുണ്ടെന്നു ഞങ്ങൾക്കു തോന്നിയിട്ടില്ല. ക്രിസ്ത്യാനിയൊ മുസൽമാനൊ ആയി മതംമാറി പോയ ഒരു പുലയനെ പിടിച്ചു തിരിച്ചു പുലയനാക്കി തീൎത്തതുകൊണ്ടു ആ പുലയനു ഒരു വിശേഷവും വരുവാനില്ല. ക്രിസ്ത്യാനിയായാൽ അവന്റെ ഉൽഗതിക്കുവേണ്ടി ക്രൈസ്തവമിഷൻസു ചെയ്യുന്ന ശ്രമം ഹിന്ദുമിഷനു ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ വെറും വ്യാമോഹങ്ങളുണ്ടാക്കി അവനെ തിരിയെ ഹിന്ദുവാക്കിയതു ഒരു പാപമാണെന്നാണു ഞങ്ങൾ വിചാരിക്കുന്നതു്. ഹിന്ദുക്കളുടെസംഖ്യ ക്ഷയിച്ചതുകൊണ്ടു പുലയനു നഷ്ടമോ വൎദ്ധിച്ചതുകൊണ്ടു പുലയനു ലാഭമൊ ഉണ്ടാകുവാനില്ല. ഹിന്ദുവായിരുന്നാലാണൊ ക്രിസ്ത്യനായിരുന്നാലാണൊ ഒരു പുലയനു ഐഹികമായ അഭിവൃദ്ധിക്കു സൌകൎയ്യമെന്നു ആലോചിച്ചാൽ ക്രിസ്ത്യാനിയായാലാണു സൌകൎയ്യമെന്നു സെൻസസ്സ് കണക്കുകളെകൊണ്ടു തെളിയിക്കാൻ കഴിയും. മതങ്ങളുടെ ആദ്ധ്യാത്മികവശത്തെ നോക്കിക്കൊണ്ടല്ല ഞങ്ങൾ ഈ പറയുന്നതു്. മതത്തിന്റെ ലൗകികമായ വശത്തെമാത്രമെ ഞങ്ങൾ കാൎയ്യമായി ഗണിക്കുന്നുള്ളു. ലൗകികമായ വശം ശരിപ്പെട്ടാൽ ആദ്ധ്യാത്മികമോക്ഷത്തെപ്പററിയാതൊരു ശങ്കയ്ക്കുംവകയില്ല. ഇന്നത്തെജീവിതത്തിന്റെ തുടൎച്ചയാണു നാളത്തെ ജീവിതം എന്നുള്ളതുപോലെ മരണപൎയ്യന്തമുണ്ടായിരുന്ന ഐഹികജീവിതത്തിന്റെ തുടൎച്ചയായിട്ടല്ലാതെ മരണാനന്തരമുള്ള പാരത്രികജീവിതം വരുവാനിടയില്ല. മരണമെന്നതു പുതിയ ജനനമാണെന്നു ഹിന്ദുക്കളും ബുദ്ധമതക്കാരും സ്പഷ്ടമായിതന്നെ പറയുന്നുണ്ട്. എന്നാൽ പുതിയ ജനനത്തിന്റെ ശുഭാശുഭങ്ങൾ ജനനത്തിനു മുമ്പുള്ള കൎമ്മഫലത്തെ ആശ്രയിച്ചിരിക്കുമെന്നും ഈ രണ്ടു മതക്കാരും സിദ്ധാന്തിക്കുന്നുണ്ട്. എല്ലാ മതക്കാരും പുനൎജ്ജന്മത്തെ ഹിന്ദുക്കളെപ്പോലെ തന്നെ വിശ്വസിക്കുന്നില്ലെങ്കിലും മരണാനന്തരമുള്ള സുഖദുഃഖാനുഭവങ്ങൾ മരണത്തിനു മുമ്പുള്ള കൎമ്മഫലത്തെ ആശ്രയിച്ചു ഇരിക്കയുള്ളു എന്നു സകല മതക്കാരും ഒരുപോലെ സിദ്ധാന്തിക്കുന്നുണ്ട്. അതുകൊണ്ടാണു മതത്തിന്റെലൗകികമായ വശത്തെമാത്രമെ ഞങ്ങൾ കാൎയ്യമായി ഗണിക്കുന്നുള്ളു എന്നു പറഞ്ഞതു്. ഹിന്ദുമതത്തിന്റെ ലൗകികമായ വശത്തെ പരിശോധിച്ചുനോക്കുന്നതായാൽ ഇന്നു പ്രചാരത്തിലിരിക്കുംപ്രകാരമുള്ളമതംകൊണ്ട് ലൗകികമായ യാതൊരുപ്രയോജനവും ഈഴവൎക്കാകട്ടെ ഈഴവരെപോലെയൊ ഈഴവരെക്കാളുമൊ മോശക്കാരായിരിക്കു

ന്ന യാതൊരു സമുദായക്കാക്കുമാകട്ടെ ഉണ്ടാകുവാനുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. എന്നാൽ ഹിന്ദുമതത്തിന്റെ ഇന്നത്തെ രീതികളെയും നടപടികളെയും മാററി അതിനെ പരിഷ്ക്കരിക്കുവാൻ സാദ്ധ്യമല്ലെന്നു ഞങ്ങൾക്കഭിപ്രായമില്ല. ഇന്നത്തെ ഹിന്ദുമതത്തിന്റെ നടത്തിപ്പിൽ സവർണ്ണഹിന്ദുക്കൾക്കു സ്ഥാപിതതാല്പര്യങ്ങൾ അനേകമുണ്ട്. ഈ താല്പര്യങ്ങളെ കൈവിടുവാൻ സവർണ്ണഹിന്ദുക്കൾക്കുള്ള സന്നദ്ധത എത്രത്തോളമെന്നു ഞങ്ങൾക്കു നിശ്ചയമില്ല. ക്ഷേത്രപ്രവേശനം അവർണ്ണഹിന്ദുക്കൾക്കു ലഭിച്ചിട്ടുണ്ടെങ്കിലും ക്ഷേത്രങ്ങളെക്കൊണ്ടു സവർണ്ണഹിന്ദുക്കൾക്കുള്ള പ്രയോജനമൊന്നും അവർണ്ണക്കാർക്കും ഇന്നു ലഭിച്ചിട്ടില്ല. എസ്. എൻ. ഡി. പി യോഗവും ഈഴവസമുദായവും ഹിന്ദുസംഘടനക്കാര്യത്തിൽ അറച്ചു നിൽക്കുന്നതു അതുകൊണ്ടുള്ള പ്രയോജനം എന്തെന്നു ആരും ഇതേവരെ പറഞ്ഞുകേൾക്കാത്തതുകൊണ്ടാകുന്നു. ക്ഷേത്രപ്രവേശനത്തിൽ ഈഴവർ ആഹ്ലാദം പ്രകടപ്പിച്ചതു അതിന്റെ പ്രയോജനം സ്പഷ്ടവും അനുഭവഗോചരവുമായതുകൊണ്ടാണ്. ഹിന്ദുസംഘടനകൊണ്ടു ഭാവിയിലെങ്കിലും വരാനിരിക്കുന്ന പ്രയോജനം എന്താണെന്നു ഒരു സൂചന ഈ സംഘടനാപ്രസംഗകന്മാരിൽ ആരിലും നിന്നു ഇതേവരെ കേൾക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടില്ല. മി. കുമാരന്റെ അദ്ധ്യക്ഷപ്രസംഗത്തിലും എന്തിനാണ് സംഘടിക്കുന്നതെന്നു പറഞ്ഞു കാണുന്നില്ല. ഇതുവരെയുള്ള പലരുടേയും പ്രസംഗങ്ങളിലും ഹിന്ദുമിഷന്റെയും മററും പ്രവൃത്തികളിലും നിന്നു സ്പഷ്ടമാകുന്നതു സംഘടനയുടെ ഉദ്ദേശ്യം ഹിന്ദുക്കളുടെ ജനസംഖ്യ കുറവു വരാതെ സൂക്ഷിക്കുന്നതിനും കഴിയുന്നത്ര അതിനെ മതപരിവർത്തനംകൊണ്ടു വർദ്ധിപ്പിക്കുന്നതിനും ആണെന്നു കാണുന്നു. ഈ ഉത്സാഹത്തിന്റെ കാരണം ആർക്കും ഊഹിച്ചറിയാവുന്നതാണ്. ഇപ്പോഴത്തെ രാഷ്ട്രീയഗതി ഡെമോക്രസിയിലേക്കാണെന്നു സ്പഷ്ടമാണല്ലൊ. ഓരോ സമുദായത്തിന്റെ ശക്തി ഡെമോക്രസിയിലും കൈകളുടെ സംഖ്യയിലും ആശ്രയിച്ചാണ് നില്ക്കുന്നതു്. ഹിന്ദുക്കളുടെ സംഖ്യ വർദ്ധിക്കുന്നതുകൊണ്ടു ആ കാരണം പറഞ്ഞു രാഷ്ട്രീയകാര്യങ്ങളിൽ ഹിന്ദുക്കൾക്കു മേന്മ വരുത്തുവാൻ കഴിയുമെന്നുള്ളതിനു സംശയമില്ല. എന്നാൽ ഇതുവരെ വികസിച്ചിടത്തോളം ഡെമോക്രസികൊണ്ടു അവർണ്ണഹിന്ദുക്കൾക്കു അവരുടെ സംഖ്യാബലം അനുസരിച്ചുള്ള പ്രയോജനമൊന്നും ഉണ്ടായിട്ടില്ലെന്നു ഈഴവർക്കും മററും അനുഭവബോദ്ധ്യമായിട്ടുണ്ടല്ലൊ. എല്ലാ ഹിന്ദുക്കൾക്കും തുല്യമായ രാഷ്ട്രീയശക്തി കൈവരണമെങ്കിൽ ഓരോ സമുദായത്തിന്റെയും സംഖ്യക്കു അനുരൂപമായ രാഷ്ട്രീയാവകാശങ്ങൾ അവർക്കു ലഭിക്കുകതന്നെ വേണം. ഇങ്ങനെ എല്ലാവർക്കും തുല്യാവകാശങ്ങൾ നൽകുവാനുള്ള സന്മനസ്സ് കിടങ്ങൂരിൽ കൂടിയ നായർ സമ്മേളനം പ്രത്യക്ഷപ്പെടുത്തിയില്ലെന്നു മാത്രമല്ല അതിനു വിപരീതമായുള്ള മനോഭാവം പ്രത്യക്ഷപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഹിന്ദുസംഘടനയുടെ ഉദ്ദേശം രാഷ്ട്രീയമല്ലെങ്കിൽ സംഘടനയേ വേണ്ട എന്നഭിപ്രായപ്പെട്ട നായർ പ്രമാണിയുടെ പ്രസംഗത്തിലും അദ്ദേഹം പിൻതാങ്ങി പാസ്സാക്കിയ നിശ്ചയത്തിലും അതു നല്ലപോലെ തെളിഞ്ഞു കാണുവാൻ കണ്ണുള്ള ഈഴവർ ഇന്നുണ്ട്. ഈ മനോഭാവം സവർണ്ണ ഹിന്ദുക്കളിൽ മാറിക്കാണുന്നതുവരെ അവരുമായി ചേർന്നു ഒരു ഹിന്ദുസംഘടനയുണ്ടാക്കുവാൻ ഈഴവർ വിസമ്മതിക്കുന്നുണ്ടെങ്കിൽ അതിനെക്കുറിച്ചു ആരും അവരോടു പരിഭവിച്ചിട്ടാവശ്യമില്ല. നായർ സമ്മേളനത്തിൽ ജനസംഖ്യാനുപാതികമായി ഉദ്യോഗങ്ങൾ നായന്മാർക്കു ലഭിക്കണമെന്നു നിശ്ചയം പാസ്സാക്കിയതുപോലെ തന്നെ രാഷ്ട്രീയമായ മററവകാശങ്ങളും ജനസംഖ്യാനുപാതികമായിരിക്കണമെന്നുള്ള സൽബുദ്ധിയും കൂടി ഉണ്ടായാൽ പോലും രാഷ്ട്രീയമായ ഒരു കാര്യപരിപാടിയും കൂടി വച്ചുകൊണ്ടു ഒരു ഹിന്ദുസംഘടനയുണ്ടാക്കുവാൻ ഈഴവർ സന്നദ്ധരാകണമെന്നു ഈഴവസമുദായത്തിനു ഉൽബോധനം നൽകുവാൻ ഞങ്ങൾ തയ്യാറാകുന്നതല്ല. ഹിന്ദുസംഘടനയ്ക്കു രാഷ്ട്രീയമായ ഉദ്ദേശമേ ഉണ്ടായിരിക്കുവാൻ പാടില്ലെന്നാണു ഞങ്ങളുടെ അഭിപ്രായം. മതത്തിൽ വന്നുകൂടിയിട്ടുള്ള മാലിന്യങ്ങളെ അകററി ആചാരങ്ങളിലൊ അനുഷ്ഠാനങ്ങളിലൊ മാറേറണ്ടവയായിട്ടുള്ളവയെല്ലാം മാററി ഹിന്ദുക്കളിലുള്ള എല്ലാ വിഭാഗക്കാർക്കും വിദ്യാഭ്യാസത്തിലും ധനസമ്പാദനത്തിലും, ആരോഗ്യവിഷയത്തിലും, സന്മാർഗ്ഗനടപടികളിലും അഭിവൃദ്ധിയും പ്രോത്സാഹനവും നൽകുവാനും രോഗികളെയും മററു ആതുരന്മാരെയും സംരക്ഷിക്കുവാനുമുള്ള ഉദ്ദേശത്തോടുകൂടി ഹിന്ദുസംഘടനയുണ്ടാക്കുകയാണെങ്കിൽ ആ സംഘടനയിൽ ഈഴവരുംകൂടി ആത്മാർത്ഥതയോടുകൂടി ചേർന്നു പ്രവർത്തിക്കുവാൻ ഞങ്ങളുടെ ശക്തിക്കൊത്തവണ്ണമുള്ള ഉൽബോധനം ഈഴവസമുദായത്തിനു നൽകുവാൻ ഞങ്ങൾ തയ്യാറാണ്. മി. കുമാരൻ തന്റെ പ്രസംഗത്തിൽ ക്രിസ്ത്യാനികൾ ചെയ്യുമ്പോലെയുള്ള സമുദായസേവനമാണു ഹിന്ദുക്കളും ചെയ്യേണ്ടതെന്നു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. ഞങ്ങൾക്കുള്ള അഭിപ്രായവും അതുതന്നെയാണ്. എസ്. എൻ. ഡി. പി. യോഗത്തിൽനിന്നു ഏതേതു ഉപാധികളെയും ഉദ്ദേശങ്ങളെയും അടിസ്ഥാനമാക്കി ഹിന്ദുസംഘടനയിൽ ഉൾപ്പെടാമെന്നു ഗൗരവമായിതന്നെ ആലോചിച്ചുവരുന്നുണ്ട്. മതാചാര്യനായ ശ്രീനാരായണഗുരുസ്വാമിയുടെ ഉപദേശമനുസരിച്ചു എല്ലാ മതങ്ങളോടും തുല്യദൃഷ്ടിയാണു ഈഴവർക്കുള്ളതു്. അതിനാൽ മതപരിവർത്തനത്തിൽ അവർ ഉദാസീനരാണ്. ഈഴവനു ഈഴവസമുദായത്തിൽതന്നെ ഇരുന്നുകൊണ്ടു ഇഷ്ടമുള്ള ഏതു മതമെങ്കിലും സ്വീകരിച്ചുകൊള്ളാമെന്നുള്ള ആദർശമാണ് ഇപ്പോൾ സമുദായത്തിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നതു്. എങ്കിലും ഹിന്ദുനാമത്തോടു പൊതുവെ ഒരു പ്രതിപത്തി ഈഴവർക്കുള്ളതുകൊണ്ടു ഭിന്നമതപ്രതിപത്തി മററു ഹിന്ദുക്കൾക്കും അഹിന്ദുക്കൾക്കും ഉണ്ടായിത്തീരുന്നതുവരെ സമുദായസേവനോദ്ദേശത്തോടുകൂടിയ ഹിന്ദുസംഘടനയ്ക്കുതന്നെ തല്ക്കാലം ഉദ്യമിക്കണമെന്നേ ഈഴവർ വിചാരിക്കുന്നുള്ളു.

"മററു മതാനുയായികളുമായി യോജിച്ചു സൌഹാർദ്ദതയിൽ കഴിഞ്ഞുകൂടണമെന്നു" മാമ്പലത്തുവച്ചു മഹാരാജാവു തിരുമനസ്സുകൊണ്ടു ചെയ്ത പ്രസംഗഭാഗത്തെ മി. കുമാരൻ ഉദ്ധരിച്ചിട്ടുണ്ടല്ലൊ. സൌഹാർദ്ദം വാക്കിൽമാത്രം പോരാ ഹൃദയത്തിൽതന്നെ ഉണ്ടായിരിക്കണമെന്നു കുറെക്കൂടി ശക്തിയായ ഒരുൽബോധനം കിടങ്ങൂർ സമ്മേളനത്തിനു മി. കുമാരൻ നൽകേണ്ടതുണ്ടായിരുന്നു എന്നാണു ഞങ്ങൾക്കു തോന്നുന്നതു്. മി. കുമാരൻ സംഘടനയെക്കുറിച്ചല്ലാതെ മററു ചില ഹിന്ദുമതപ്രസംഗകന്മാരെപ്പോലെ ഹിന്ദുമതം ആകാശംപോലെ വിപുലവും സമുദ്രംപോലെ അഗാധവുമാണെന്നും മററും പ്രസംഗിച്ചു സദസ്യരുടെ വാപൊളിപ്പിക്കുവാൻ ഉത്സാഹിച്ചില്ലെന്നു കാണുന്നതിൽ ഞങ്ങൾ അദ്ദേഹത്തെ പ്രത്യേകം അഭിനന്ദിച്ചുകൊള്ളുന്നു.

---

## മന്ദത്തിന്റെ ശിഷ്യന്മാർ

---

കിടങ്ങൂർ വച്ചു കഴിഞ്ഞ മേടം 30-നു നടന്ന നായർ മഹാസമ്മേളനത്തിൽ സംബന്ധിച്ച 15-നായർ മാന്യന്മാർ ചേർന്നു പ്രസിദ്ധപ്പെടുത്തിയ ഒരു സ്റ്റേററ്മെന്റിൽ ഇങ്ങനെ കാണുന്നു:—"മി. കുറുപ്പു തന്റെ സ്ഥാനത്തു എണീററു നിന്നു കൊണ്ടു്, സമ്മേളനത്തിന്റെ നാമകരണത്തെപ്പററി ഒരു സാങ്കേതിക തടസ്ഥം പുറപ്പെടുവിക്കുന്നു എന്നു് സദസ്സിൽ പ്രസ്താവിച്ചു കൊണ്ടിരിക്കുമ്പോൾ, സദസ്സിന്റെ ചില ഭാഗങ്ങളിൽ നിന്നു് 'ഇരിയടാ അവിടെ' 'അടിയടാ അവനെ' 'വടികൊണ്ടടിയടാ' 'എണീററവടനെ അടിക്കാത്തതെന്തടാ' എന്നിങ്ങനെയുള്ള വിളികൾ മുഴങ്ങി". മി. നാരായണക്കുറുപ്പ് ഒരു ബി. എ. ബി. എൽ. പരീക്ഷാവിജയിയും എം. എൽ. എ. യും കരയോഗം പ്രതിനിധിയും ആണ്. കഴിഞ്ഞ കൊല്ലം, കൊല്ലത്തു വച്ചു നടന്ന നായർ സമ്മേളനത്തോടു അനുബന്ധിച്ചു നടത്തിയ ഹൈന്ദവ മഹാസമ്മേളനത്തിൽ സംബന്ധിച്ച മി. പി. ആർ. വാമദേവൻ അന്നു പുറപ്പെടുവിച്ച ഒരു സ്റ്റേററുമെന്റിൽ ഇപ്രകാരം പ്രസ്താവിച്ചിരുന്നു. "ഹൈന്ദവരുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കുവാൻ ഗൂഢമായ ഒരു പരിശ്രമം നടന്നിരുന്നു എന്നു് പ്രസ്താവിച്ച മി. കുഞ്ഞുപണിക്കരോടു, അതു വിശദമാക്കണമെന്നാവശ്യപ്പെട്ട മി. കെ. കേശവൻ ബി. എ. ബി. എൽ. എം. എൽ. എ. യുടെ നേരെ, 'ഛീ ഇരിക്കടാ' 'അവനെ ഇങ്ങ് പിടിക്കടാ' 'അവനെ പിടിച്ചു പുറത്താക്കടാ' എന്നും മററും നാനാഭാഗത്തു നിന്നും പീരങ്കിയെ വെല്ലുന്ന ശബ്ദത്തോടുകൂടി പുറപ്പെട്ടുകൊണ്ടിരുന്ന ആരവങ്ങൾ, ഉന്നതബിരുദധാരികളായ ചില നായർ യുവാക്കന്മാരിൽ നിന്നു കൂടി പുറപ്പെടുന്നുണ്ടായിരുന്നു. ശ്രീമാൻ മന്ദത്തു പത്മനാഭപിള്ള അവർകളുടെ നേതൃത്വത്തിലും ശിക്ഷണത്തിലും ഉത്തരോത്തരം അധഃപതനത്തിൽ അഭിവൃദ്ധി പ്രാപിച്ചു വരുന്ന ഒരു ജനസമുദായം പ്രകടമാക്കിയ ഈ മനോഭാവം കേവലം സ്വാഭാവികം മാത്രമാണെന്നുള്ള ചിന്തയിൽ വ്യാപൃതനായി, പൂർവസ്ഥിതിയിൽ ഞാൻ സ്വസ്ഥനായി." മി. മന്ദത്തു പത്മനാഭപിള്ളയുടെ ശിക്ഷണത്തിൻ കീഴിൽ നായർ സമുദായത്തിലെ ഒരു വിഭാഗം അഭ്യസിച്ചു വശമാക്കിയ ഈ സംസ്കാര പ്രകടനം കഴിഞ്ഞ കൊല്ലം അവർ ഒരു ഈഴവ സഹോദരന്റെ നേരെ പ്രയോഗിച്ചു. ഈ കൊല്ലം അവർ അതു ഒരു നായർ സഹോദരന്റെ നേരെതന്നെ തിരിച്ചു വിട്ടു. അടുത്ത കൊല്ലം ഈ സംസ്കാര പ്രകടനത്തിന്റെ ഗതി എങ്ങോട്ടായിരിക്കുമെന്നു ഇപ്പോൾ തീരുമാനിക്കുവാൻ പാടില്ലെങ്കിലും ഗുരുനാഥനായ മി. മന്ദത്തിന്റെ നേരെ തന്നെ അതു പ്രയോഗിക്കപ്പെടാൻ ഇട വരാതിരിക്കട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

---

# വർത്തമാന സംഗ്രഹം

## കേരളം

തിരുവിതാംകൂർ യൂണിവേഴ്സിററി ക്ലാസ്സുകൾ ജൂൺ 20-നു- മുതൽ ആരംഭിക്കുന്നതാണെന്നറിയുന്നു.

* * *

കിടങ്ങൂർ നായർ സമ്മേളനം നായർ സമുദായത്തെ പ്രതിനിധീകരിക്കുന്നില്ലെന്നു ഏടാമഠം മി. അച്യുതൻപിള്ള മുടങ്ങി 30 അഡ്വക്കേററന്മാർ ചേൎന്നു ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

* * * *

മൈസൂർ രാജകുമാരൻെറ വിവാഹം പ്രമാണിച്ചു് മഹാരാജാവു തിരുമനസ്സിലെ സമ്മാനവും കൊണ്ടു് സിക്രട്ടറി മി. നാരായണനുണ്ണിത്താൻ മൈസൂറിലേയ്ക്കു് പോയിരിക്കുന്നു.

* * *

## ഹരിജൻ മി. സി. ഒ. മാധവൻ

ബോംബെയിൽനിന്നും പുറപ്പെടുന്ന പ്രസിദ്ധമായ "ടൈംസ് ആഫ് ഇൻഡ്യാ ഇല്ലസ്ട്രേററഡ് വീക്കിലി" യുടെ കഴിഞ്ഞ ആഴ്ചയിലെ പതിപ്പിൽ മി. സി. ഒ. മാധവൻെറ ഒരു ഫോട്ടോ പ്രസിദ്ധപ്പെടുത്തിക്കാണുന്നു. ഒരു 'എച്ച്' ആണ് ഈ ഫോട്ടോ അയച്ചുകൊടുത്തതെന്നും കാണുന്നു. ഫോട്ടോയുടെ താഴെ കൊടുത്തിരിക്കുന്ന ഇൻഫർമേഷനിൽ ഒരു ഈഴവനായ മി. മാധവനാണ് തിരുവിതാംകൂറിലെ ആദ്യത്തെ ഹരിജൻ ചീഫ്സെക്രട്ടറി എന്നു പ്രസ്താവിച്ചു കാണുന്നു. ഫോട്ടോ അയച്ചുകൊടുത്ത 'എച്ച്' തന്നെ ആയിരിക്കണം ഈ ഇൻഫർമേഷൻ ഡയറക്ട് ചെയ്തതു എന്നുവേണം വിശ്വസിക്കുവാൻ. ഈ ധിക്കാരത്തിനു യഥാർത്ഥത്തിൽ ഉത്തരവാദി ആരാണ് എന്നു് ഞങ്ങൾക്കു നിശ്ചയമില്ലെങ്കിലും, അതിനു വഴിവെച്ചുകൊടുത്തതു ഉത്തരഇൻഡ്യയിൽ പോയി ഹരിജൻ സ്ഥാനവും ഭേസിവന്ന മി. എം. ഗോവിന്ദനാണെന്നുവേണം പറയുവാൻ. പക്ഷെ മി. ഗോവിന്ദനും ഈ ധിക്കാരം അനുവദിച്ചുകൊടുക്കുമെന്നു ഞങ്ങൾക്കു തോന്നുന്നില്ല. ഒരുപക്ഷെ മി. സി. ഒ. മാധവനു സമ്മതമായാലും മി. എം. ഗോവിന്ദനു സമ്മതമായാലും ഈഴവരെ "ഹരിജൻ" എന്ന പതിതസൂചകമായ പദംകൊണ്ടു് വിശേഷിപ്പിക്കുന്നതു് ഈഴവയുവാക്കന്മാൎക്കും ഇഷ്ടമുള്ള കാൎയ്യമല്ലെന്നാണ് ഞങ്ങൾ അറിയുന്നതു്.

---

## വിക്രമൻസ് ഹെയർഓയൽ

ഡാക്ടർചെഞ്ചേരി, ഭാനുവിക്രമ കമ്പനി, കൊല്ലം, അഭിപ്രായത്തിനു അയച്ച ഭാനുവിക്രമ ഹെയർ ഓയിൽ കൈപ്പററി നന്ദിപറയുന്നു. ഈ ഹെയർ ഓയിൽ, വിദേശരാജ്യങ്ങളിൽ ഉണ്ടാക്കി നമ്മുടെ വിപണികളിൽ വിററഴിച്ചുവരുന്ന ചില ഹെയർ ഓയിലുകളേക്കാൾ വളരെ മെച്ചമായിരിക്കുന്നു എന്നഭിപ്രായപ്പെടുവാൻ ഞങ്ങൾക്കു വളരെ സന്തോഷമുണ്ടു്.

---

മദ്രാസിൽനിന്നു പുറപ്പെടുന്ന മദ്രാസ്മെയിൽ പത്രത്തിൻെറ മാനേജരായ മി. ജാക്ക്സൺ ഇവിടെയെത്തി സംസ്ഥാനാതിഥിയായി മസ്കട്ടു് ഹോട്ടലിൽ താമസിച്ചുവരുന്നതായി അറിയുന്നു.'

* * *

ഇംഗ്ലീഷ്സ്കൂൾലീവിംഗ് പരീക്ഷയുടെ ഫലം ഈയ്യാഴ്ച പുറത്തായിരിക്കുന്നു. 38ൾ ശതമാനം കുട്ടികൾ പാസ്സായിട്ടുണ്ടു്. താമസിയാതെ തന്നെ ഒരു സപ്ലിമെൻറുകൂടി പുറപ്പെടുവിക്കുന്നതാണെന്നറിയുന്നു.

* * *

കൊട്ടാരക്കരവച്ചു് കൂടുവാനിരുന്ന തിരുവിതാംകൂർ പീപ്പിൾസ്കൺവെൻഷൻ സ്ഥലത്തു് എതിർപ്രവൎത്തകന്മാരുള്ളതുകൊണ്ടും മററും ഇപ്പോൾ കൺവെൻഷൻ വിളിച്ചുകൂട്ടിയാൽ സമാധാനലംഘനത്തിന് കാരണമാകുമെന്നു് പറഞ്ഞുംകൊണ്ടു് ഗവമ്മെൻറു് പ്രസ്തുത കൺവെൻഷനെ നിരോധിച്ചിരിക്കുന്നതായി അറിയുന്നു.

* * * *

മിസ് ആനിമസ്ക്രീൻെറ വസതിയിൽ ഈയിടെ മോഷണം നടന്നതിനെപ്പററി അവർ ഒരു സ്റ്റേററ്മെൻറു് പുറപ്പെടുവിച്ചിരുന്നല്ലോ. ഇതു് പോലീസ് ഡിപ്പാർട്ടുമെൻറിനെ പൊതുവിലും പാളയം പോലീസ് ഇൻസ്പെക്ടർ മി. ലത്തീഫിനെ പ്രത്യേകിച്ചും കുററപ്പെടുത്തുന്നതാകയാൽ അവർ അഞ്ചുദിവസത്തിനകം ക്ഷമാപണം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടു് മിസ് ആനിമസ്ക്രീനു് പോലീസ് കമ്മീഷണർ മി. പിച്ചുവയ്യങ്കാർ ഒരു നോട്ടീസയച്ചിരിക്കുന്നു.

* * *

തിരുവിതാംകൂർ സിവിൽ സൎവ്വീസിലേക്കു് ആളുകളെ റിക്രൂട്ടു് ചെയ്യുന്നതിന് ഗവമ്മെൻറു് ഒരു പുതിയപദ്ധതി ഏൎപ്പെടുത്തുവാൻ തീർച്ചയാക്കിയിരിയ്ക്കുന്നു. ആണ്ടുതോറും തുലാമാസത്തിൽ സിവിൽ സവീസ് പ്രവേശനത്തിനുള്ള മത്സരപരീക്ഷകൾ നടത്തുന്നതാണ്. ഇതിൽ തിരുവിതാംകൂർ പ്രജകളായ സൎവ്വകലാശാല ബിരുദധാരികൾക്കു് മാത്രമേ ചേരാൻസാധിക്കയുള്ളൂ. വാചാപരീക്ഷയ്ക്കു് 35 ശതമാനവും ഇംഗ്ലീഷ്ഭാഷയ്ക്കു് കൈയെഴുത്തിനും സംക്ഷേപലേഖനത്തിനും 35 ശതമാനവും ഇല്ലാത്ത ആരേയും നാമിനേററു ചെയ്യുന്നതല്ല.

പരീക്ഷയ്ക്കു് പ്രവേശനം അതിൻെറ നടത്തിപ്പു മുതലായവയുടെ ചുമതലകൾ വഹിക്കുന്നതു് പബ്ലിക്ക് സവീസ് കമ്മീഷണർ ചെയർമാനായുള്ള മൂന്നുപേരടങ്ങിയ ഒരു കമ്മിററിയായിരിക്കും. പരീക്ഷ്യകർ 21 വയസ്സിനും 24 വയസ്സിനും ഇടയ്ക്കുള്ളവർ ആയിരിക്കേണ്ടതാണ്. ഓരോ പരീക്ഷ്യനും മാനസികവും കായികവുമായ ആരോഗ്യം ഉണ്ടെന്നു് ഡെപ്യൂട്ടി സർജനേക്കാൾ താഴെയല്ലാത്ത ഒരു മെഡിക്കലാഫീസർ സർട്ടിഫൈ ചെയ്യേണ്ടതാണ്.

* * *

ഈമാസം ആദ്യം നടന്ന നായർസമ്മേളനത്തിൽ താഴെക്കാണുന്ന പ്രമേയങ്ങൾ പാസ്സാക്കിയിരിയ്ക്കുന്നു.

1. മഹാരാജാവുതിരുമേനിയോടു് ഭക്തി.
2. കെ. ററി. പി. വേലുക്കുട്ടിമേനോൻ, പി. കെ. നാരായണപിള്ള, കൃഷ്ണൻതമ്പി, ഈ. വി. കൃഷ്ണപിള്ള ഇവരുടെ ചരമത്തിൽ അനുശോചനം.
3. മള്ളൂരിൻെറ ഷഷ്ടിപൂൎത്തിയിൽ അദ്ദേഹത്തിന് അനുമോദനം.
4. മെ. ദാമോദരനാശാനും, പുതുപ്പള്ളിയ്ക്കും ഉദ്യോഗലബ്ധിയിൽ അനുമോദനം.
5. സചിവോത്തമൻെറ ഉദ്യോഗകാലാവധി നീട്ടിയതിന് മഹാരാജാവിന് കൃതജ്ഞത.
6. നായർസൎവ്വീസ് സൊസൈററി കാളേജ് സ്ഥാപിക്കുന്നതിനുള്ള നടപടിതുടരണം.
7. സൎവ്വകലാശാലസ്ഥാപനത്തിൽ ഗവമ്മെൻറിന് അനുമോദനം.
8. ക്രെഡിററ്ബാങ്ക് സ്ഥാപനത്തിൽ ഗവമ്മെൻറിന് അനുമോദനം.
9. വൎഗ്ഗീയവൈരത്തെ വൎദ്ധിപ്പിക്കുന്നതിന് ഉതകുന്ന ഇപ്പോഴത്തെ സംവരണവ്യവസ്ഥകൾ, നിയോജകമണ്ഡലപരിധി, പബ്ലിക്ക് സൎവ്വീസ് മുതലായവ ദേശീയതാല്പൎയ്യങ്ങൾക്കു് യോജിച്ചതായി മാററണം.

---

## ഭാരതം

വ്യയന്യൂനകരണവും മററുമുദ്ദേശിച്ചു് ജനസമുദായത്തിന് ആപൽക്കാരികളല്ലാതിരുന്ന രണ്ടായിരം തടവുകാരെ ജയിലിൽ നിന്നു് വിട്ടയയ്ക്കുവാൻ മദ്രാസ് ഗവമ്മെൻറു് കല്പിച്ചിരിക്കുന്നു.

* * *

ചക്രവൎത്തി, ചക്രവൎത്തിനി, ഗാന്ധിജി, എന്നിവരുടേതല്ലാതെ മററാരുടേയും പടങ്ങളോ ചായമിട്ടപടങ്ങളോ, പ്രതിമകളോ, പൂൎണ്ണകായപ്രതിമകളോ, വയ്ക്കാൻ മുൻസിപ്പൽ ബോർഡു് വകപണം ചിലവിട്ടുകൂടാഎന്നു് മദ്രാസ് ഗവമ്മെൻറു് ഒരു ഉത്തരവു് പുറപ്പെടുവിച്ചിരിയ്ക്കുന്നു.

* * *

ഒറീസായിലെ ഗവൎണ്ണരായ സർ ജാൺഹ്യൂബക്ക് താമസിയാതെ അവധിയിൽ പ്രവേശിക്കുന്നതോടുകൂടി അദ്ദേഹത്തിന് പകരം ഒരു ഇൻഡ്യാക്കാരൻ ഗവർണ്ണരായി നിയമിതനായേക്കുമെന്നു് കേൾക്കുന്നു. ഇൻഡ്യാഗവമ്മെൻറിൻെറ വിദ്യാഭ്യാസമെമ്പറായ സർ ജഗദീശപ്രസാദിൻേറയും സർ സപ്രൂവിൻേറയും പേരുകളാണ് കേൾക്കുന്നതു്.

* * *

സി. പി. യിൽ രാജിവച്ചൊഴിഞ്ഞ നാലു മന്ത്രിമാരും പണ്ഡിതജവഹരിലാൽനെഹ്റുവിൻെറ പരിശ്രമഫലമായി അഭിപ്രായവ്യത്യാസങ്ങളെല്ലാം മറന്നു് രാജിപിൻവലിച്ചിരിയ്ക്കുന്നു. പ്രധാനമന്ത്രിയുമായി പഴയപടി സഹകരിച്ചുതന്നെ പ്രവൎത്തിച്ചുകൊള്ളാമെന്നു് ഇവർ വാഗ്ദാനംചെയ്തിട്ടുണ്ടു്.

* * *

ആന്ധ്രാസംസ്ഥാനസ്ഥാപനം സംബന്ധിച്ചു് ഇംഗ്ലണ്ടിൽ പോയി നിവേദനം സമൎപ്പിക്കുന്നതിന് മദ്രാസ് അസംബ്ലിസ്പീക്കറായ സാംബമൂൎത്തിയ്ക്കു് അനുവാദം നല്കിയിരിയ്ക്കുന്നു. ഈ അനുമതിലഭിക്കുതിനാൽ അദ്ദേഹം സ്പീക്കർ സ്ഥാനം രാജിവയ്ക്കാൻ ഇടയില്ല എന്നാണ് അറിയുന്നതു്

* * * *

മൈസൂർ സ്റ്റേറ്റ്കോൺഗ്രസ്സിന്റെ അദ്ധ്യക്ഷൻ താഴെപ്പറയുന്ന സന്ദേശം അവിടത്തെ മഹാരാജാവിന്റെ സിക്രട്ടറിയ്ക്കു് അയച്ചിരിക്കുന്നു:—

"ജയചാമരാജവുഡയാർ രാജകുമാരനെ അവിടത്തെ വിവാഹാവസരത്തിൽ മൈസൂർ സ്റ്റേറ്റ്കോൺഗ്രസ്സിനുള്ള ആഹ്ലാദവും അഭിനന്ദനവും ഏററവും ബഹുമാനപൂർവം അറിയിയ്ക്കുകയും ദീർഘായുസ്സ്, ആയുരാരോഗ്യം, എന്നിവ ആ രാജകുമാരനും അവിടത്തെ സഹധർമ്മിണിയ്ക്കും നൽകണമെന്നു ഈശ്വരനോടു് പ്രാർത്ഥിക്കയും ചെയ്യുന്നു."

* * *

മൈസൂർ രാജകുമാരനായ ജയചാമരാജേന്ദ്രവുഡയാറും സത്യപ്രേമാദേവിയും തമ്മിലുള്ള വിവാഹം ഈ മാസം 2-നു സാഘോഷം കൊണ്ടാടിയിരിയ്ക്കുന്നു.

മൈസൂർ കോൺഗ്രസ്സും ഗവമ്മെന്റും തമ്മിൽ രാജിയായതിന്റെ ഫലമായി സകല ജനങ്ങളും ഈ വിവാഹത്തിൽ പങ്കുകൊണ്ടു. വിവാഹദിവസം 79 രാഷ്ട്രീയതടവുകാരെ വിട്ടതൽ ചെയ്യുകയുണ്ടായി. ഇതിൽ കാൺഗ്രസ് നേതാക്കന്മാരായ മെ. സിദ്ധലിംഗയ്യാ, കെ. ററി. ഭാഷ്യം മുതായവരുംഉൾപ്പെട്ടന്നുണ്ടു്. ഇനിയും ഏകദേശം 100-ഓളം രാഷ്ട്രീയതടവുകാരെക്കൂടി വിട്ടതൽ ചെയ്യുവാനുണ്ടു്.

* * *

ബ്രിട്ടീഷ് മന്ത്രിസഭയ്ക്കു സമർപ്പിക്കുവാനായി സാമുവൽപ്രഭു ഇൻഡ്യയെ സംബന്ധിച്ചു് ഒരു മെമ്മോറാണ്ഡം തയ്യാറാക്കുന്നതായി യുണൈറഡ് പ്രസ്സിന്റെ ലണ്ടൻ ലേഖകൻ അറിയുന്നു. ഇൻഡ്യയ്ക്കു് ഉപരാജ്യപദവിലഭിക്കത്തക്കവണ്ണം ഫെഡറൽ ഭരണവ്യവസ്ഥ ഭേദഗതിചെയ്യുന്നതിനായി നേരത്തെ കാൺഗ്രസ്സിനോടു് രാജിയാലോചിക്കണമെന്നു് സാമുവൽപ്രഭു ബ്രിട്ടീഷ്മന്ത്രിസഭയോടു് ബലമായി ശുപാർശചെയ്തിരിക്കുന്നു. ഇൻഡ്യയിലെ ഏററവും ശക്തികയറിയ രാഷ്ട്രീയസംഘടനയായി കാൺഗ്രസ്സിനെ അംഗീകരിക്കുന്നതു് നന്നായിരിക്കുമെന്നു് അദ്ദേഹം കരുതുന്നു.

* * *

ഈയിടെ വൈസ്രോയിയും ഗാന്ധിജിയും തമ്മിൽ നടന്ന സന്ദർശനത്തിന്റെ പ്രതിധ്വനി പാർലമെന്റിലും ഉണ്ടായിരിക്കുന്നു. ആ സന്ദർശനം സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ അറിയുവാൻ പ്രശ്നകർത്താവു ആവശ്യപ്പെട്ടു. ഇൻഡ്യാ ആക്ടിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതിനെപ്പററി നാട്ടുവാഴികളുമായി ആലോചിക്കുന്നുണ്ടോ എന്നും അദ്ദേഹം പ്രശ്നം ചെയ്തു. പൊതുവിഷയങ്ങളെപ്പററി മാത്രമാണു വൈസ്രോയിയും ഗാന്ധിജിയും തമ്മിൽ സംഭാഷണം നടത്തിയതെന്നും പ്രധാനമായും രഹസ്യനിലയിലുള്ള ഒരു സന്ദർശനവും സംഭാഷണവും ആയിരുന്നു അതെന്നും ഈ പ്രശ്നത്തിനു സ്റ്റാൻലിപ്രഭു മറുപടിനൽകി. ഫെഡറേഷൻ സ്ഥാപനപരിപാടിയിൽ ഭേദഗതി വരുത്തുന്നകാര്യമേ ഇവിടെ ആവിർഭവിക്കുന്നില്ലെന്നും പ്രഭു അവർകൾ തുടന്നു പ്രസ്താവിച്ചു.

---

# വിദേശം

ബ്രിട്ടീഷ് വ്യോമകാര്യമന്ത്രിയായ സ്വിൻറർട്ടൺ പ്രഭു തൽസ്ഥാനം രാജിവച്ചൊഴിഞ്ഞിരിക്കുന്നു. സർ. സാമുവൽ ഹോറിനേയാ, ഹോർബലീഷായേയോ തൽസ്ഥാനത്തു നിയമിക്കപ്പെട്ടമെന്നാണു് പറയപ്പെട്ടുന്നതു.

* * *

ബർമ്മായിൽ സാഗായിങ്ങ്ഗ്രാമത്തിലുള്ള ഒരു കൃഷിക്കാരന്റെ ഭാര്യയ്ക്കു ഒരേ പ്രസവത്തിൽ 6 കുട്ടികൾ ജനിച്ചിരിക്കുന്നു. മൂന്നു ആൺകുട്ടികളും ബാക്കി പെൺ പെൺകുട്ടികളുമാണു്. സകല കുട്ടികൾക്കും ജനിച്ചപ്പോൾ ജീവനുണ്ടായിരുന്നു. എന്നാൽ ഒരു പെൺകുഞ്ഞു പിന്നീടു മരിച്ചുപോയി.

* * * *

സോവിയററ് റഷ്യ, ന്യൂസീലൻഡ്, ബൊലീവിയാ എന്നീ മൂന്നുരാജ്യങ്ങളും ഒഴികെ എല്ലാരാജ്യങ്ങളും ഇററലിയുടെ അബിസീനിയൻ ആധിപത്യം അംഗീകരിക്കണമെന്നുള്ള ബ്രിട്ടീഷ് അഭിപ്രായത്തോടു യോജിക്കാൻ സന്നദ്ധതയുള്ളവരാണെന്നു് ഇക്കഴിഞ്ഞ ലീഗ് സമ്മേളനത്തിൽനിന്നു് വ്യക്തമായിരിയ്ക്കുന്നു. ഈ പ്രശ്നം അടുത്ത സെപ്ററംബറിലെ സഭ്യയോഗത്തിൽവച്ചു് വോട്ടിനിട്ടു് ഒരു ഖണ്ഡിതമായ തീരുമാനമുണ്ടാക്കുന്നതാണു്.

* * *

ഏതാനും ആഴ്ചകൾക്കുമുമ്പു ചൈനാക്കാരായ 16 മുസ്ലിംവിദ്യാർത്ഥികൾ അൽഅസഹർസർവ്വകലാശാലയിൽ ചേരുവാൻവേണ്ടി കെയിറോവിൽ എത്തിയിട്ടുണ്ടല്ലൊ. ഇവരുടെ അദ്ധ്യയനകാലത്തെ എല്ലാ ചെലവുകളും ഫാറൂഖ്രാജാവു വഹിക്കുന്നതാണു്. ഈ സംഭവത്തിൽ പത്രങ്ങൾ അതീവതാൽപര്യം പ്രകാശിപ്പിക്കുന്നു. പൌരസ്ത്യരാജ്യങ്ങളുടെ കാര്യത്തിൽ ഈജിപ്തിന്റെ പങ്കിനെ അധികരിച്ചു പല ലേഖനങ്ങളും പത്രങ്ങളിൽ സ്ഥലംപിടിച്ചിരിക്കുന്നു അടുത്തകാലത്തു് അതായതു് തുക്കിയിലെ വിപ്ലവത്തിനുശേഷം പാശ്ചാത്യരാജ്യങ്ങളിലേക്കു ഈജിപ്തിന്റെ ശ്രദ്ധ കൂടുതൽ പതിഞ്ഞിട്ടുണ്ടു്. "എന്റെ രാജ്യം ആഫ്റിക്കയിൽ തന്നെയല്ലാ യൂറോപ്പിലും ഉണ്ടു്." എന്നു ഇസ്മായീൽ പാഷ ഒരിക്കൽ പറയുകയുണ്ടായി. എന്നാൽ എല്ലാകുഴപ്പങ്ങളും പാശ്ചാത്യരാജ്യങ്ങളിൽനിന്നാണു ഉത്ഭവിച്ചിട്ടുള്ളതെന്നു ഈജിപ്തിലെ രാജ്യതന്ത്ര്യവിദഗ്ദ്ധന്മാർ പഠിച്ചുകഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു ഇപ്പോൾ അവരുടെ ദൃഷ്ടി പൌരസ്ത്യദേശങ്ങളിലേക്കു തിരിഞ്ഞിരിക്കയാണു്. അങ്ങനെ ഈജിപ്തു് ചെയ്താൽമാത്രമേ സാർവ്വത്രികമായ ഒരു അനുകൂല്യം ലഭിക്കുകയുള്ളു. ബ്രിട്ടീഷ്കാരെ അവലംബിച്ചു കഴിയുന്ന പതിവു ഈജിപ്തു് ഉപേക്ഷിച്ചു് പൌരസ്ത്യരാജ്യങ്ങളിലേക്കു വീക്ഷണഗതി മാററിയാൽ മാത്രമേ നേതൃത്വം ഈജിപ്തിനു ലഭിയുള്ളു എന്നതു് തീർച്ചയാണു്. ഇതാണിന്നത്തെ ഈജിപ്തിലെ അഭിപ്രായഗതി.

ചൈനായ്ക്കു ഇപ്പോഴുള്ള ഒരു വലിയ വിഷമതപരിഷ്കൃത യുദ്ധസാമഗ്രികളുടെ കുറവാണു്. എന്നാൽ അമേരിക്കയിൽ നിന്നും യുദ്ധസാമഗ്രികൾ ഈയിടെയായി ധാരാളമായി റഷ്യയിലേക്കു കയററി അയച്ചുകൊണ്ടിരിക്കുന്നു. ഇതിന്റെ പ്രാപ്യസ്ഥാനം ചൈനയുമാണു്. വ്യോമസൈന്യവിഷയകമായ അസമത്വങ്ങളും ചൈനാക്കാർ ത്വരിതഗതിയിൽ പരിഹരിച്ചുവരുന്നു അമേരിക്കരുംമററുമായ പല വിദഗ്ദ്ധന്മാരുടെ സഹകരണവും ചൈനായ്ക്കുലഭിച്ചുകൊണ്ടിരിക്കുന്നു. ഈ നിലയിൽ ജപ്പാൻ അടുത്ത കാലത്തെങ്ങും ചൈനായിൽ ഒരു വിജയംപ്രതീക്ഷിക്കേണ്ടതില്ലെന്നാണു് പല യൂറോപ്യൻ വിദഗ്ദ്ധന്മാരും ഖണ്ഡിതമായി അഭിപ്രായപ്പെട്ടുന്നതു്.

* * * *

സാൻസിബാർ ഇൻഡ്യാക്കാരുടെ ന്യായമായ അവകാശവാദങ്ങളെ അംഗീകരിക്കാഞ്ഞതിന്റെ ഫലമായി കാൺഗ്രസ്കാരുടെ നേതൃത്വത്തിൽ ഇൻഡ്യയിൽ സാൻസിബാർ ഗ്രാമ്പു ബഹിഷ്കരണം ആരംഭിച്ചതും ഗ്രാമ്പൂ ഇൻഡ്യയിൽ ഒരിടത്തും ഇറക്കുവാൻ സാധിക്കാതെ ഉടമസ്ഥന്മാർ മദ്രാസ് ബാംബെ തുറമുഖങ്ങളിൽ വച്ചു വിഷമിച്ചതുമായ വസ്തുത പ്രസ്താവിച്ചിട്ടുള്ളതാണല്ലൊ. ബഹിഷ്ക്കരണം കുറിക്കുകൊള്ളുക തന്നെ ചെയ്തു. സാൻസിബാർ ഇൻഡ്യാക്കാരുടെ അവകാശങ്ങൾ യഥാവിധി ആദരിക്കാമെന്നു അവിടത്തെ ഗവമ്മെണ്ടു സമ്മതിച്ചിരിക്കുന്നു. കോൺഗ്രസ്വക്കിംഗ്കമ്മററിക്കും ഈ തീരുമാനം ആദരണീയമായിത്തോന്നുന്നതിനാൽ ബഹിഷ്ക്കരണപ്രസ്ഥാനത്തിനു വിരാമമിടുവാൻ തീർച്ചയാക്കിയിരിക്കുന്നു. ബഹിഷ്ക്കരണസംരംഭത്തിന്റെ ചാർജ്ജുവഹിച്ചിരുന്നതും അതു വിജയപൂർവ്വം നയിച്ചതും സർദാർ പട്ടേലായിരുന്നു.

* * *

സിലോൺ, പെനാങ്ങ് വിദൂരപൂർവ്വദേശത്തിലെ മററു കേന്ദ്രങ്ങൾ എന്നീ സ്ഥലങ്ങളിലേക്ക് വ്യോമശക്തിയിൽപെട്ട വിമാനപംക്തികളെ അയയ്ക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു വരുന്നു. സമുദ്രത്തിനക്കരെയുള്ള സ്റ്റേഷനുകളിലേക്കയയ്ക്കാൻ കൂടുതലായി പന്ത്രണ്ടു വിമാനസംഘങ്ങളുണ്ടാക്കണമെന്നു 1936-ൽ ചെയ്ത നിശ്ചയമനുസരിച്ചാണു ഈ സമാരംഭം. സിംഗപ്പൂർ, ഈജിപ്തു് കെനിയാ എന്നീ സ്ഥലങ്ങളിലേക്കു വിമാനദേസനകളെ നിയോഗിച്ചുകഴിഞ്ഞു. ഈയിടെ ഈജിപ്തിലേക്കു അയക്കപ്പെട്ട വിമാനങ്ങൾ ഇസ്മാലിയാ, ഹെൽവാൻ, ഹീലിയോപ്പൊലീസ് എന്നീ സ്ഥലങ്ങളിൽ വിന്യസിക്കപ്പെട്ടും.

---

## അറിയിപ്പ്

ലേഖനങ്ങൾ മാററപ്പത്രങ്ങൾ മുതലായവ പത്രാധിപർ, നവജീവൻ, പേട്ട, തിരുവനന്തപുരം എന്ന മേൽവിലാസത്തിലും പത്രത്തിനും ഏജൻസിയ്ക്കും ഉള്ള അപേക്ഷകൾ, തൽസംബന്ധമായ മണിയാർഡറുകൾ മുതലായവ **മാനേജർ, കൗമുദി** (Sole Agents for Navajeevan) **തിരുവനന്തപുരം** എന്ന മേൽവിലാസത്തിലും അയച്ചിരിക്കേണ്ടതാണു്.

മാനേജർ,
നവജീവൻ

# തെററിദ്ധാരണ—അതിൻെറ ഫലം

അമേരിക്കൻ അസോഷ്യേററഡ് പ്രസ്സിൻെറ പ്രതിനിധിയായ മി. മിൽസ്, തൻെറ ചൈനാസന്ദർശനം കഴിഞ്ഞു തിരിച്ചു ബാംബെയിലെത്തിയ സന്ദർഭത്തിൽ ചെയ്ത ഒരു പ്രസ്താവനയിൽനിന്ന്:—

ജപ്പാൻ കീഴടങ്ങാതെ ഒരു വഷം കൂടെ എതിർത്തു നിൽക്കുന്നതിന ചൈനായ്ക്കു സാദ്ധ്യമാണെങ്കിൽ, ജപ്പാൻ സാമ്പത്തികമായി അപ്രതിരോദ്ധ്യമായ അധ:പതനം നേരിടുമെന്ന ചൈനായിലെ വിദേശികളായ സൈനികാധികൃതർ അഭിപ്രായപ്പെടുന്നു. ചൈനാ ജപ്പാൻ സമരം ജപ്പാൻ ഖജനാവുകളിലെ 700 കോടി യെൻ ചെലവഴിച്ചുകളഞ്ഞു. ജപ്പാൻെറ രണ്ടുകൊല്ലത്തെ വരവ് ഇത്രത്തോളമില്ലെന്ന നാം വ്യക്തമായി മനസ്സിലാക്കേണ്ടതാണ്. ജപ്പാൻ ഗവമ്മെണ്ടു വിനിമയനിരക്കിൽ ഏപ്പെടുത്തിയ നിയന്ത്രണങ്ങൾ, ജപ്പാൻെറ വിദേശവ്യാപാരത്തെ ക്ഷയിപ്പിക്കുവാൻ കാരണമായിത്തീൻ. ജപ്പാനിൽ പ്രവത്തനം നടത്തിക്കൊണ്ടിരുന്ന ബ്രിട്ടീഷ് അമേരിക്കൻ വ്യവസായ സ്ഥാപനങ്ങളിൽ മിക്കവാറും അവരുടെ ഇടപാടുകൾ അവസാനിപ്പിച്ചു.

ജപ്പാൻ ഭീമമായ ഒരബദ്ധം പിണഞ്ഞു. ചൈനീസ് പടയാളികളുടെ ആയോധനശക്തിയെ അവഗണിക്കയും അതു വളരെ താണനിലയിലുള്ളതാണെന്ന ജപ്പാനീസ് സൈനികോദ്യോഗസ്ഥന്മാർ പുഛിക്കയും ചെയ്തു. ചൈനായെ നിശ്ശേഷം അടിപെടുത്തുന്നതിന മൂന്നുമാസം തികച്ചു വേണ്ടിവരികയില്ലെന്ന് അവർ കരുതി. എന്നാൽ സമരം ഒൻപതാമത്തെ മാസത്തിൽ പ്രവേശിച്ചുകഴിഞ്ഞു. ഇപ്പോഴും അതിൻെറ അവസാനം സമീപിച്ചുവെന്നതിന് ഒരു സൂചനയുമില്ല.

മാർഷൽ ചിയാങ്ങ് കൈഷക്കിന് ഇപ്പോൾ ചൈനായിലുള്ള സ്വാധീനവും അധികാരശക്തിയും, അതിൻെറ പാരമ്യത്തിലെത്തിയിരിക്കയാണെന്നതിന രണ്ടുപക്ഷമില്ല. അദ്ദേഹം ചൈനായുടെ ദേശീയനേതാവായ്ത്തീന്നതിന ശേഷം, നാളതുവരെയും ഇത്രത്തോളം ജനസ്വാധീനം അദ്ദേഹത്തിന ലഭിച്ചിട്ടില്ല. സുശിക്ഷിതരായ മുപ്പതുലക്ഷംപേരടങ്ങിയ ഒരു സൈന്യസമൂഹം അദ്ദേഹത്തിനുണ്ട്. അവക്കാവശ്യമായ യുദ്ധോപകരണങ്ങളും അവർ ഒരുക്കീട്ടുണ്ട്. ഈ വഷാവസാനത്തിന മുമ്പ് ഒരു നാല്പതുലക്ഷം ഭടന്മാരെക്കൂടെ സമരസന്നദ്ധരാക്കുവാൻ അദ്ദേഹത്തിന സാധിക്കും. ജമ്മൻകാരായ സൈനീകവിദഗ്ദ്ധന്മാരുടെ പ്രത്യേകമേൽനോട്ടത്തിൽ അവക്ക് പരിശീലനം നൽകിവരുന്നു. സുദീർഘമായ ഒരു സമരം നടത്തുന്നതിന് ആവശ്യമായ പണം ചൈനയുടെ കൈവശമുണ്ടെന്ന തോന്നുന്നു. വിദേശരാജ്യങ്ങളിൽനിന്ന കടം വായ്പകൾ വാങ്ങുന്നതിന ചൈനായ്ക്കു ഒരു പ്രയാസവും നേരിടുന്നില്ല. ജപ്പാൻെറ അവസ്ഥയോ നേരെ മറിച്ചാണ്. ഒരു കാശുപോലും അവക്കു പുറത്തു നിന്ന കിട്ടുകയില്ല. ജപ്പാനിൽ ആഭ്യന്തരമായി മാത്രം നടത്തിയ അനേകം കടമെടുപ്പുകൾ ആണ് ജപ്പാൻസൈന്യത്തെ പുലത്തിക്കൊണ്ടിരിക്കുന്നതു്. രാഷ്ട്രീയബന്ധമുള്ള ജമ്മനി, ഇററാലി എന്നീ രാജ്യങ്ങളിൽ നിന്നുപോലും ജപ്പാന സാമ്പത്തികമായ യാതൊരു സഹായവും നാളതുവരെ ഉണ്ടായിട്ടില്ല.

## ചൈനായ്ക്കു റഷ്യയുടെ സഹായം

വിമാനങ്ങൾ ടാംകുകൾ തുടങ്ങിയ സമരോപകരണങ്ങൾ ധാരാളമായി നൽകി സോവിയററുറഷ്യ ചൈനായെ സഹായിച്ചു വരുന്നു. പക്ഷെ അവയുടെയെല്ലാ വിലയും ഒരു കാശും കുറയ്ക്കാതെ റഷ്യ വാങ്ങുന്നുമുണ്ട്. ഏകദേശം നാന്നൂറോളം യുദ്ധവിമാനങ്ങൾ ചൈനാ റഷ്യയോടുവാങ്ങി. അവയെല്ലാം നിയന്ത്രിക്കുന്നതു് സന്നദ്ധഭടന്മാരായ റഷ്യൻ പൈലട്ടുകളാണ്. കഴിഞ്ഞ രണ്ടുമാസക്കാലത്തു ജപ്പാൻ വിമാനസേനയ്ക്കു പലവിധ കഷ്ടനഷ്ടങ്ങളും വരുത്തിവയ്ക്കുന്നതിന് അവ കാരണമായിത്തീന്നു.

ചൈനായുടെ ഇപ്പോഴത്തെ തലസ്ഥാനമായ ഹാങ്കോ നഗരിയിൽ ആക്രമണം നടത്തുന്നതിന ശ്രമിച്ച ജപ്പാൻ വിമാനങ്ങളിൽ പത്തുണ്ടെണ്ണം ചൈനീസ് വിമാനസംഘത്തിൻെറ വെടിയേററു നിലംപതിക്കുന്നതു ഞാൻ കണ്ടു. ആ ചൈനീസ്‌വിമാനങ്ങളിൽ പലതും ഓടിച്ചുകൊണ്ടിരുന്നതു റഷ്യൻ പൈലട്ടുകളായിരുന്നു. സമരാരംഭത്തിനശേഷം ചൈനീസ് വിമാനങ്ങൾ ഏകദേശം 450-ൽ പരം ജപ്പാൻവിമാനങ്ങളെ നശിപ്പിച്ചുവെന്ന ബ്രിട്ടീഷ് അമേരിക്കൻ സൈനികവിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ തങ്ങളും അത്രയും ചൈനീസ് വിമാനങ്ങൾ നശിപ്പിച്ചു എന്നു ജാപ്പനീസ് സൈനികാധികൃതരും വമ്പുപറയുന്നു.

## മൃതിയടഞ്ഞവർ


ചൈനാ—ജപ്പാൻ സമരഫലമായി മൃതിയടഞ്ഞവരും പരുക്കേററവരും ഉൾപ്പെടെ 6 ലക്ഷം ചൈനാക്കാരും മൂന്നരലക്ഷം ജപ്പാൻകാരുമുണ്ടെന്ന കണക്കാക്കപ്പെട്ടിരിക്കുന്നു. സമരത്തിൽ പങ്കെടുക്കാതെ മൃതിയടഞ്ഞ ൨ ലക്ഷം പേരെ ഇതിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ചൈനാസമരം ഹേതുവാൽ ജപ്പാൻ ഒരുകാര്യം സാധിച്ചു. ചൈനായിലെ 40കോടി ജനങ്ങളെ ഏകാഭിപ്രായക്കാരാക്കുവാൻ ജപ്പാൻ പ്രേരിപ്പിച്ചു. അനേകം ശതാബ്ദക്കാലത്തെ ചൈനീസ് ചരിത്രത്തിലേക്കു കണ്ണോടിച്ചുനോക്കുന്നപക്ഷം ചൈനാക്കാരെ സംഘടിപ്പിക്കുവാൻ ഇത്രമാത്രം സഹായകമായ ഒരു സന്ദർഭവും നാളതുവരെയും സംജാതമായിട്ടില്ല. തങ്ങളുടെ സ്വാതന്ത്ര്യവും, വസ്തുവകകളും, ജീവിതംതന്നെയും പണയത്തിലായെന്ന ബോദ്ധ്യമായപ്പോൾ, ചൈനീസ് ജനതയെല്ലാം അവരുടെ അഭിപ്രായവ്യത്യാസങ്ങളെല്ലാം മറന്ന മാർഷൽ ചിയാങ്ങ് കൈഷക്കിൻെറ ചുററും കൂടി. സ്ത്രീജനങ്ങൾ പോലും അവരാലായതു സഹകരിച്ചുകൊണ്ടിരുന്നു. അവരും പെൺസംഘങ്ങൾ ചേൻ രണാങ്കണങ്ങളിൽ ഇറങ്ങി പുരുഷന്മാരോടൊപ്പം തോളോടു തോൾ ചേർന്നുനിന്ന സധൈര്യം സമരം നടത്തുന്നു.

നമുക്ക് ഇപ്പോഴത്തെ സമരസ്ഥിതികളെപ്പററി അന്വേഷിക്കാം. ഏകദേശം 3 ലക്ഷം ജപ്പാൻ ഭടന്മാരും ആറുലക്ഷത്തോളം ചൈനീസ് പടയാളികളും ലുഗേ റെയിൻവെ സമരമുഖങ്ങളിൽ ഘോരസമരം നടത്തുന്നുവെന്ന വിദേശികളായ സൈനിക വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു. ചൈനാക്കാർ ഏററവും സുശക്തമായ കാവൽ ഏർപ്പെടുത്തിയിട്ടുള്ള ഭൂവിഭാഗം അതാണ്. അവിടെയും ജർമ്മൻ വിദഗ്ദ്ധന്മാരുടെ പിൻതുണ അവർക്കു ലഭിക്കുന്നുണ്ട്. വിസ്മയ ജനകമായ ഒരു പരമാർത്ഥം നമുക്കവിടെ കാണാം. ജർമ്മനി, കമ്മ്യൂണിസത്തിനെതിരായി ജപ്പാനോടു സഹകരിക്കാമെന്നു സമ്മതിച്ച് ഒപ്പുവെച്ചിട്ടുള്ള രാജ്യങ്ങളിൽ ഒന്നാണെങ്കിലും ചൈനായ്ക്കു യുദ്ധോപകരണങ്ങൾ ധാരാളമായി വിതരണം ചെയ്യുന്ന രാജ്യങ്ങളിൽ ഒന്നാണതു്. ചൈനീസ് നേതാക്കന്മാർക്കു ജമ്മൻ വിദഗ്ദ്ധന്മാർ നൾകിക്കൊണ്ടിരിക്കുന്ന സഹായങ്ങൾ എത്രത്തോളമാണെന്ന പറഞ്ഞറിയിക്കുവാൻ പ്രയാസം.

ഞാൻ ഹാങ്കോ വിട്ട സമയത്തു മാർഷൽ ചിയാങ്ങ് കൈഷക്ക് എന്നോടിങ്ങനെ അഭിപ്രായപ്പെടുകയുണ്ടായി. "ആമോയി ദ്വീപ് കൂടെ ഉൾപ്പെടുന്ന ദക്ഷിണചൈനാ കൈവശപ്പെടുത്തുന്നതിന പത്തു സൈന്യവിഭാഗങ്ങളെക്കൂടെ ജപ്പാൻ അയയ്ക്കേണ്ടയാവശ്യമുണ്ട്. ഉത്തരചൈനായിലെ ജപ്പാനീസ് ശക്തിക്കു സാരമായ ലാഘവം നേരിടാതെ അത്രയും സൈന്യവിഭാഗങ്ങളെ ദക്ഷിണഭാഗങ്ങളിലേയ്ക്കയയ്ക്കുവാൻ ജപ്പാന സാദ്ധ്യമാകയില്ല."

## ചൈനയുടെ വിജയരഹസ്യം

ചൈനയ്ക്കു് ഈയിടെയുണ്ടായ വിജയങ്ങളുടെ എല്ലാം കാരണം പാത്തും പതുങ്ങിയും ആക്രമണം നടത്തുന്ന ചൈനീസ് രഹസ്യസൈന്യനരകളുടെ ശ്രമങ്ങളാണെന്ന പറയുന്നതിൽ ആക്ഷേപമില്ല. റെയിൽവേ സമരമു



ഇംഗ്ലണ്ടു് ഫ്രാൻസിനോടു—പശുവിൻെറ അകിടെല്ലാം വറണ്ടല്ലോ; പിന്നെന്തിനാണ് അവർ കൈവശാവകാശത്തിനവേണ്ടി കോലാഹലം കൂട്ടുന്നതു്.

# അരന്തുററാണ്ടു്

## സി. വി. കുഞ്ഞുരാമൻ

അരന്തുററാണ്ടിനു മുമ്പു ആരംഭിക്കുന്ന ഒരു കഥയാണു ഞാൻ പറയാൻ ആരംഭിക്കുന്നതു്. അന്നത്തെയും ഇന്നത്തെയും സ്ഥിതികൾക്കു തമ്മിലുള്ള വ്യത്യാസം! ശിവ! ശിവ! എങ്കിലും അന്നും ഇന്നും എന്നും ഭേദപ്പെടാത്ത നരകജീവിത നാടകത്തിന്റെ വ്യത്യാസമില്ലായ്മ! ശിവ! ശിവ!

കൊല്ലം 1046 കുംഭമാസത്തിലെ തീയതി നിശ്ചയമില്ലാത്ത ഒരു ഞായറാഴ്ചയും മകവും കൂടിയ ദിവസമാണു് ഞാൻ ഭൂലോകജാതനായതു്. അമ്മപറഞ്ഞും, വളരെനാൾ മുമ്പേ നഷ്ടപ്പെട്ടുപോയ ജാതകം—നഷ്ടജാതകമല്ല—നോക്കിയുള്ള ഓർമ്മകൊണ്ടു ഇതു പറയുന്നതാണു്. അമ്മയും ജാതകവും അന്നത്തെ പഞ്ചാംഗവും ഇപ്പോൾ ഇല്ലാത്തതുകൊണ്ടാണു് തീയതി നിശ്ചയമില്ലാതെ വന്നതു്. കഥയെഴുതാൻ ആലോചിച്ചുകൊണ്ടു എന്റെ ജന്മത്തിൽ സൂതികർമ്മം നടത്തിയ വന്ദ്യവയോധികയോടു അന്നത്തെ വിശേഷങ്ങൾ ചോദിച്ചറിയാൻ ഞാൻ ശ്രമിക്കാതിരുന്നില്ല. ആ മുത്തശ്ശി ഊഹിച്ചു ചില കാര്യങ്ങൾ പറയുന്നുണ്ടു്. അട്ടക്കളസ്മൃതിയിലെ ജാതകർമ്മവിധികൾ പലതും മററു സ്മൃതികളിലെപ്പോലെ വിസ്മൃതിയിലാകാറായിരിക്കുന്ന കാലമാണു്. എങ്കിലും പഴമക്കാർ ചിലതൊക്കെ ഇപ്പോഴും ഓർക്കുന്നുണ്ടായിരിക്കാം. തറവാട്ടിൽ സന്താനം—എന്നു പറഞ്ഞാൽ മലയാളത്തറവാട്ടിൽ സ്ത്രീസന്താനം എന്നു അർത്ഥമാകുമല്ലോ—അമ്മയല്ലാതെ ആരും ഇല്ലാതിരുന്നതിനാൽ അമ്മപെററിട്ടൊരു പെൺകുഞ്ഞിനെ കാണണമെന്നുള്ള മോഹം എല്ലാവർക്കും ഉണ്ടായിരുന്നു. അതിനായി വഴിപാടുകൾ പലതും നേർന്നുനിന്നിരുന്ന അച്ഛനമ്മാവന്മാർ സൂതികാഗൃഹത്തിൽ ഗർഭവ്യാകുലതകൊണ്ടുള്ള കുന്ഥനം കേട്ടുതുടങ്ങിയ ഉടനെ സന്തതി പെൺകുഞ്ഞുതന്നെ എന്നു തീർച്ചയാക്കിക്കൊണ്ടു മാപ്പടിക്കാൻ മടലുകളുമേന്തി സന്താനഗോപാലത്തിലെ അർജ്ജുനന്റെ മാതിരി സന്നദ്ധരായിനിന്നു നിരാശപ്പെട്ട കഥ മുത്തശ്ശി വിസ്തരിച്ചുപറഞ്ഞു. ചെന്തെങ്ങിലെ കരിക്കും, പൊന്നും, ഗോരോചനയും, പഞ്ഞിപ്പാലിനു ഒരുക്കിവച്ചിരുന്ന കഥയും വിസ്തരിച്ചു. കന്നമ്മമുറിയിലെ പത്തായത്തിൽ നിന്നു കുഞ്ഞുരുമ്പക്കൊച്ചമ്മ കാക്കവിളക്കുമായി പഞ്ഞി എടുക്കാൻ പോയപ്പോൾ ഇടമുടി വീണു കാലിന്റെ കിണ്ണിവിരൽ മുറിഞ്ഞതും ആ മുറിവിൽ കൂടി കിണ്ടിവാലേന്നു വെള്ളം ചാടും പോലെ 'ശ്രൂ' ന്നു ചോര പാട്ടുട്ടതും മുറിവെച്ചു കെട്ടാനുള്ള ബദ്ധപ്പാടിൽ അമ്മാവൻ പഴന്തുണി എടുക്കുന്നതിനു പെട്ടി തുറന്നു താക്കോലൊടിച്ചതുമായ സംഭവങ്ങളെല്ലാം ഇന്നലെ നടന്നതുപോലെ ചാക്യാരെയും തോൽപ്പിക്കുന്ന ചാതുര്യത്തോടു കൂടി പറഞ്ഞു. ഇവയൊക്കെയിലും വിശേഷമായിട്ടൊരു സംഭവമുണ്ടായതു വിസ്തരിക്കാൻ മുത്തശ്ശിക്കു ചിരികൊണ്ടു വളരെ വിഷമത നേരിട്ടു.

അമ്മയുടെ ഗർഭകാലത്തു അമ്മമാർ തമ്മിൽ ലക്ഷണ ശാസ്ത്രം കൊണ്ടു കുഞ്ഞു ആണോ, പെണ്ണോ എന്നു വലിയ തർക്കം നടന്നിരുന്നു. സൂതികാമുത്തശ്ശിയുടെ കുഞ്ഞുണിക്കാളി നാത്തുൻ വാതു കെട്ടിയിരുന്നതനുസരിച്ചു കുഞ്ഞു ആണെന്നറിഞ്ഞപ്പോൾ ആ നാത്തുൻ ഉത്സാഹമായി കുരവയിട്ടു വാ മേലോട്ടു കൊണ്ടുപോയി തലമലത്തി തമ്പലംവിഴുങ്ങിപ്പോയി. കുഞ്ഞുണിക്കാളി നാത്തുന്റെ കൊക്കലും കൊക്കയിലുമെല്ലാം മുത്തശ്ശി മോണമുഴുവൻ വിടുർത്തിച്ചിരിച്ചുകൊണ്ടു അഭിനയിക്കുന്നതു കണ്ടാൽ നടനകല ഭരതമുനി മുത്തശ്ശിയോടു പഠിക്കണമെന്നു ആരും അഭിപ്രായപ്പെടും. ഇത്രയൊക്കെ കൃത്യമായി സംഗതി ഓർമ്മിച്ചുവച്ചിരുന്ന മുത്തശ്ശിയെ എങ്ങനെ ക്രാസ്ചെയ്തിട്ടും തീയതി അറിവാൻ കഴിഞ്ഞില്ല. കുംഭമാസത്തിലെ മകമെന്നു നക്ഷത്രം നിശ്ചയമുണ്ടെങ്കിലും അന്നു ചന്ദ്രനെ കണ്ടോ ഇല്ലയോ എന്നു എത്ര കുത്തിച്ചു ചോദിച്ചിട്ടും മുത്തശ്ശിക്കു നല്ല നിശ്ചയമില്ല. കുംഭമകവും പൂർണ്ണചന്ദ്രനും കൂട്ടുകാരാണെന്നു അറിയുന്ന ജ്യോത്സ്യന്മാരാരും മുത്തശ്ശിയുടെ അജ്ഞതയെ അപഹസിക്കരുതു്. ചന്ദ്രനെ മറക്കുന്നതും നക്ഷത്രത്തെ ഓർമ്മിക്കുന്നതും മുത്തശ്ശിമാരുടെ ഓർമ്മശക്തിയുടെ ഒരു വിശേഷമാണു്.

ജാതകർമ്മാമുതൽ എഴുത്തിനിരുത്തിയ കാലം വരെയുള്ള എന്റെ ജീവിതകഥ എത്ര ഓർമ്മിച്ചുനോക്കിയിട്ടും എന്റെ ഓർമ്മയിൽ വരുന്നില്ല. എങ്കിലും ആ അഞ്ചുസംവത്സരവും ഞാൻ ജീവിച്ചിരുന്നു എന്നുള്ളതു നിശ്ചയംതന്നെ. ഇജ്ജന്മത്തിലെ കഥതന്നെ ഇങ്ങനെ വിസ്മൃതിയിലാകുമ്പോൾ അതീത ജന്മങ്ങളിലെ കഥകളൊന്നും ഓർമ്മവരാതെ പോകുന്നതു ആശ്ചര്യമാണോ എന്നു ജന്മാന്തരവാദികൾ ചോദിക്കുന്നതു ന്യായമായ ഒരു ചോദ്യം തന്നെയെന്നു സമ്മതിക്കാതെ തരമില്ല. ഈ എന്റെ അഞ്ചുകൊല്ലത്തെ ജീവിതം എനിക്കു പ്രത്യക്ഷമായി കണ്ടറിവാൻ ഇടവന്നിട്ടുള്ള മററു കുഞ്ഞുങ്ങളുടെ ജീവിതംപോലെയായിരുന്നു എങ്കിൽ ഏതാണ്ടൊക്കെ ചിലതു ഊഹിച്ചു പറവാൻ കഴിയുന്നതാണു്.

ജന്മാന്തരഫലമായിട്ടോ, മനുഷ്യബുദ്ധിക്കു ദുരവഗാഹമായ നിയതിയുടെ നിഗൂഢകല്പന അനുസരിച്ചോ "മാതൃകുംഭീനരകേ" കുറയാതെ പത്തുമാസക്കാലം ശംബൂകനെപ്പോലെ തലകീഴായി തപസ്സുചെയ്തശേഷമാണു ഞാൻ 'പുണ്യപുമാനായി "ഭൂലോകജാതനായതു്."' എന്നുള്ളതിനു സംശയമില്ല. ആ പത്തുമാസക്കാലവും നിശ്വാസനായി നിരാഹാരനായി ഞാൻ ചെയ്ത തപസ്സിനു തുല്യം ഇന്ദ്രിയനിഗ്രഹത്തോടുകൂടിയ തപസ്സ് യാതൊരു താപസനും ചെയ്തിരിക്കയില്ല. എല്ലാ മനുഷ്യരും ചെയ്യുന്ന ഈ തപസ്സിന്റെ യോഗശാസ്ത്ര വിധികളൊന്നും ജടാജൂടത്തിന്മേൽ ആലു കുരുത്തിട്ടും താടിയിൽ ഊക്കുരുവി കൂടുകെട്ടിയിട്ടും അറിയാതിരുന്ന പുരാണ മഹർഷിമാരാരും തന്നെ അറിഞ്ഞിട്ടുള്ളതല്ല. പതഞ്ജലി മഹർഷിക്കും അതറിഞ്ഞുകൂടാ. അക്കാലത്തെ ബോധാതീത സമാധിക്കു ഭംഗം വരാതെ എന്നെ കാത്തു സൂക്ഷിച്ച ജനനിയെ നമസ്കരിക്കുവാൻ "ആസ്താംതാവദിയാം" എന്നു തുടങ്ങുന്ന ശ്ലോകം നിർമ്മിച്ച കവി ഞാനല്ലല്ലോ എന്നുള്ള മനസ്താപം ഈ ജന്മത്തിൽ എന്നെ വിട്ടു പിരിയുന്നതല്ല.

ഭൂലോകജാതനായ ശേഷം ഏതാനും ദിവസത്തേക്കു എന്നെ ആകാശത്തിലൊ ഭൂമിയിലൊ ഉള്ളരമണീയങ്ങളായപ്രകൃതിവിലാസങ്ങളൊന്നും കാണിക്കാതെ സൂതികാഗൃഹത്തിൽ തന്നെ ഒരു ബന്ധനസ്ഥനെപ്പോലെ താമസിപ്പിച്ചിരിക്കും എന്നു ഈററില്ലച്ചട്ടത്തിൽ നിന്നു ഞാൻ ഊഹിക്കുന്നു. എന്നാൽ ആകാശത്തിലും ഭൂമിയിലുമുള്ള രമണീയവസ്തുക്കളിൽ വച്ചു ഏററവും രമണീയങ്ങളായവയെ നിർബാധമായി കാണ്മാനുള്ള അവസരം അന്നായിരുന്നു എനിക്കു ലഭിച്ചിരുന്നതെന്നു തോന്നുന്നു. ഗോപസ്ത്രീകളാൽ ലാളിതനായ നന്ദഗോപശിശുവിനും എനിക്കും തമ്മിൽ എന്തായിരുന്നു അന്നു വ്യത്യാസമെന്നു എത്ര ആലോചിച്ചിട്ടും മനസ്സിലാക്കാൻ കഴിയുന്നില്ല. 'വരുന്നഗോപാലനിതംബനീനാം കരം പകന്നു' അദ്ദേഹം വിളങ്ങിയതുപോലെ ഞാനും എത്രയോ നിതംബിനികളുടെ കരകമലങ്ങളിൽ വിളങ്ങിയിരിക്കണം. ശയ്യയിൽ കിടന്നു കൈകാലുകൾ കുടഞ്ഞു കളിച്ചുകൊണ്ടിരുന്ന എന്റെ നയനകുവലയങ്ങളെ എത്രയോ സുന്ദരികൾ അവരുടെ ചന്ദ്രബിംബങ്ങളിൽ നിന്നു പുനിലാവുകൾ പൊഴിച്ചു വികസിപ്പി

---

ഖങ്ങളിൽ ജപ്പാൻ നിരകളുടെ മുൻഭാഗങ്ങളിൽകൂടിയും പിൻവശത്തുകൂടിയും അവർ നിനച്ചിരിയാത്ത ആക്രമണം നടത്തും. ഹോങ്കോങ്ങ്, ഫ്രഞ്ചു, ഇൻഡോചൈനാ, സയാം, സിംഗപ്പൂർ ഡച്ചീസ്റ്റിൻഡീസ് മുതലായ പ്രദേശങ്ങളിൽ ഞാൻ നടത്തിയ അന്വേഷണങ്ങളുടെ ഫലമായി എനിക്കു പല കാര്യങ്ങൾ ബോദ്ധ്യമായി. ജപ്പാന്റെ ആക്രമണം ദക്ഷിണഭാഗങ്ങളിലേക്കു വ്യാപിക്കുമെന്നു ഭീതി അവർക്കാർക്കുമില്ല. സമരാരംഭകാലങ്ങളിൽ അവർക്ക് അല്പാല്പമായുണ്ടായിരുന്ന ഭീതിയും ഇപ്പോൾ മാറിയിരിക്കയാണു്. ഇൻഡ്യാ, സിലോൺ എന്നീ രാജ്യങ്ങൾക്കു ജപ്പാൻകാരെ അശേഷം ഭയപ്പെടേണ്ടതില്ല. ചൈനായിൽ ജപ്പാൻ സ്വയം ഏറെറടുത്തിട്ടുള്ള ഉത്തരവാദിത്വങ്ങളുടെ വൈപുല്യം വേറെ യാതൊന്നിനും തലയിടുവാൻ ജപ്പാനെ അനുവദിക്കാത്തവിധം അത്രമാത്രം ഭീമമാണു്.

അതും പോരാഞ്ഞിട്ടു്, ഒരു സൈനിക ശക്തിയെന്ന നിലയിൽ ജപ്പാനുള്ള ശക്തിയെ വിദേശ രാജ്യങ്ങളെല്ലാം വളരെ പർവ്വതീകരിച്ചാണു മനസ്സിലാക്കിയിട്ടുള്ളതെന്ന് ചൈനായിലെ വിദേശികളായ സൈനിക, നാവിക, വിമാനവിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു. പ്രതീക്ഷിച്ചിരുന്നതിൽ വളരെ കുറച്ചു് കാര്യക്ഷമത മാത്രമെ അവർക്കുള്ളു. ജപ്പാന്റെ ഭാവിയെപ്പററി അമേരിക്കയോ, ഇംഗ്ലണ്ടോ, ഒന്നാംകിടയിൽ നിൽക്കുന്ന വേറേതെങ്കിലും രാജ്യമോ അല്പം പോലും ഭയപ്പെടേണ്ടയാവശ്യമില്ലെന്നുപോലും ചില വിദഗ്ദ്ധന്മാർ പ്രസ്താവിക്കുന്നുണ്ടു്.

ജപ്പാൻ സൈന്യങ്ങൾ ചൈനായിൽ വിഷവാതക പ്രയോഗം ആരംഭിക്കുന്നപക്ഷം, ചൈനീസ് വിമാനസേന, ജപ്പാൻ നഗരങ്ങളിൽ ബോംബുവർഷം ചെയ്യുന്നതിനു പ്രേരിതരായിത്തീരുമെന്നു പറയപ്പെടുന്നു. ടോക്കിയോ മുതലായ വൻപട്ടണങ്ങൾ നശിപ്പിക്കുന്നതിന് സോവിയററു റഷ്യൻ പൈലട്ടുകളുടെ സഹായത്തോടുകൂടെ ചൈനീസ് വിമാനങ്ങൾ ശ്രമിക്കുമെന്നു നിഷ്പക്ഷ നിരീക്ഷകരായ വിദേശികൾ നിർവിശങ്കം അഭിപ്രായപ്പെടുന്നു."

——



മഹാത്മാഗാന്ധി ബാംബെ പ്രധാനമന്ത്രി ബി. ജി. ഖേറിനോടുകൂടി പ്രഭാതസഞ്ചാരത്തിൽ

ച്ചിരിക്കണം. അവരുടെ പ്രസന്നങ്ങളായ നയന നക്ഷത്രങ്ങളിൽ ഞാൻ ബ്രഹ്മാണ്ഡത്തിൻെറ ആഴം അന്ന പക്ഷെ കണ്ടറിഞ്ഞിരിക്കാം. അമ്മയുടേയൊ സഹോദരിയുടേയൊ ഹൃദയത്തിൽനിന്ന പുറപ്പെടുന്ന അമൃതമയമായ ദിവ്യസ്നേഹമല്ലാതെ ആ സുന്ദരനയനങ്ങളിൽ ഞാൻ അന്ന മറെറാന്നും കണ്ടിരിക്കയില്ല. ഹാ! പുത്രദിവ്യവും സുന്ദരവും പരിശുദ്ധവുമായ ഒരു വസ്തുവാണ മനുഷ്യഹൃദയം! സകല ജീവികൾക്കും സ്വർഗ്ഗാനന്ദം നൾകുന്ന സ്നേഹത്തിൻെറയും കരുണയുടെയും ഒരിക്കലും പററിപ്പോകാത്ത ഉറവകളായിട്ടാണ് ദൈവം അവയെ നിർമ്മിച്ചതു്. ലോകം എന്തെന്ന അറിവാനുള്ള തൻെറ ടമുണ്ടാക്കുന്ന "ജ്ഞാനവൃക്ഷത്തിൻെറ കനി" തിന്നുതുടങ്ങിയ ശേഷമാണ് ശൃംഗാര വീരാത്ഭുതാദി മററു രസങ്ങൾകൂടി അതിൽ കലർന്ന ലോകം ഇപ്പോഴത്തെ ലോകമായതു്.

സുന്ദരിമാരുടെ കരപത്മങ്ങളിലെന്നപോലെതന്നെ "മലമയി"യായ ശയ്യയിലും അഭേദബുദ്ധിയോടുകൂടിത്തന്നെ ഞാൻ പ്രപഞ്ചലീല നടത്തിയിരിക്കണം. മുത്തശ്ശി എന്നെ പാളയിൽ കിടത്തി കുളിപ്പിച്ചപ്പോഴും കൈകാലുകളുടെ വളവു തീക്കാൻ അവയെ തമ്മിൽ പിണച്ചു തടവും പിഴിച്ചിലും നടത്തിയപ്പോഴും അണ്ണാക്കെട്ടുക്കാൻ വായിൽ വിരലിട്ടു ജിംനാസ്റ്റിക്സ് നടത്തിയപ്പോഴും കുളിപ്പിച്ചെടുത്തു മടിയിൽ വച്ചു ഉച്ചിയിലൂതിയും മൂക്കിലൂറിയും നീർദോഷം പോക്കിയപ്പോഴും ഞാൻ കരഞ്ഞിട്ടുണ്ടെങ്കിൽ സുഖസ്വപ്നത്തിലെ നിഷ്ഠീവനങ്ങളായി അവയെല്ലാം ഞാനും മററുള്ളവരും അന്നന്നു തന്നെ മറന്നു കഴിഞ്ഞിരിക്കുന്നു.

അഞ്ചു വയസ്സുവരെ ഞാൻ അജ്ഞാതവാസമല്ല ചെയ്തതെങ്കിലും അന്നത്തെ എൻെറ ജീവിതകഥ ഓർമ്മിക്കുന്നവരായി ആരും ഇപ്പോൾ ശേഷിച്ചിട്ടില്ല. ആ സ്ഥിതിക്കു ഓർമ്മിച്ചാൽ വല്ലതും വരുമായിരിക്കുമെങ്കിലും ഞാനും അതു മറന്നുകളകതന്നെ ചെയ്യട്ടെ.

(തുടരും)

---

# സമർത്ഥനായ ഒരു ജഡ്ജി

## അതിഭയങ്കരനായ ഒരു തസ്കരൻ

മോഷണം ഒരു വലിയ വിനോദമോ?

റുമേനിയായിൽ ബുക്കാറസ്റ്റ് നഗരത്തിൻെറ ഏററവും ജനനിബിഡമായ ഒരു തെരുവീഥിയുടെ പാർശ്വഭാഗത്തു സ്ഥിതിചെയ്യുന്ന "ബാങ്കാ എലിടേനാ റൊമാനാ" എന്ന ആ ഊക്കൻ ബാങ്കിൻെറ വളപ്പിനുള്ളിൽ ഒരു അർദ്ധരാത്രി സമയം വേഷപ്രച്ഛന്നനായി മൂടുപടം ധരിച്ചു ഒരാൾ പ്രവേശിച്ചു. അയാൾ കൈവശമുണ്ടായിരുന്ന കൃത്രിമസാമഗ്രികൾ കൊണ്ടു് ബാങ്കിലെ സുരക്ഷിതമാക്കപ്പെട്ടിരുന്ന 'സേഫു'കളിൽ ഒന്ന തുറന്നു. ആ തസ്കരൻ വളരെ പാടവത്തോടുകൂടി മുപ്പതുലക്ഷം ലെയിസ് (അവിടുത്തെ നാണയം) കീശയിലാക്കിയിട്ടു രക്ഷപ്പെടാൻ ശ്രമിക്കുകയായിരുന്നു. നിർഭാഗ്യവശാൽ കാവൽക്കാരൻ അയാളുടെ പതിവുപോലുള്ള റോന്തിനിടയിൽ കൊള്ളചെയ്യപ്പെട്ട സേഫ് സൂക്ഷിച്ചിരുന്ന മുറിയുടെ മുമ്പിൽ ആഗതനായി. ഉള്ളിൽ ആരോ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു എന്നറിഞ്ഞു അയാൾ ഉടൻതന്നെ ആപൽ സൂചകമായ മണിയടിച്ചു. രഹസ്യപ്പോലീസിനെ ഉണർത്തി.

തനിക്കു രക്ഷനേടേണ്ട മാർഗ്ഗം അടഞ്ഞിരിക്കുന്നെന്നുകണ്ടു് വേറൊരു വഴിയിൽകൂടി തസ്കരൻ ഓടിത്തുടങ്ങി. അപ്പോഴേക്കും സ്ഥലത്തു പാഞ്ഞെത്തിയ രഹസ്യപ്പോലീസ് ഉദ്യോഗസ്ഥനെ ആ തസ്കരൻ അയാളുടെ ഓട്ടത്തിനു മദ്ധ്യേ അഭിമുഖീകരിക്കേണ്ടിവന്നു. മോഷ്ടാവു് കീശയിൽനിന്നു ഒരു കൈത്തോക്കു വലിച്ചെടുത്തു തനിക്കു നേരിട്ട നിരാശയിൽ പരിഭ്രാന്തനായി. ആത്മഹത്യക്കു തുനിഞ്ഞു. പക്ഷെ, സമർത്ഥനായ ആ ഉദ്യോഗസ്ഥൻ ആ തസ്കരൻെറ കൈയ്ക്കുകടന്നു പിടിക്കുകയും കൈത്തോക്കിൽ നിന്നും പാഞ്ഞ ഉണ്ട തുലാത്തിൽ ചെന്നു തറയ്ക്കുകയും ചെയ്തു. സൂക്ഷിപ്പുകാരനും ആ ഉദ്യോഗസ്ഥനും കൂടിച്ചേൻ തസ്കരങ്ങൻെറ കയ്യിലുണ്ടായിരുന്ന ആയുധങ്ങളും ഉപകരണങ്ങളും പിടിച്ചു പറിച്ചിട്ടു് അയാളുടെ മുഖത്തുണ്ടായിരുന്ന മൂടുപടം വലിച്ചുപറിച്ചു ദൂരത്തെറിഞ്ഞു. കൂടുതൽ എന്തെങ്കിലും പ്രവർത്തിക്കുന്നതിനു മുമ്പുതന്നെ പോലീസുകാർ സ്ഥലത്തെത്തി. സൂക്ഷ്മമായ ഒരു അന്വേഷണത്തിനു് പ്രത്യേകം നിയുക്തനായിരുന്ന ക്രൗൺ അററാർണി ആൻെറാണെസ്ക്യൂ കൂടി അവരൊന്നിച്ചു ഹാജരായി.

കൈകാലുകൾ ബന്ധിതനായി ഇരുന്നിരുന്ന മോഷ്ടാവിൻെറ സമീപത്തേക്കു ചെന്നിട്ടു് അദ്ദേഹം ഞെട്ടി പുറകോട്ടു മാറി. നയനങ്ങൾ അദ്ദേഹത്തെ കബളിപ്പിക്കുകയാണൊ എന്നു അദ്ദേഹം അന്ധാളിച്ചു നിന്നുപോയി.

"എൻെറ ദൈവമേ! ഞാൻ ആരെയാണ് കാണുന്നതു്!! ഞാൻ സ്വപ്നം കാണുകയാണോ? എന്നു അദ്ദേഹത്തിൻെറ വാവിൽ നിന്നും ഒരു ശബ്ദം ഉച്ചത്തിൽ പൊട്ടിപ്പുറപ്പെട്ടു.

"അല്ല, നിങ്ങൾ സ്വപ്നം കാണുകയല്ല." തസ്കരൻ ശാന്തമായി പറഞ്ഞു. "ജഡ്ജിയായ ലൂക്കാ ഗിയോർഗിയേഡ് തന്നെയാണ്. എൻെറ ഒരു 'മറുവശം' കാണുകമാത്രമാണ് നിങ്ങൾ ചെയ്യുന്നതു്. ഞാൻ നിങ്ങളെ കബളിപ്പിക്കുകയല്ല"

അഭിഭാഷക പ്രമുഖനായ ആൻെറണെസ്ക്യൂവിനെ അദ്ദേഹത്തിൻെറ ദൃഷ്ടികൾ കബളിക്കുകയായിരുന്നില്ല. ആ തസ്കരൻ ജഡ്ജിയായ ലൂക്കാ ഗിയോർഗിയേഡ് അല്ലാതെ മററാരുമായിരുന്നില്ല. ഒരു ജഡ്ജിയാകുന്നതിനു മുമ്പു് അദ്ദേഹം ക്രൗൺ അററാർണിയായിരുന്നു. അന്വേഷണ പാടവവും കൊള്ളക്കാരെയും തസ്കരന്മാരെയും വിസ്തരിക്കുന്നതിൽ പ്രകടിപ്പിച്ചിരുന്ന അനിതര സാധാരണമായ ബുദ്ധിസാമർത്ഥ്യവും കൊണ്ടു് അക്കാലത്തു അദ്ദേഹം ഏററവും ഉന്നതമായ പ്രശസ്തി നേടിയിട്ടുണ്ടു്.

അന്വേഷണമദ്ധ്യേ ഇദ്ദേഹം ഒട്ടേറെ ബാങ്കുകളിലും കോവാപ്പറേററീവ് സ്റ്റോറുകളിലും മററു സ്ഥാപനങ്ങളിലുംനിന്ന് മോഷണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വെളിവായിരിക്കുന്നു.

ഗിയോർഗിയേഡ് തൻെറ വിദ്യ സമർത്ഥമായി അഭ്യസിച്ചിട്ടുണ്ടു്. കുററവാളികളെ വിസ്തരിക്കുമ്പോൾ അവരോടു ചോദ്യം ചോദിച്ചു മാത്രം അദ്ദേഹം തൃപ്തിപ്പെട്ടിരുന്നില്ല. അവരെക്കൊണ്ടു് അവർചെയ്ത ഓരോ പ്രവൃത്തിയേയും തന്ത്രത്തേയും കൗശലത്തേയും അദ്ദേഹം അഭിനയിക്കുകകൂടി ചെയ്തിരുന്നു.

വക്കീലെന്ന നിലയിൽ ഗിയോർഗിയേഡ് പണാപഹരണകേസ് കാര്യത്തിൽ ക്രിമിനൽ കോടതിയിലെ പ്രമുഖനായ നിയമജ്ഞനായിരുന്നു എങ്കിലും ഈ ജ്ഞാനം അദ്ദേഹം പ്രായോഗികമാക്കുമെന്നു ആക്കും സംശയലേശം പോലുമുണ്ടായിരുന്നില്ല.

ഗിയോർഗിയേഡ് ഇരുപതിൽപരം വൻ മോഷണങ്ങൾ നടത്തിയിട്ടുള്ളതായി സ്വയം സമ്മതിച്ചിരിക്കുന്നു. കൂടാതെ സ്റ്റേററ് ലൈബ്രറിയിൽനിന്ന പലപ്പോഴും വിലയേറിയ ഗ്രന്ഥങ്ങൾ മോഷ്ടിച്ചു രാജ്യത്തിനു പുറത്തു കടത്തി വില്ക്കുന്ന നടത്തിയിട്ടുമുണ്ടു്.

ഗൗരവാവഹമായ ഈ കുററങ്ങൾക്കു ശിക്ഷിതനായി ഉപ്പളങ്ങളിൽ പോയി ശ്രമസാദ്ധ്യങ്ങളായ പണിയെടുക്കുന്നതിനു അദ്ദേഹം നിർബന്ധിതനാകുമെന്നിരിക്കിലും അദ്ദേഹം അശേഷം കൂസൽ പ്രകടിപ്പിക്കുന്നില്ല. അദ്ദേഹത്തിൻെറ ഈ 'ആൾമാറാട്ടത്തെ' ഒരു വലിയ നേരമ്പോക്കായിട്ടു മാത്രമേ അദ്ദേഹം വിചാരിക്കുന്നുള്ളു.

അദ്ദേഹത്തിനു അസാധാരണമായ മനോദ്ധതയുണ്ടെന്നു ഭിഷഗ്വരന്മാർ പരിശോധനക്കുശേഷം അഭിപ്രായപ്പെടുന്നു.

റുമേനിയാ ഒട്ടാകെ അവിടത്തെ ഒരു പ്രസിദ്ധജഡ്ജിയായ ഇദ്ദേഹത്തെ സംബന്ധിച്ച ഈ കേസ് വലിയ ഒരു ഇളക്കം ഉണ്ടാക്കിയിട്ടുണ്ടു്.

## ചക്കരവ്യവസായം

കേരളത്തിൽ പ്രവൃദ്ധമാക്കാവുന്ന ഒരു കുടിൽ വ്യവസായമാകുന്നു ചക്കരവ്യവസായം. നാമിപ്പോൾ സിലോൺ, ഫിലിപ്പൈൻ എന്നീ ദ്വീപുകളുമായി നാളികേരക്കാൎയ്യത്തിൽ മത്സരിച്ചുവരികയാകുന്നു. നാൾചെല്ലുന്തോറുമീ മത്സരം കൂടുതൽ നിശ്ചിതമായി പരിണമിക്കുന്നു. പുറമെനിന്നും ഇറക്കുമതിചെയ്യപ്പെടുന്ന കേരവിഭവങ്ങളിന്മേൽ ഇറക്കുമതിച്ചുങ്കം ചുമത്തി നാടൻ വ്യവസായങ്ങളെ പരിരക്ഷിക്കയാണ് ഇമ്മാതിരി സന്ദർഭങ്ങളിൽ മറുനാട്ടുകാർ ചെയ്തുവരുന്നതു്. നിയമനിൎമ്മാണം ഗവൎമ്മെണ്ടിന്റെ ദാക്ഷിണ്യത്തെ ആശ്രയിച്ചാണ് നില്ക്കുന്നതു്. നമ്മുടെ നാട്ടിലെ വൈദേശികഗവൎമ്മെണ്ടിന്റെ മട്ടു കണ്ടാൽ അതൊന്നും അത്ര വേഗം നടപ്പാക്കാമെന്നാശിക്കാൻ അവകാശമില്ല. പിന്നെ നമുക്കൊന്നു ചെയ്യുവാൻ കഴിയുന്നതു സ്വദേശിവ്രതം കൈക്കൊള്ളുകയാകുന്നു. അഗണ്യകോടിയിൽ തള്ളപ്പെടുന്ന നിസ്സാരവസ്തുക്കൾ പുതിയ വ്യവസായങ്ങൾക്ക് ഉപയോഗപ്പെടുത്താമോ എന്നു് പരീക്ഷിച്ചു നോക്കേണ്ടതുമാണ്.

തെങ്ങിൻകള്ളിൽനിന്നും ചക്കരയുണ്ടാക്കുന്ന സമ്പ്രദായം നമുക്ക് പുത്തരിയല്ല. ഈ തെങ്ങിൻചക്കരക്ക് പ്രചുരമായ പ്രചാരം സിദ്ധിച്ചിരുന്ന കാലമുണ്ടായിരുന്നു. നമ്മുടെ നാട്ടിൽ മന്നിങ്ങയും ചക്കരയും തിന്നു് ആരോഗ്യദാർഢ്യം സമ്പാദിച്ചിട്ടുള്ള കാരണവന്മാരെ ഇന്നും അപൂൎവമായി കാണപ്പെടും. ഇന്നത്തെ ചായയുടേയും കാപ്പിയുടേയും സ്ഥാനം അന്നവർ തെങ്ങിൻകരിക്കിന് നൽകിയിരുന്നു. അന്നൊക്കെ പലഹാരങ്ങൾക്ക് മധുരംചേൎക്കുവാൻ ചക്കരയാണ് ഉപയോഗിച്ചിരുന്നതു്. എന്നാൽ കാലക്രമത്തിൽ ശൎക്കരയും പഞ്ചസാരയും നമ്മുടെ കമ്പോളങ്ങളെ അക്രമിച്ചു പിടിച്ചടക്കി. ലോഭികളായ ചില ചക്കരചെത്തുകാർ കൃത്രിമം ചെയ്തു ആദായം വൎദ്ധിപ്പിക്കുവാൻ ശ്രമിച്ചു. ജനങ്ങൾക്ക് ചക്കരയോടുള്ള പ്രീതി കുറഞ്ഞുവരികയും ചക്കരവ്യവസായം ക്രമേണ ക്ഷയിക്കുകയും ചെയ്തു. ഒരു ഔഷധത്തിന്റെയും ഭക്ഷണപദാർത്ഥത്തിന്റെയും നിലയിൽ വിലയേറിയ ഗുണങ്ങളുള്ളതാണ് തെങ്ങിൻചക്കര. വൃത്തിയായി പാകത്തിൽ നിൎമ്മിച്ച ചക്കരയുടെ സ്വാദ് അത്യന്തം ഹൃദ്യമാണ്. അഴുക്ക് കളഞ്ഞു് സംസ്കരിക്കപ്പെടുന്നതിൽ വ്യവസായികൾ മനസ്സിരുത്താത്തതുകൊണ്ടാണ് ഇന്നു് ചക്കരക്ക് അസ്വാദ്യതതോന്നുന്നതു്. ശരീരത്തിന്നു് ഓജസ്സുണ്ടാക്കുന്ന പല ഭക്ഷ്യാംശങ്ങളും തെങ്ങിൻചക്കരയിലുണ്ടു്. ശാസ്ത്രീയപരിക്ഷണം ചെയ്തുനോക്കുമ്പോൾ പലതരം വൈററാമിനുകൾ അതിൽ അടങ്ങീട്ടുണ്ടെന്നു കാണാൻ കഴിയും. അതുകൊണ്ടായിരിക്കണം ആയുൎവ്വേദഗ്രന്ഥങ്ങളിൽ ചക്കരയുടെ ഗുണങ്ങൾ പ്രകീൎത്തിക്കപ്പെടുന്നതു്.

തെങ്ങിൻചക്കരയിൽ നിന്നും പഞ്ചസാരയും കൽക്കണ്ടവും എടുക്കാവുന്നതാണ്. ഗുണഭാഗത്തെ സംബന്ധിച്ചിടത്തോളം ഇതര വസ്തുക്കളിൽനിന്നെടുക്കുന്ന പഞ്ചസാരയേയും കൽക്കണ്ടത്തേയും നാണിപ്പിക്കത്തക്ക വൈശിഷ്ട്യം ഇവയ്ക്കുണ്ടു്. എന്നാൽ ഗുണപൌഷ്കല്യം മാത്രം നോക്കിയാൽ പോരാ വിപണികൾ കൈവശപ്പെടുത്താൻ വിലക്കുറവാണ് അത്യാവശ്യമായി വേണ്ടതു്. ചക്കരനിൎമ്മാണത്തിൽ ഏൎപ്പെടുന്നവൎക്ക് ഒരുവിധം ന്യായമായ കൂലി നൽകുന്നപക്ഷം തെങ്ങിൻപഞ്ചസാരക്കും കൽക്കണ്ടത്തിനും താരതമ്യേന വില കൂടുതൽ വരും. അതിനാൽ ചക്കരവ്യവസായത്തെ ആ വഴിക്ക് തിരിക്കുന്നതു് ആദായകരമല്ലതന്നെ.

ടോഫി; ചോക്കലേററ്, ജാം മുതലായ മധുരപലഹാരങ്ങൾ ഞങ്ങളുടെ പരീക്ഷണങ്ങൾക്ക് വിധേയമായവയാണ്. ഈ വക നമ്മുടെ നാടൻ സാമാനങ്ങൾക്ക് ഉണ്ടാകേണ്ട സ്ഥാനം ഇന്നു് നമ്മുടെ വിപണികളിൽ ചെന്നു് വിദേശവസ്തുക്കൾ കൈവശപ്പെടുത്തിയിരിക്കയാണ്. തരിപഞ്ചസാരയുപയോഗിച്ചുണ്ടാക്കപ്പെടുന്ന വിദേശവസ്തുക്കൾ ഗുണത്തിൽ കേരകവിഭവനിൎമ്മിതങ്ങൾക്ക് വളരെ താഴെയാണ്. ഈ വക നാടൻ സാധനങ്ങൾ ഗണ്യമായ നിലയിൽ വിലകുറച്ചു വിൽക്കുവാനും സാധിക്കും.

ഈ വ്യവസായം പരിപുഷ്ടമാകുന്ന പക്ഷം വൎദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്ക് അതൊരു പരിഹാരമായിരിക്കും. ആസന്ന ഭാവിൽ മദ്യവൎജ്ജനം നമ്മുടെ നാട്ടിലും നടപ്പാകുമെന്നു് ന്യായമായി പ്രതീക്ഷിക്കാം. കള്ളുചെത്തുന്ന തൊഴിലാളികൾക്ക് ജോലികൊടുക്കുക എന്ന വിഷമപ്രശ്നം നാമിന്നഭിമുഖികരിക്കേണ്ടിവരുമെന്ന് തീർച്ചയായും കരുതാം. അന്നീ ചക്കരവ്യവസായം തെല്ലെങ്കിലുമൊരാശ്വാസം നൽകുവാൻ പൎയ്യാപ്തമാകാതിരിക്കയില്ല.

(മാതൃഭൂമി)

---

# സമൎപ്പണം

### ഡാക്ടർ നാരായണദാസ്, വെട്ടിക്കവല

("ഓമനക്കുട്ടൻ"—രീതി)

i

ദേവി, നിൻ കരുണാമൃതം പക-
ൎന്നീടുവാനൊരുഭാജനം
തേടിപ്പോയിവനെത്രയോ വഴി-
ദൂരമോരോരോസീമയിൽ.
സുപ്രസന്നസുമുഖികളായ
പൊൽപ്പൂലരികൾ പൂവനം
പ്രത്യഹം പുൽകി പുഞ്ചിരിപ്പതോ-
ടൊത്തുയരുമെന്നാശകൾ
അന്തരംഗത്തിലപ്പൊഴേയവ-
വെന്തുവീണടിഞ്ഞീടിലും
മാറിടാതെ മനസ്സു പിന്നെയും
മാൎഗ്ഗമാരായും മാത്രയിൽ
ചുടെഴും നെടുവീൎപ്പിലൂടൊരു
ഭാവനമിന്നും മിന്നൽപോൽ.
ആ വെളിച്ചത്തിലൂടെയാശകൾ-
ളാവഴിയ്ക്കുയൎന്നീടവേ
അക്ഷരംമറന്നാകെ ഞാനതോ
നിർഝരിയിൽ മുഴുകിടും!!

ii

പേക്കിനാവുകളെന്നവയ്ക്കുന്ന
പേരുനൽകാതെ പിന്നെയും
ഭാവനാപരിഭാസുരാംഗിയാം
ദേവി നീ കളിയാടിടും
പാവനപ്രേമവേദിയും നോക്കി
പാദം വിന്യസിച്ചീടുമ്പോൾ
മാമൂലിന്റെ വരിയിലൂടെ നീ
കാലുവയ്ക്കുക വയ്ക്കുക
ശുഷ്കനീതികളിങ്ങനെ മാൎഗ്ഗ-
വിലംഘനം ചെയ്യുകയായപ്പോഴും.
ആവഴിയിലെൻമുന്നിലങ്ങിങ്ങാ-
യാശവീശിയ വാർകതിർ
ഏതിൽനിന്നതിരുന്നതെന്നറി-
ഞ്ഞീടുവാനുറവുനോക്കവേ
ഒററപ്പൂവിതൾമാത്രമായ് വിട-
ൎന്നൽഗളിത സുരഭിയായ്
തൈക്കുളിർക്കാററിലാടി നില്ക്കുന്ന
പൊൽപ്പനിനീരണിമലർ.
ശൃംഗാരരാഗം തുളുമ്പിത്തൂമയിൽ
മുഗ്ദ്ധഹാസംപൊഴിയുവാൻ
മുന്നിലാഞ്ഞു വികസിപ്പിച്ചതു
പിന്നെയുമിതളൊന്നുടെ.
പൂവിൻപുഞ്ചിരിസ്മാരകം നവം-
പൂവിതളതുദേവിനിൻ
സന്നിധിയിൽ ഞാൻ കാഴ്ചവയ്ക്കുവാൻ
പിന്നെ വേഗം നടക്കയായ്!!

iii

ആഗതിയിൽഹാ! നിന്നുപോയ്! കര-
ളാകെയൊന്നു പിടഞ്ഞിവൻ.
രക്തംവററിവിളറിയും വയ-
റൊട്ടിയുംമിഴിതാഴ്ന്നുമായ്
തന്റെകാലിലുറച്ചുനില്ക്കുവാൻ
തന്റേടംതനവേലാതെ
കന്മതിലോടുചാരിക്കണ്ണുനീർ
ചിന്നിവിങ്ങിവിറപൂണ്ടും
പട്ടിണിത്തീയിൽപെട്ടെരിഞ്ഞതിൻ-
ശിഷ്ടമായ്‌വഴിവക്കിലായ്
നില്ക്കയാണൊരുനാരി ദാരിദ്ര്യ-
ശുഷ്കമാംശിശുവോടവൾ.
ഞാനടുത്തുചെന്നാശിശുവിനെ
മാനമോടെന്റെകൈകളിൽ
സ്വീകരിക്കവെ;—സാദരമവൾ
ജീവിതത്തിന്റെയേതാനും
ഭാഗധേതി—യാനാവുടനടി
താനേതാഴ്ന്നുവിവശയായ്
താഴെവീണുപൊലിഞ്ഞൊരാജീവൽ-
സാഹിത്യത്തിന്റെ സാക്ഷിഞാൻ.

vi

പിഞ്ചുപൈതലുംപൂവിതളുമെൻ
സഞ്ചാരത്തിന്റെസമ്പാദ്യം
ജീവരക്തത്തിൽനിന്നു സാഹിതീ-
ജീവനത്തിന്റെസന്ദേശം
ഓതിടുമൊരുപട്ടിണിപ്പൈതൽ
മാറിൽവിശ്രമംകൊള്ളുന്നു.
ഭാവനാനന്ദമാത്രമാമൊരു
ജീവിതത്തിന്റെപാശ്ചത്തിൽ
നിന്നുകിട്ടിയപൂവിതളതും
മിന്നിടുന്നെന്റെപാണിയിൽ.
വിത്തപ്രാഭവംസാമുദായിക-
ശക്തിയോടുകുതിക്കവേ,
ഒട്ടുദൂരംതെറിച്ചയാഥാർത്ഥ്യ-
രക്തചിത്രമാണെന്നാകിൽ
പിന്നെയൊന്നൊരുപൂവിതൾ,—അതു
പൊന്നുഷസ്സിന്റെസുസ്മിതം.
ഏതിലാണയികാവ്യരൂപിണി
നീകൃപാമൃതംകൂടുതൽ
തൂകിടുന്നതെന്നോക്കുവാൻകൂടി-
ത്താമസിക്കാതെസാധുഞാൻ
രണ്ടുമൊന്നുപോൽകാഴ്ചവയ്ക്കുവാൻ
കൊണ്ടുവന്നതുനിൻമുമ്പിൽ
അൎപ്പിച്ചീടുമ്പോൾകൂപ്പുകയ്യുമാ-
യിപ്പൊഴിങ്ങുചിരവിപ്പൂ!!

x മേടം 14-ാംനു- കോട്ടയത്തുവച്ചുനടന്ന സമസ്തകേരള സാഹിത്യപരിഷൽ സമ്മേളനത്തിൽ വായിച്ചതു്.

# X ഈഴവരുടെ നില

## സി. കേശവൻ ബി. എ. ബി. എൽ.

**നമ്മുടെ വിദ്യാഭ്യാസസ്ഥിതി, ധനസ്ഥിതി, ഗൃഹവ്യവസായം എന്നുവേണ്ട നമ്മുടെ എല്ലാ ഉദ്യമങ്ങളും വിജയകരമായി പരിണമിക്കണമെങ്കിൽ രാഷ്ട്രീയശക്തിയുടെ പിൻതുണ നമുക്കു അവശ്യമുണ്ടായിരിക്കുക തന്നെ വേണം.**

ഒരു രാജ്യത്തിലെ സാമ്പത്തികോന്നമനത്തിനു ആ രാജ്യത്തെ അധിവസിക്കുന്ന എല്ലാ ജനസമുദായങ്ങളും തമ്മിൽ സഹകരിക്കാതെ സാദ്ധ്യമല്ല. ജാതിഭിത്തികൾക്കും മതഭിത്തികൾക്കും ഉള്ളിൽ പ്രത്യേകം പ്രത്യേകം അടയ്ക്കപ്പെട്ടിരിക്കുന്ന ജനസമുദായങ്ങളോടു ജാതിമതവ്യത്യാസങ്ങൾ മറന്നു യോജിച്ചു പ്രവത്തിക്കുവാൻ പറഞ്ഞാൽ എത്രത്തോളം പ്രായോഗികമാകുമെന്നു നാം കാണുന്നുണ്ടല്ലൊ. ജാതിയുടേയും മതത്തിന്റേയും പേരിൽ ഓരോ സമുദായവും മററു സമുദായങ്ങളെ ഗ്രസിക്കുന്നതിനു തയ്യാറായി നിലകൊള്ളുന്ന ഒരു രാജ്യത്തു പൊതുകാര്യങ്ങൾ എങ്ങനെ പുരോഗമിക്കുമെന്നു ആലോചിക്കുക. പരസ്പരവിശ്വാസവും പൊതുകാര്യത്തിനുവേണ്ടി താന്താങ്ങളുടെ പ്രത്യേക അധികാരങ്ങളും അവകാശങ്ങളും കൈവെടിയുവാനുള്ള സന്മനോഭാവവും സമുദായങ്ങളുടേയും മതങ്ങളുടേയും പ്രവാചകന്മാരിൽ എന്നു പ്രത്യക്ഷമായിത്തുടങ്ങുന്നുവോ അന്നു മാത്രമേ നമ്മുടെ പരശുരാമക്ഷേത്രത്തിൽ മാത്രമല്ല ഇന്ത്യാഭൂഖണ്ഡത്തിൽ പൊതുവേ സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യം ഉണ്ടായിത്തുടങ്ങുകയുള്ളൂ. മതങ്ങൾ നിശ്ശേഷം ഇല്ലാതാക്കാൻ സാദ്ധ്യമായില്ലെങ്കിൽ അതിനെ വെറും വ്യക്തികളുടെ കാര്യമാക്കി വിടുന്നതിനു നമുക്കു സാധിച്ചാൽ നമ്മുടെ ഗുരുനാഥന്റെ ഉപദേശമനുസരിച്ചുള്ള ‘മനുഷ്യമത’കാലം നമുക്കു സംജാതമാകുന്നതാണ്. ജാതിയുടേയോ മതത്തിന്റേയോ പേരുപോലും നാം അപ്പോൾ കേൾക്കുകയില്ല. ‘മാനുഷരെല്ലാരും ഒന്നുപോലെ’ എന്നു കുഞ്ഞുങ്ങൾ പാടുന്ന മാവേലിരാജ്യം—രാമരാജ്യമല്ല—നമുക്കു അന്നു ലഭിക്കുകയും ചെയ്യുന്നതാണ്. പക്ഷെ ഇതൊക്കെ നമ്മുടെ ആദർശങ്ങളാണ്. ആദർശപ്രാപ്തിയിലേക്കു പരിശ്രമിക്കുകയും കൺമുമ്പിൽ കാണുന്ന യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുകയുംകൂടി വേണമല്ലൊ. തീയർമാത്രം ജാതിമതചിന്തകൾ ത്യജിച്ച് മാവേലിരാജ്യത്തെ പ്രാർത്ഥിച്ചു അടങ്ങിയിരുന്നാൽ മതിയാകുന്നതല്ലല്ലൊ. തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളവരുമായി പലപല വടിവിൽ പലേതരത്തിൽ ഒരു വമ്പിച്ച ജനസമുദായവും, അവരെ മതത്തിന്റെ പേരിലും ജാതിയുടെ പേരിലും രാഷ്ട്രീയവും സാമ്പത്തികവുമായി ചൂഷണംചെയ്യുന്ന ജാതികളും ഉപജാതികളും സമുദായങ്ങളും ഉപസമുദായങ്ങളും നിലനിൽക്കുന്ന ഈ കാലത്തു തീയർമാത്രം അതെല്ലാം മറന്നുകൊണ്ടു ഒരു സർവസമുദായ ആദർശവുമായി മുമ്പോട്ടുവന്നാൽ ഉണ്ടാകുന്ന അനുഭവം നിങ്ങൾ അനുഭവിച്ചും കണ്ടും അറിഞ്ഞുകൊണ്ടിരിക്കുന്നതാണല്ലൊ. അതുകൊണ്ടു ജാതികളും മതങ്ങളും എല്ലാം മാറി മനുഷ്യജാതിയും മനുഷ്യമതവുമുണ്ടാകുന്നതിനു പ്രാർത്ഥിക്കുന്നതോടുകൂടി നമ്മുടെ അസമത്വങ്ങളിൽനിന്നു തല്ക്കാലം രക്ഷപ്രാപിക്കുന്നതിനുള്ള നമ്മുടെ പരിശ്രമങ്ങളും തുടരുകതന്നെ ചെയ്യാം. നമ്മുടെ സാമ്പത്തിക വ്യാവസായിക ഘടനകൾ സർവസമുദായങ്ങളേയും ഉൾക്കൊള്ളത്തക്ക വ്യാപ്തിയുള്ളവ ആയിരിക്കും. നമ്മെപ്പോലെയോ നമ്മെക്കാൾ അധഃപതിച്ചതോ ആയ സമുദായങ്ങളേയും വ്യക്തികളേയും ആ ഘടനയിൽ ഉൾപ്പെടുത്തുന്നതിനുള്ള പരിശ്രമംകൂടി ചെയ്യുകയും ചെയ്താൽ നമ്മുടെ ഗുരു നിർദ്ദേശിച്ച മാവേലികാലം വളരെ ദൂരമല്ലാത്ത ഒരു ഭാവിയിൽ നമുക്കു സംപ്രാപ്തമാകും.

കുടിൽവ്യവസായങ്ങളുടെ പുനരുദ്ധാരണമാണ് നമ്മുടേയും നമ്മെപ്പോലെ അവശത അനുഭവിക്കുന്ന സമുദായങ്ങളുടേയും സാമ്പത്തിക സായുജ്യമാർഗ്ഗമെന്നു ഞാൻ മുമ്പു പ്രസ്താവിച്ചല്ലൊ. നമ്മിൽ ബഹുഭൂരിപക്ഷം ജനങ്ങൾ കൃഷിത്തൊഴിലിൽ വെറും കൂലിവേലക്കാരൊ ജന്മികളുടെ പാട്ടക്കാരൊ ആയിക്കഴിയുന്നവരാണ്. സാമ്പത്തികോന്നമനശ്രമങ്ങൾ ആരംഭിക്കേണ്ടതു അവരുടെ ഇടയിലാണ്. കൃഷിവേലക്കാർക്കുള്ള കൂലികൊണ്ടു അന്നന്നുള്ള നിത്യതതന്നെ വളരെ അരിഷ്ടിച്ചു കഴിക്കേണ്ടിയിരിക്കുമ്പോൾ ജോലിയില്ലാതെ കഴിയുന്ന മൂന്നുനാലുമാസങ്ങൾ അവർ അനുഭവിക്കുന്ന ദാരിദ്ര്യദുഃഖം എന്തായിരിക്കുമെന്നു അറിയാമല്ലൊ. ആ കാലത്തെ ജീവിതം അവർക്കു സഹ്യമാക്കിത്തീർക്കുകയെന്നുള്ളതാണ് നാം ആദ്യമായി ചെയ്യാനുള്ളത്. ഇന്ത്യൻ നാഷനൽ കാൺഗ്രസിന്റെ ശ്രദ്ധ ഈ കാര്യത്തിൽ വളരെനാളായി പതിഞ്ഞിരിക്കുകയാണ്. മഹാത്മാഗാന്ധിയുടെ നൂൽനൂൽപ്പും നെയ്ത്തും ഈ തരക്കാരെ ഉദ്ദേശിച്ചു ഏർപ്പെടുത്തപ്പെട്ടതാണ്. വ്യവസായങ്ങളെ സോഷ്യലൈസ്ചെയ്തു, അതായതു പൊതുജനങ്ങൾക്കു പൊതുവെ അവകാശപ്പെട്ടു പൊതുജനങ്ങളാൽ നിയന്ത്രിക്കപ്പെട്ടിട്ടുള്ള മൂലധനസ്ഥാപനങ്ങളാക്കി അതുവഴി യന്ത്രങ്ങൾ ഉപയോഗിച്ചു മനുഷ്യയത്നങ്ങളെ ലഘൂകരിച്ചു വേലക്കാർക്കു കൂടുതൽ വിശ്രമവും സുഖവും തൃപ്തിയും ഉണ്ടാക്കുന്ന ആധുനികസാമ്പത്തികശാസ്ത്രത്തിന്റെ ഭാവിപരിപാടികൾ കൊണ്ടല്ലാതെ വേലക്കാർക്കു ശാശ്വതമായ നന്മയുണ്ടാകുന്നതല്ലെന്നു ദൃഢമായി വിശ്വസിക്കുന്നവരിൽ ഒരാളാണു ഞാൻ. എന്നിരുന്നാലും അങ്ങനെയുള്ള ഒരു ലോകരീതിയുടെ ആവിർഭാവത്തിനു മുമ്പു വേലക്കാരനു ഇന്നത്തെ സാമ്പത്തികനിലയിൽത്തന്നെ എന്തെങ്കിലും ഒരു ആശ്വാസം നൽകുന്നതിനു ഈ നൂൽനൂൽപ്പിനും നെയ്ത്തിനും കഴിയുന്നതാണ്. ഞാൻ ഒരു നെയ്ത്തുകാരനാണ്. നെയ്ത്തു ഞങ്ങളുടെ ദിക്കിൽ ഈഴവരുടെ കുലവൃത്തിയാണ്. മുൻകാലങ്ങളിൽ നൂൽനൂൽപ്പും നെയ്ത്തും ഞങ്ങളുടെ വീടുകളിൽ സർവ്വസാധാരണമായി നടന്നുവന്നു. യന്ത്രങ്ങളുടെ മത്സരം മൂർദ്ധന്യത്തിലെത്തിയിരിക്കുന്ന ഈ കാലത്തും അതിനോടു മത്സരിച്ചു കൈത്തറികളിൽ നെയ്ത്തുജോലിചെയ്തു മാത്രം മാനമായി ജീവിക്കുന്ന അനേകായിരം കുടുംബങ്ങൾ മദ്ധ്യദക്ഷിണതിരുവിതാംകൂറുകളിൽ ഇപ്പോഴും ഉണ്ട്. എന്റെ വിദ്യാഭ്യാസകാലത്തു ഒഴിവുദിവസങ്ങളിൽ ഞാൻ ആ വ്യവസായത്തിലേർപ്പെട്ടു വിദ്യാഭ്യാസ ചിലവിന്റെ ഒരു പ്രധാനഭാഗം എന്റെ പ്രയത്നംകൊണ്ടുതന്നെ സമ്പാദിച്ചും ഇരുന്നു. ഇന്ത്യൻനാഷനൽ കാൺഗ്രസിന്റെ ഖദർപരിപാടിയുടെ ഉത്ഭവകാലം മുതൽ, ഞാൻ ഒരു കാൺഗ്രസ് അംഗമായിരുന്നില്ലെങ്കിലും അതിന്റെ ഖദർപ്രസ്ഥാനത്തെ നടപ്പിൽ കൊണ്ടുവരുന്നതിനുള്ള ശ്രമംചെയ്തിട്ടുണ്ട്. ഞാനും എന്റെ കുടുംബാംഗങ്ങളുംകൂടി ആറുമാസക്കാലം വിശ്രമസമയങ്ങളിൽ നൂററ നൂൽകൊണ്ടുമാത്രം നാൽപത്തിഅഞ്ചുവാരത്തുണി എന്റെ വീട്ടിൽ നെയ്തുണ്ടാക്കി. എന്റെ വീട്ടിനു ചുററും ഞാനും എന്റെ കുടുംബാംഗങ്ങളും നട്ടുവളർത്തിയ പഞ്ഞിയും പാണ്ടിദേശത്തുനിന്നു വരുത്തിയ പഞ്ഞിയും കൂടിയാണ് ഞങ്ങൾ നൂററതു്. ഒരു പ്രത്യേകതരം പരുത്തിച്ചെടി വീട്ടിൽ ചുററുമുള്ള വൃക്ഷങ്ങളുടെ ചൂടലിൽ വളരെ നല്ലവണ്ണം വളർന്നു കായ്ക്കുകയുണ്ടായി. ഒരു ചെടിയിലെ പഞ്ഞികൊണ്ടു വളരെ നേർമ്മത്തരത്തിൽ നൂൽനൂററ് അതു ഊടയാക്കി രണ്ടു മേൽമുണ്ടു നെയ്യിക്കുവാൻ സാധിച്ചു. ഞാൻ ഇത്രയും പറഞ്ഞതു പഞ്ഞികൃഷി ഒരു പ്രത്യേക കൃഷിയായി ചെയ്യത്തക്ക ശീതോഷ്ണസ്ഥിതിയല്ല നമുക്കുള്ളതെങ്കിലും ഓരോ വീട്ടുകാരനും താമസിക്കുന്ന വീടിനു ചുററും കുറെ ചെടികളെങ്കിലും നട്ടുപിടിപ്പിക്കാൻ കഴിയുമെന്നും അതുവാങ്ങി നൂലാക്കുന്നതിനും വസ്ത്രമാക്കുന്നതിനും ആളുകളുണ്ടെങ്കിൽ അതു വീട്ടിനുചുററും മലക്കറി കൃഷിചെയ്യുന്നപോലെതന്നെ ആദായകരമായ ഒരു വ്യവസായമാണെന്നും മനസ്സിലാക്കാനായിട്ടാണ്. ഇങ്ങനെ കുറെ അധികം പഞ്ഞി നാട്ടിൽ ഉണ്ടാകുകയും അതു അവിടെതന്നെ നെയ്തു വസ്ത്രമാക്കുകയും ചെയ്യാൻ സാധിക്കുമെങ്കിൽ ഖദർ പ്രചരണം അതുകൊണ്ടുതന്നെ സാധിക്കാവുന്നതാണ്. വിദേശത്തുനിന്നും ഖദർവരുത്തി ഉപയോഗിക്കുന്നതിനു അസൗകര്യമുള്ളവർക്കും മിൽത്തുണികളോടു കിടപിടിക്കത്തക്കവണ്ണം കൈത്തറികളിൽ മിൽനൂൽകൊണ്ടു നെയ്തുണ്ടാക്കുന്ന വസ്ത്രങ്ങളെങ്കിലും വാങ്ങി ഉപയോഗിക്കുവാൻ കഴിയുന്നതാണ്. നിർദ്ധനരായ നമ്മുടെ അനേകായിരം കുടുംബങ്ങളെ ഈ നഷ്ടമില്ലാത്ത ത്യാഗംകൊണ്ടു നിങ്ങൾക്കു സഹായിക്കുവാൻ കഴിയും. ആവശ്യക്കാർ ധാരാളമുണ്ടെന്നു കാണുമ്പോൾ ഈ നാട്ടിലും മററു നാടുകളിലും ഉള്ള നിർദ്ധനന്മാർ ആ തൊഴിലുകൾ പരിശീലിക്കുന്നതിനും അവരുടെ ദാരിദ്ര്യദുഃഖത്തിനു അതുകൊണ്ടു സ്വല്പം ഒരു ആശ്വാസം ലഭിക്കുന്നതിനും ഇടയാകുന്നതാണ്.

മലക്കറികൃഷി, കോഴി, തേനീച്ച, പശു ഇതുകളെ വളർത്തൽ തുടങ്ങി കൃഷിക്കാരായ കുടിൽവാസികളെ സഹായിക്കാവുന്ന അനേകം ചില്ലറ വ്യവസായങ്ങൾ ഉള്ളവയെ പ്രായോഗികമാക്കുന്നതിന്റേയും കാര്യങ്ങൾ നിങ്ങൾക്കു ചിന്തിക്കാവുന്നതാണ്.

നമ്മുടെ വിദ്യാഭ്യാസസ്ഥിതി, ധനസ്ഥിതി, ഗൃഹവ്യവസായം എന്നുവേണ്ടാ നമ്മുടെ എല്ലാ ഉദ്യമങ്ങളും വിജയകരമായി പരിണമിക്കണമെങ്കിൽ രാഷ്ട്രീയശക്തിയുടെ പിൻതുണ നമുക്കു അവശ്യം ഉണ്ടായിരിക്കുകതന്നെ വേണം. വളരെ അടുത്തകാലംവരെ രാഷ്ട്രീയ ക്ഷേത്രത്തിൽനിന്നു നാം പുറന്തള്ളപ്പെട്ട ഒരു സമുദായക്കാരായിക്കിടന്നിരുന്നു. ബ്രിട്ടീഷ് മലബാർകാരായ നിങ്ങൾക്കു അവരുടെ സാധുജനാനുകമ്പകൊണ്ടു ഗവമ്മെണ്ടുസർവ്വീസിൽ നേരത്തേതന്നെ പ്രവേശനം ലഭിച്ചു എങ്കിലും അങ്ങനെ കിട്ടിയ അവസരത്തെ നിങ്ങൾ വേണ്ടപോലെ ഉപയോഗപ്പെടുത്തിയില്ല എന്നു ഇന്നത്തെ നിങ്ങളുടെ അനുഭവം സാക്ഷ്യം വഹിക്കുന്നുണ്ട്. എസ്. എൻ. ഡി. പി. യോഗം ആരംഭിച്ചകാലത്തെ തിരുവിതാംകൂറിലേയും കൊച്ചിയിലേയും നമ്മുടെ രാഷ്ട്രീയനിലയ്ക്കും ഇന്നത്തെ സ്ഥിതിയ്ക്കും തമ്മിലുള്ള അന്തരം നിങ്ങളും അറിഞ്ഞുകൊണ്ടിരിക്കുന്നതാണല്ലൊ. സർക്കാർസർവ്വീസിൽ പ്രവേശനത്തിനു ഇപ്പോൾ നിയമതടസ്സം ഒന്നും ഇല്ലെങ്കിലും മററു ചില തടസ്സങ്ങൾ ഇപ്പോഴും ഇല്ലെന്നു പറഞ്ഞുകൂടാ. കൊച്ചിയിൽ ആ തടസ്സത്തിനു സർ ഷൺമുഖത്തിന്റെ ഔദാര്യംകൊണ്ടു ശരിയായ പരിഹാരം ഉണ്ടായിവരുന്നു. തിരുവിതാംകൂറിൽ ഈ അടുത്തകാലത്ത്, എന്നു പറഞ്ഞാൽ സർ സി. പി. രാമസ്വാമിഅയ്യർ ദിവാൻ ആയ ശേഷം അനേകം വലിയ ഉദ്യോഗങ്ങളിൽ പലരേയും നിയമിച്ചിട്ടുണ്ടെങ്കിലും ആ നിയമനങ്ങളിൽ ഒന്നിലും ഒരീഴവനെ കാൺമാനില്ല. നിവർത്തനപ്രക്ഷോഭണത്തിൽ ഏർപ്പെട്ടു എന്നുള്ള പരിഭവംകൊണ്ടാണ് ഈഴവരുടെ ഈ കാര്യത്തിൽ അനാസ്ഥ എന്നു വിചാരിക്കാൻ തരമില്ല. എന്തുകൊണ്ടെന്നാൽ ആ പ്രക്ഷോഭണത്തിൽ ഈഴവരെപോലെയോ അതിൽ കൂടുതലായോ പങ്കെടുത്തിരുന്ന ക്രിസ്ത്യാനികളുടേയും മുസ്ലീങ്ങളുടേയും അവകാശങ്ങളെ ഗവമ്മെണ്ടു വിസ്മരിച്ചു കാണുന്നില്ല. ഈഴവരുടെ കാര്യം വിസ്മരിക്കുവാനുള്ള ഹേതു എന്തെന്നറിവാൻ പ്രയാസമായിരിക്കുന്നു. ഉയർന്നതരം ഉദ്യോഗങ്ങളിൽ വിദേശത്തുനിന്നു ആളുകളെ വരുത്തി പ്രതിഷ്ഠിക്കുന്ന മുൻകാലങ്ങളിലെ പതിവുകൾ കാലക്രമേണ മാറി വരികയായിരുന്നു. ഈ അടുത്തകാലത്തു കാര്യക്ഷമതയെന്നും വൈദഗ്ദ്ധ്യമെന്നും മററും പറഞ്ഞു ഉയർന്ന ഉദ്യോഗങ്ങളിൽ മിക്കവാറും വിദേശികളെത്തന്നെ നിയമിച്ചു കഴിഞ്ഞിരിക്കുന്നു. ഈ വിദേശിയപ്രവാഹം ഉദ്യോഗനിയമനകാര്യത്തിൽ മാത്രമല്ല വ്യവസായം, വാണിജ്യം, കൃഷി മുതലായി നാട്ടുകാർക്കു ജീവസന്ധാരണത്തിനു പര്യാപ്തങ്ങളായ സകല പന്ഥാക്കളിലും സ്വദേശീയപ്രസ്ഥാനങ്ങളെ നഷ്ടപ്രായമാക്കാൻ ഇടയുണ്ടെന്നു രാജ്യവാസികൾ ഭയപ്പെട്ടു തുടങ്ങിയിരിക്കുന്നു.

(തുടരും)

X പൂവത്തുംകടവ് എസ്സ്. എൻ. ജി. എസ്സ്. സമാജത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിന്റെ തുടർച്ച.

# മുസ്‌ലിം സ്ത്രീകളും വിദ്യാഭ്യാസവും

## ഇസ്‌ലാമിൻെറ സുവർണ്ണദശ

(പി. എം. രാവുത്തർ, തൊടുപുഴ)

ഏതൊരു സമുദായമാകട്ടെ, രാഷ്ട്രമാകട്ടെ ഉൽക്കർഷത്തെ പ്രാപിച്ചിട്ടുണ്ടെങ്കിൽ അതു് അതിന്, സിദ്ധിച്ചിട്ടുള്ള സംസ്കാരമനുസരിച്ചാണെന്നുള്ള സംഗതി ചരിത്രം നമ്മെ പഠിപ്പിക്കുന്നു. സംസ്കാരമില്ലാത്ത ജീവിതം കേവലം മൃഗപ്രായമാണെന്ന് തീർച്ചയായിട്ടും പറയാം. സംസ്കാരം ഉണ്ടാകണമെങ്കിൽ യഥാർത്ഥമായ വിദ്യാഭ്യാസം വേണം.

സ്ത്രീയും, പുരുഷനും ഒരുപോലെ വിദ്യാഭ്യാസം ചെയ്തുകൊള്ളണമെന്നും, ശാസ്ത്രീയവും, സാഹിത്യപരവുമായുള്ള വിദ്യാഭ്യാസത്തിനായി ഒരു മണിക്കൂർ നേരം വ്യയം ചെയ്യുന്നതു് ആയിരം ശുഹദാക്കളുടെ (സത്യത്തിനുവേണ്ടി ജീവത്യാഗം ചെയ്തവർ) ശവസംസ്കാരത്തിൽ സംബന്ധിക്കുന്നതിനേക്കാളും, ആയിരം നിശകൾ പ്രാർത്ഥനയിൽ കഴിക്കുന്നതിനെക്കാളും പുണ്യമേറിയതാണെന്നും, മണലാരണ്യത്തിലെ സ്നേഹിതനും, ഏകാന്തവാസത്തിലെ കൂട്ടുകാരനും, അനന്യശരണരുടെ ബന്ധുവും വിദ്യയാണെന്നും, ജ്ഞാനത്തെ അന്വേഷിക്കുന്നവൻ ദൈവത്തെ വന്ദിക്കുകയാണ് ചെയ്യുന്നതെന്നും വിദ്യയ്ക്കു് ജീവൻ നൽകുന്നവർ മൃതരാകുന്നില്ലാ എന്നും, തൊട്ടിൽ മുതൽ ശ്മശാനം വരെ ജ്ഞാനസമ്പാദനത്തിനായി ശ്രമിക്കുക, അതാണു മനുഷ്യധർമ്മമെന്നും മററും നബി തിരുമേനി കല്പിച്ചിരിക്കുന്നതിനെ തീരെ അവഗണിച്ചു് മുസ്ലിമീങ്ങൾ അവരുടെ നാരീജനങ്ങളെ അജ്ഞാനാന്ധകാരത്തിൽ ഇട്ടു് നിർജ്ജീവ സത്വങ്ങളെ പോലെ ജീവിക്കുവാൻ മാത്രമാണ് അനുവദിക്കുന്നതു്. അഹോ കഷ്ടം! അല്ലയോ മുസ്ലിം സമുദായമെ! സ്ത്രീത്വത്തെ തീരെ കെടുത്തിക്കൊണ്ടു് ഒരു സമുദായവും മുമ്പോട്ടു പോയിട്ടില്ല. ഏതൊരു സമുദായത്തിലെ സ്ത്രീകളാണോ പരിഷ്കാരോന്മുഖരും, അഭ്യസ്തവിദ്യരുമായിത്തീരുന്നതു് ആ സമുദായത്തിനു മാത്രമെ അഭിവൃദ്ധിയുണ്ടാകുവാൻ മാർഗ്ഗമുള്ളൂ. മുസ്ലിം സ്ത്രീകൾക്കു വിദ്യാഭ്യാസമില്ലെങ്കിൽ എങ്ങനെയാണ് ആ സമുദായത്തിൻെറ സാമ്പത്തികവും, സാമ്മാർഗ്ഗികവുമായ സ്ഥിതി നന്നായി തീരുന്നതു്? മനുഷ്യരുടെ സകലവിധമായ അഭ്യുദയത്തിനും ഐശ്വര്യത്തിനും ഹേതുഭൂത സ്ത്രീയാണെന്നും, ലോകം തന്നെ സ്ത്രീയാണെന്നും, സ്ത്രീയില്ലെങ്കിൽ ലോകമില്ലെന്നും, പുരുഷന്മാരെപോലെ തന്നെ സ്ത്രീകളും മഹത്തായ ലോകകാര്യങ്ങൾ നടത്തുവാൻവേണ്ടി ആത്മീയശക്തി കൊടുത്തു സൃഷ്ടിക്കപ്പെട്ടിട്ടുള്ള വ്യക്തികളാണെന്നും ധരിച്ചു് സമുദായസ്നേഹികൾ ഉടനടി മുസ്ലിം കേന്ദ്രങ്ങളിൽ മുസ്ലിം ബാലികാ പാഠശാലകൾ സ്ഥാപിക്കുന്ന വിഷയത്തിലും, അതിലേക്കായി ഒരു വിദ്യാഭ്യാസനിധിശേഖരിക്കുന്ന വിഷയത്തിലും ശ്രദ്ധ പതിപ്പിക്കേണ്ടതാകുന്നു.

കുലീന കുടുംബങ്ങളിലെ ചില മുസ്ലീം സഹോദരന്മാർ സ്ത്രീകളെ പഠിപ്പിക്കുന്നതു മതവിരുദ്ധമാണെന്നും, തങ്ങളുടെ സഹോദരിമാർക്കും വിദ്യാഭ്യാസം നൽകിയാൽ (മതവിദ്യാഭ്യാസം ഒഴിച്ചു്) പാപമാണെന്നും, പഠിപ്പും പരിഷ്ക്കാരവും കൊണ്ടു് സ്ത്രീകൾ വഴിപിഴച്ചു പോകുമെന്നും മററും പറഞ്ഞു് കേട്ടിട്ടുണ്ടു്. ഇവരുടെ മൌഢ്യത്തെപ്പററിയും, മാമൂൽ മനഃസ്ഥിതിയെക്കുറിച്ചും എന്തു പറയട്ടെ! സ്ത്രീകൾ ചീത്തയാകുന്നതും നന്നാകുന്നതും അവരെ വളർത്തുന്ന രീതിയെയാണ് പ്രധാനമായി ആശ്രയിച്ചിരിക്കുന്നതു്. പഠിപ്പും, പാകതയും അവരുടെ നടപടിയെ പരിശുദ്ധമാക്കിത്തീർക്കുവാൻ പ്രേരകമായി തീരുമെന്നു് നിസ്സംശയം അഭിപ്രായപ്പെടാം.

മുസ്ലീം സ്ത്രീകളുടെ വിദ്യാഭ്യാസ വിഷയത്തിൽ സമുദായം ഉണർന്നു പ്രവർത്തിക്കേണ്ട കാലം വൈകിയിരിക്കുന്നു. സമുദായ ഗാത്രത്തിൻെറ പകുതിഭാഗം മാത്രം നന്നാവുകയും മററെ ഭാഗം നന്നാകാതിരിക്കുകയും ചെയ്യുന്നതു കൊണ്ടു് ഒരുഫലവുമില്ല.

ശാസ്ത്രീയമണ്ഡലത്തിലും, രാഷ്ട്രീയലോകത്തിലും മററു സ്ഥാനങ്ങളിലും ആരാധ്യമായ മഹനീയസ്ഥാനങ്ങളെ പ്രാപിച്ചിട്ടുള്ള ഉജ്ജ്വലതാരങ്ങൾ നമ്മുടെ സമുദായത്തിലുണ്ടെങ്കിലും; മലയാളത്തിലെ മുസ്ലിം സ്ത്രീകൾ സാമാന്യ വിദ്യാഭ്യാസമോ, ആദ്ധ്യാത്മിക വിദ്യാഭ്യാസമോ ലഭിക്കാതെ എട്ടും പൊട്ടും തിരിയാത്ത നിലയിൽ വളർന്നുവന്നു് ഭാര്യമാരായും, മാതാക്കളായും തീർന്നാൽ നമ്മുടെ ഭാവി ദയനീയമായിരിക്കും. ഗൃഹഭരണം, പാചകവിദ്യ, ശിശുസംരക്ഷണം, ഭവനശുചീകരണം, സംഗീതം, പ്രസവശുശ്രൂഷ, സമുദായസേവ മുതലായ കൃത്യങ്ങളിൽ സ്ത്രീകൾ വിദഗ്ദ്ധകളായി തീരണമെന്നുണ്ടെങ്കിൽ അവർക്കു വിദ്യാഭ്യാസത്തിൻെറ ആവശ്യം ഒഴിച്ചുകൂടാത്തതാകുന്നു.

ഇസ്ലാമിൻെറ സുവർണ്ണദശയിൽ മുസ്ലീംസ്ത്രീകളുടെ സ്ഥിതി ഇതായിരുന്നില്ല. ഇസ്ലാം സ്ത്രീവിദ്യാഭ്യാസത്തെ നിഷേധിക്കുന്നില്ല. ഇസ്ലാമിൻെറ സുവർണ്ണകാലത്തു് മുസ്ലീംസ്ത്രീകൾ വിദ്യാഭ്യാസകാര്യത്തിലും, സാമുദായികവും രാഷ്ട്രീയവും, സാമ്മാർഗ്ഗികവുമായ വിഷയങ്ങളിലും മതാനുഷ്ഠാനത്തിലും ഇന്നത്തെക്കാൾ എത്രയോ അഭിവൃദ്ധിയിലായിരുന്നു. ഇസ്ലാം സ്ത്രീകൾക്കു് കല്പിച്ചിട്ടുള്ള സ്ഥാനം ലോകചരിത്രത്തിൽ അനന്യസാധാരണമായതാണ്. സ്ത്രീകളെ ഒരു പ്രത്യേക ഘടകമായി ഇസ്ലാം കരുതുന്നില്ല. നേരെമറിച്ചു് ജീവിതത്തിൻെറ എല്ലാ തുറകളിലും പുരുഷൻെറ പങ്കാളിയായിട്ടത്രേ സ്ത്രീകളെ ഇസ്ലാംമതം ഗണിക്കുന്നതു്. സ്ത്രീകളുടെ പ്രവർത്തനങ്ങളെ വീട്ടുകാര്യങ്ങളിലും ഭർത്തൃശുശ്രൂഷയിലും മാത്രമല്ല നിർത്തിയിരുന്നതു്. രാജ്യകാര്യങ്ങളിലും, സാഹിത്യം, സംഗീതം, കല, കവിത, തത്വശാസ്ത്രം മുതലായവയിലും അവർ പങ്കെടുക്കുകയും അവയിലെല്ലാം ആശ്ചര്യകരമായ പുരോഗതിയും അഭിവൃദ്ധിയും നേടുകയും ചെയ്തിരുന്നു.

പ്രാചീന മുസ്ലീങ്ങളുടെ കാലത്തു സ്ത്രീവിദ്യാഭ്യാസാർത്ഥം അനേകം വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെടുകയും അത്തരം വിദ്യാലയങ്ങളിൽ രാജകീയ കുടുംബങ്ങളിലേയും ദരിദ്ര കുടുംബങ്ങളിലേയും കുട്ടികൾ ചേർന്നു പഠിക്കുകയും ചെയ്തിരുന്നു. പാണ്ഡിത്യമുള്ള അദ്ധ്യാപികമാരെ നിയമിക്കപ്പെട്ടിരുന്ന ഈ വിദ്യാലയങ്ങൾക്കു് കുലീനകുടുംബങ്ങൾ വലിയ സംഭാവനകൾ നൽകിയിരുന്നു. നിയമം, കല, വിദ്യ, ശാസ്ത്രം, കവിത, തത്വശാസ്ത്രം മുതലായ വിഷയങ്ങൾ ഈ വിദ്യാലയങ്ങളിൽ പഠിപ്പിച്ചിരുന്നു. ഇസ്ലാമിൻെറ ആദ്യകാലംമുതൽ അബ്ബാസിയാഭരണത്തിൻെറ അവസാനംവരെ മുസ്ലിം സ്ത്രീവിദ്യാഭ്യാസം വളരെ ഉൽകൃഷ്ടമായ നിലയിലായിരുന്നു.

ജീവിതത്തിൻെറ എല്ലാ തുറകളിലും, ഖ്യാതിയും, കീർത്തിയും, പ്രശസ്തിയും നേടിയിട്ടുള്ളവരും, മുസ്ലിങ്ങളുടെ മാത്രമല്ല വിശ്വവിഖ്യാതന്മാരായ അമുസ്ലീം മാന്യന്മാരുടേയും പ്രശംസക്കു് പാത്രീഭൂതകളായിട്ടുള്ളവരും, ഇസ്ലാമിൻെറ ചരിത്രത്തെ ശോഭാപൂരിതമാക്കിയിട്ടുള്ള പ്രോജ്ജ്വലതാരങ്ങളായ അനവധി മഹിളാരത്നങ്ങളെപ്പററി ഇസ്ലാമിൻെറ ആദിമകാലചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ടു്. ഖലീഫാഹാറൂൺറശീദിൻെറ ഭാര്യ സുബൈദ വിദ്യാഭ്യാസവകുപ്പിൻെറ രക്ഷാധികാരിണിയും, വലിയ വിദുഷിയും മാത്രമായിരുന്നില്ല. ഖലീഫ പലപ്പോഴും രാജ്യകാര്യങ്ങളിൽ അവരുടെ ഉപദേശം സ്വീകരിച്ചിരുന്നു. ഇമാംഹസ്സൻ(റ)ൻെറ പുത്രി സകീനാ വലിയ ഒരു വിദുഷിയും ബുദ്ധിമതിയും ആയിരുന്നു. അവരുടെ സ്വഭാവനൈർമ്മല്യവും വിദ്യാഭ്യാസവും വളരെ പ്രസിദ്ധമായിരുന്നതിനാൽ പല സംഗതികളിലും അവരോടുപദേശം വാങ്ങുന്നതിന് ആളുകൾ അവരുടെ അടുക്കൽ സദാ ചെന്നിരുന്നു. അവരുടെ വീടു് വിദ്യാതല്പരന്മാരുടേയും, ന്യായാധിപന്മാരുടേയും, ശാസ്ത്രജ്ഞന്മാരുടേയും, തത്വജ്ഞാനികളുടേയും സമ്മേളനസ്ഥലമായിരുന്നു. ആ മഹതി അവരോടെല്ലാം സ്വതന്ത്രമായി വാദപ്രതിവാദം നടത്തിയിരുന്നു. കൂടാതെ വാദപ്രതിവാദസഭകൾ അവരുടെ വീട്ടിൽ സമ്മേളിക്കുകയും അവയിൽ അവർ അദ്ധ്യക്ഷത വഹിക്കുകയും വിജ്ഞാനപ്രദങ്ങളായ പ്രസംഗങ്ങൾ നടത്തുകയും ചെയ്തിരുന്നു. ഖലീഫാ അബൂബക്കർ (റ) ൻെറ പുത്രി അയിഷ (റ) വലിയ ഒരു വിദുഷിയും, അഗാധ ജ്ഞാനിയും ആയിരുന്നു. അനേകം ഹദീസുകൾ (നബിവചനങ്ങൾ) ആ മഹതി പലർക്കും ഉപദേശിച്ചു കൊടുത്തിട്ടുണ്ടു്. ശൈഖ് സുഹ്ദാ എന്നു പേരായ ബഗ്ദാദിലെ ഒരു മഹിള സംസ്കാരത്തിലും, പഠിപ്പിലും വളരെ യോഗ്യത നേടിയവരും പള്ളികളിൽ വച്ചു് ഉപദേശപ്രസംഗങ്ങൾ നടത്തിയിരുന്നവരുമാണ്. സയൻസ്, രാജ്യമീമാംസ, തത്വശാസ്ത്രം എന്നിവകളിൽ അപാരമായ പാണ്ഡിത്യം നേടിയിരുന്ന വനിതയുടെ നാമം അക്കാലത്തെ പ്രസിദ്ധ പണ്ഡിതന്മാരുടെ കൂട്ടത്തിൽ ജനങ്ങൾ എടുത്തു പറഞ്ഞിരുന്നു. വിവിധവിഷയങ്ങളിൽ നൈപുണ്യം കരസ്ഥമാക്കിയിരുന്ന നജ്ഹൂൻ ഒരു കവിയിത്രിയും, പ്രാസംഗികയും, ചരിത്രകാരിയും, സാഹിത്യപടുവും ആയിരുന്നു. റസൂൽ (സ) തിരുമേനിയുടെ പുത്രി ഫാത്തിമ (റ) ഭംഗിയേറിയ കവിതകൾ രചിച്ചിരുന്നു. മാലിക് അശ്റഫിൻെറ മകൾ 'വിദുശിഖാത്തൂൻ' ഡമാസ്കസിയും, (ദിംശ്ഖിൽ) ഹെംസിലെ ഗവർണ്ണരായിരുന്ന നാസിദ് ദ്ദൌലയുടെ പത്നി ജംറുദ്ഖാത്തൂനും മറെറാരു കോളേജ് സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ഔറംഗസീബ് ചക്രവർത്തിയുടെ പുത്രി സേബുന്നിസ്സ മനോഹരങ്ങളായ ഉത്തമകവിതകൾ രചിച്ചിരുന്നു. കവനത്തിലുള്ള അവരുടെ യോഗ്യതയെ പരിഗണിച്ചു് അവക്ക് മാതാത്തയെ – ഹിന്ദു എന്ന ബഹുമതിനാമം നൽകപ്പെട്ടിരുന്നു. ഖലീഫമുഖ്ത്തദിറിൻെറ മാതാവു് ഒരു അപ്പീൽകോടതിയുടെ അദ്ധ്യക്ഷയായിരുന്നു. ആ മഹോന്നതമായ നീതിന്യായാസനത്തിലിരുന്നുകൊണ്ടു് അവർ അപ്പീൽകേൾക്കുകയും വിധികൾ കല്പിക്കുകയും ചെയ്തിരുന്നു. സൈനബ, ഹഫ്സാ, സൂഫിയാ, ഹംദാ, മുതലായ സാഹിത്യശിരോമണികളായ മഹരീരത്നങ്ങളുടെ കാര്യം സുവർണ്ണലിപികളിൽ ഇസ്ലാമിൻെറ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതു് ആരും അറിയാത്തതല്ല. പൂർവ്വകാലത്തെ ഈ മുസ്ലീംവനിതമാരുടെ നിലയുമായി ഇന്നത്തെ മുസ്ലീംവനിതമാരുടെ വിദ്യാഭ്യാസസ്ഥിതിയെ താരതമ്യംചെയ്യുമ്പോൾ, ഇന്നത്തെ മുസ്ലീം സ്ത്രീകൾ അധഃപതനക്കുണ്ടിൽ പതിച്ചു് ഭവനഭിത്തികൾക്കുള്ളിലിരുന്നു നശിക്കുന്ന ആ ദയനീയമായ കാഴ്ച എത്രമാത്രം മർമ്മഭേദകമാണെന്ന് ചിന്തിപ്പാൻ കൂടി വയ്യാ ഹാ! കഷ്ടം നാളത്തെ പൌരരാകുവാനുള്ള ഇന്നത്തെ ശിശുക്കളെ വേണ്ടപോലെ പരിപാലിച്ചു വളർത്തുവാനുള്ള ഇവർ അജ്ഞകളും, അന്ധവിശ്വാസനിമഗ്നകളും, അനാരോഗ്യവതികളും ആയിരിക്കുന്നപക്ഷം രാജ്യത്തിനും, സമുദായത്തിനും ഉണ്ടാകാവുന്ന അപകടവും, അനർത്ഥവും ചില്ലറ വല്ലതുമായിരിക്കുമോ?

ശക്തിയും, അറിവും, പഠിപ്പും, ശുദ്ധിയും, സത്യവും, പൌരുഷവുമുള്ള ഒരു മുസ്ലീം പൌ

# ഫാക്റ്ററിയിലേക്ക്

## ഒരു ഏകാങ്കനാടകം

(പി. കേശവദേവ്)

[പ്രഭാതം. കൊച്ചിയിലെ ഒരു തൊഴിലാളി കേന്ദ്രത്തിലുള്ള ഒരു കുടിൽ]

മറിയം, കുടിലിന്റെ വാതുക്കലിരുന്ന്, പഴകി ഉന്നാമൽ പോയ ഒരു കുട്ടവൻ പിഞ്ഞാണത്തിലുള്ള കഞ്ഞിവെള്ളത്തിൽ നീന്തിക്കളിക്കുന്ന പഴഞ്ചോറു തപ്പിപ്പിടിച്ചു കോരിക്കുന്നു. ഒരു വല്ലായ്മയോടെ, അടുത്തിരിക്കുന്ന കറിച്ചട്ടിയിൽ നിന്ന് മീൻചാറു വിരൽ കൊണ്ടു തൊട്ടു നക്കുന്നു. ഒരു മുഷിഞ്ഞ നാറിയ മുണ്ടും കീറിയ ചട്ടയും ധരിച്ചിരിക്കുന്നു. കഴുത്തിൽ, കറുത്ത ചരടിന്മേൽ ഒരു ബന്തിങ്ങ നീട്ടിയും, ഒരു കെട്ടമിന്ന് കുറുക്കിയും കെട്ടിയിട്ടുണ്ട്. ഉദ്ദേശം 24 വയസ്സു പ്രായം. അല്പം ഉയരം കൂടി, ഇരുനിറത്തിലുള്ള ആരോഗ്യമേറിയ ശരീരം.

ഇടതുകയ്യിലുള്ള ചെറിയ വാഴയിലപ്പൊതിയിൽ നിന്നു വെററില യെടുത്തു വായിലിട്ട് ഉണക്കച്ചുണ്ണാമ്പു കടിച്ചുകൊണ്ട് മദ്ധ്യവയസ്കയായ പാറുവും, തലമുടി കോതിക്കൊണ്ട് മന്ദഹാസത്തോടെ ചെറുപ്പക്കാരിയായ ലക്ഷ്മിയും, ഉടുത്തിരിക്കുന്ന മുണ്ടിന്റെ പിറകിലുള്ള ഞെറിവുകളുടെ ഭംഗി തിരിഞ്ഞു നോക്കിക്കൊണ്ട് യുവതിയായ റീത്തയും ഒപ്പം പ്രവേശിക്കുന്നു. മൂന്നുപേരും മുററത്ത്, മറിയയുടെ സമീപം നില്ക്കുന്നു.]

പാറു:—(മറിയയോട്) ഇതെന്താണെടോ? ഒന്നേരടോ എന്താണടിച്ച് മാറണത്?

മറിയം:—(വിപരീതാർത്ഥദ്യോതകമായി) ഉം. അടിച്ച് മാറണ്—എറച്ചീം ചോറും. ദേ, ഇങ്ങോട്ട് നോക്ക് (പിഞ്ഞാണം ചെരിച്ചു കാണിക്കുന്നു)

പാറു:—അല്ലാ! ഇതില് കുടിച്ച് ചാവാല്ലോടൊ.

മറിയം:—പിന്നെന്താണ് കരുതീത്? എറച്ചീം ചോറു ആണെന്നാണ് കരുതീത്?

പാറു:—എന്നാലും ഒരു പിടി പററ് വേണ്ടേടോ.

മറിയം:—പാറുച്ചോത്തി എന്താണ് പറേണത്. ഇന്നലെ നാഴി അരിയിട്ട് കൊതപ്പിച്ചതാണ്. അതിന്ന് അച്ഛനും, അമ്മേം, ഞങ്ങ രണ്ടുപേരും അത്താഴം കുടിച്ചാല്, പിന്നെ എന്തുണ്ടാവൂടോ പാറുച്ചോത്തി.

പാറു:—ക്ടാങ്ങളും മററും ഇല്ലാത്ത നിങ്ങളിങ്ങനെ പറേമ്പഴ്, നാലു് ക്ടാങ്ങളൊള്ള ഞങ്ങ എന്തു കാട്ടടോ?

മറിയം:—കണ്ടച്ചോൻ ദെവസോം പത്തുപന്ത്രണ്ടണ കൊണ്ടോണ്ടു വരണില്ലെ? അപ്പപ്പിന്നെ നിങ്ങക്കെന്താണ്?

പാറു:—ഉം! പത്തുപന്ത്രണ്ടണ ദെവസോം! എവടന്നാന്ന്? വല്ലപ്പഴും പണി കിട്ട്യാ പത്തുപന്ത്രണ്ടണ കിട്ടും. പിന്നെ, പണി ദിവസോം കിട്ട്വോടോ? ഈ മാതത്തില് അഞ്ചു ദിവസമാണ് പണിക്ക് പോയത്. എങ്ങനെ കഴിയാനാണ്? കാക്ക മാപ്ളക്കാണെങ്കി, ദെവസോം പണിയൊണ്ട്. ഒരു രൂപ ഒന്നര രൂപ ദെവസോം കിട്ടും.



മറിയം:—അയ്യോ! എന്റെ പാറുച്ചോത്തി! ഇങ്ങനെ പറഞ്ഞാല്, നിന്നോടം താണുപോവ്വേ. ഇന്നലെ നാലു നാഴിക ഇരുട്ടണതു വരെ ബോട്ടുകടവില് കാത്തുകിടന്നിട്ട് എട്ടര അണയാണ് കിട്ടീത്. അതിന്ന് ആറണ വണ്ടിക്കൂലീം കൊടുത്തേച്ച് മുപ്പത് കായും കൊണ്ടിവട വന്ന്. അതീന്ന് നാഴി അരീം, മൂന്നു കായിന്റെ ചാളേം, രണ്ടുകായിന്റുപ്പുംമൊളകും ഒരു കായിന്റെ മണ്ണെണ്ണേം, മൂന്നുകായിന്റെ ചവക്കാനും മേടിച്ച്. എന്റെ പാറുച്ചോത്തി! അതു കൊതപ്പിച്ചെടുക്കാൻ പെട്ടപാട്!........കത്തിക്കാനൊന്നുമില്ലാണ്ടെന്തെടുക്കാനാണ്.

റീത്ത:—അതൊന്നും കൂട പറ, മറിയത്താത്തീ ഇന്നലെ മോന്തിക്ക് കഞ്ഞി അടപ്പത്തിട്ടേച്ചും ഊതി ഊതി തലവേദന വന്നിട്ട് ഇപ്പോഴും മാറീട്ടില്ല.

ലക്ഷ്മി:—മറിയക്കൊച്ചമ്മോ! നിങ്ങ എന്തിനാണ് ദാലിദ്ര്യം പറേണത്? നിങ്ങക്ക് മൂന്നണ കൂലിയൊണ്ടല്ലൊ.

മറിയം:—ഉം! ലക്ഷ്മി എന്താണ് പറേണത്. ഇപ്പ രണ്ടാഴ്ശ ആയില്ലെ, കമ്പനീന്ന് കൂലി കിട്ടീട്ട്. പിന്നെ കാക്ക മാപ്ള വല്ലാരിക്കടേം വണ്ടിക്കൂലിക്ക കൊണ്ടോണ്ടു പോയിട്ട് കിട്ടണതോണ്ടാണ് വല്ലോം കൊതപ്പിച്ച് കുടിക്കണത്.

പാറു:—കാക്ക മാപ്ള ആരിക്കടെ വണ്ടിയാണ് കൊണ്ടോണ്ടു പോണത്?

മറിയം:—റെപ്പേലു മൊതലാളീടെ വണ്ടിയാണ്. ആ തുപ്പലു വിഴുങ്ങീടെ വണ്ടീംകൊണ്ടോണ്ടു പോയാല്, അരിക്ക് കായ് കിട്ടൂല. ഒരു ദെവസം വണ്ടിക്കൂലി കൊടക്കാഞ്ഞാലയാള് അമ്മക്കും അപ്പനും പറയും..........ആ, ഇന്നലത്തെ വിശേഷം പറഞ്ഞില്ലല്ലോടൊ, പാറുച്ചോത്തി. ഞാനതും ഓത്തോണ്ടാണ് കഞ്ഞീട മുമ്പിലിരുന്നത്.

പാറു:—ഇന്നലെ എന്തൊണ്ടായീടൊ? കാക്ക മാപ്ളക്കിട്ട് റെപ്പേലുമൊതലാളി കൊടത്താ?

മറിയം:—കൊടത്താനമ്മ എന്തെടുക്കാനാണ് പാറുച്ചോത്തീ. നമ്മ, പാവങ്ങള്—വല്യ ആൾക്കാരോട് എന്തെടുക്കാനാണ്?

പാറു:—എന്തിനാണയാള് കാക്ക മാപ്ളേനെ തല്ലീത്?

മറിയം:—താൻ കേട്ടോ. ദെവസോം അയാക്കട വണ്ടിയാണ് കൂലിക്ക് കൊണ്ടോണ്ട് പോണത്. മിനിഞ്ഞാന്ന് വണ്ടികൊണ്ടുക്കൊടത്തപ്പഴ് കൂലി കൊടത്തില്ല. നാളെ തരാന്നും പറഞ്ഞേച്ച് പോന്ന്. ഇന്നലെ, ഞാമ്പറഞ്ഞില്ലെ, എട്ടര അണയാണ് കിട്ടീത്. അതീന്ന് ആറണ അങ്ങോട് കൊടത്ത്. ശേഷം നാളെ കൊടക്കാന്നും പറഞ്ഞ്. അയാള് വിട്ടില്ല. കൂലി മുഴവൻ തീർത്തു വയ്യടാ, നിന്റപ്പനാണോടാ വണ്ടി പണിതിട്ടിരിക്കണത്, പട്ടീ, എരപ്പാളി, എന്നെല്ലാം വിളിച്ചും കൊണ്ട് കഴുത്തിപ്പിടിച്ചൊരു തള്ള്. കല്ലുമ്മച്ചെന്നങ്ങോട്ട് മലന്ന് വീണിട്ട്, പൊറം മുഴവനങ്ങോടൊരഞ്ഞിട്ട്, ചോര എടുക്കണ് പാറുചോത്തി. പണ്ടേതന്നെ വണ്ടിവലിച്ച് വലിച്ച് ഏററ് നടക്കാമ്മേല.

റീത്ത:—ഒള്ളതാണ്. കാക്കച്ചേട്ടൻ നടക്കുമ്പഴും ഇരിക്കുമ്പഴും ഒരു ചൊമയൊണ്ട്.

മറിയം:—മാതാവേ! ഇതങ്ങോട്ട് കേട്ടപ്പഴ്, എന്റെ തലയങ്ങോട് ചുററീട്ട്, കണ്ണു കാണാതായിപ്പോയി. പാറുച്ചോത്തി! ഒരു ദെവസം പായുമ്മക്കെടന്നാല്.......................

പാറു:—ആ. ഒരു ദെവസം പായുമ്മക്കെടന്നാലറിയാം.

മറിയം:—എടോ! തന്നിക്കറിയാമ്മേലെ. ഞാൻ കമ്പനീ പോണന്നുംവച്ച്, എന്താണ് കിട്ടണത്? ഒരു ദെവസം കാക്കമാപ്ള വണ്ടി വലിക്കാൻ പോയില്ലെങ്കി കുടുമ്മം പഷ്ണിയാണടൊ. ഇന്നലെ അത്താഴം കുടിച്ചോണ്ടിരിക്കുമ്പഴ്, പാത്രത്തി കണ്ണീര് വീഴണ്. എന്റെ നെഞ്ച് പൊടിഞ്ഞു പോയീടൊ. (ഊർദ്ധ്വദൃഷ്ടികളോടെ) മാതാവെ! അവന് പത്രക്ഷ കാണിച്ചുകൊടുക്കണേ!

ലക്ഷ്മി:—റെപ്പേലുമൊതലാളി നിങ്ങക്കട ജാതിക്കാരനല്ലെ?

റീത്ത:—ആ. ജാതിക്കാരനാന്നെങ്കിലും വിചാരിച്ചില്ലല്ലൊ, അയാള്.

മറിയം:—(ഹാസ്യദ്യോതകമായി) ഉം! ജാതിക്കാര്! കായിന്റേം പണത്തിന്റെയും കാര്യത്തില് ജാതിക്കാരുമല്ല, ബന്ധുക്കാരുമല്ലാടി റീത്തേ. പാവങ്ങൾക്ക് പാവങ്ങളാണ് ജാതിക്കാര്. പണോള്ളോരിക്ക്, പണോള്ളോര് ജാതിക്കാര്. അതാണ് മൊറ.

പാറു:—അതൊന്നും കൂടപ്പറാടോ. ഞങ്ങക്കട ജാതിക്കാരന്റെ പറമ്പിലാണ് ഞങ്ങ സാമ്തിക്കണത്. കഴിഞ്ഞ വെള്ള്യാഴ്ശ അരിമേടിക്കാൻ കായില്ലാഞ്ഞിട്ട് അങ്ങത്ത ആള് ഒരു തെങ്ങുമ്മക്കേറി നാലഞ്ച് തേങ്ങ ഇട്ട് അരിമേടിച്ച്. തെങ്ങേ കേറിക്കാൻ മൊതലാളൻ വന്നപ്പഴ് പിരിവു കണ്ട്. വിളിച്ചു ചോദിച്ചപ്പഴങ്ങോട് സമ്മതിക്കേം ചെയ്ത്. അരിമേടിക്കാൻ കായില്ലാഞ്ഞിട്ടാണെന്ന് പറഞ്ഞ്. അങ്ങനെ അയാള് ഒന്നും രണ്ടും പറഞ്ഞു നിന്നേച്ചും, അങ്ങത്തെ ആളിന്റെ കരണത്തൊരാ! തലയങ്ങോട് കറങ്ങിപ്പോയെടോ. എന്തു പറയാനാണ്! ഇതാണ് ജാതിക്കാരിക്കട തൊഴില്.

---

രാസഞ്ചയത്തെ സൃഷ്ടിക്കണമെന്ന് മുസ്ലീമീങ്ങൾ വിചാരിക്കുന്നുണ്ടെങ്കിൽ സ്ത്രീ വിദ്യാഭ്യാസ വിഷയത്തിൽ മുന്നോട്ടു നോക്കികൊള്ളട്ടെ! ഇതിന് മുസ്ലിമീങ്ങൾ ചെയ്യുന്ന വിധിയിലാണു സമുദായത്തിന്റെ ക്ഷേമം സ്ഥിതിചെയ്യുന്നതു്. ദൈവദത്തമായ വിവേചനാശക്തി ഉപയോഗിച്ച് നല്ലതും, തീയതും കണ്ടു പിടിച്ച് മുന്നോട്ടു പോകുവാൻ വിദ്യയുടെ സഹായം ഇല്ലാതെ സാധിക്കുകയില്ല. മുസ്ലീം മഹിളാ ലോകം കാലോചിതമായ വിദ്യാഭ്യാസത്താൽ അനുഗ്രഹീതരായിട്ടുണ്ടോ? അതിനുള്ള വല്ല പരിശ്രമങ്ങളും സമുദായത്തിന്റെ വകയായി ആരംഭിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ സമുദായ നേതാക്കന്മാരുടേയും ചിന്തകന്മാരുടേയും ഗാഢമായ ശ്രദ്ധ ഉടനടി ഈ വിഷയത്തിൽ പതിയേണ്ടതാകുന്നു.

സ്ത്രീകളുടെ ഉൽകൃഷ്ടത നമ്മുടെ ഉയർച്ചയാണു എന്നുള്ളതിനെ അപ്പടമാക്കി; ബാലികാവിദ്യാലയങ്ങൾ തുറക്കുന്നതിനുള്ളകാലം അത്ര വിദൂരമായിരിക്കുകയില്ലെന്ന് തന്നെ വിശ്വസിക്കുന്നു ഇത്തരത്തിൽ പ്രവർത്തിച്ച് അവക്കു തക്കതായ വിദ്യാഭ്യാസം നൽകുന്നതായാൽ ആ പൂർവ്വകാല മഹാത്മ്യം വീണ്ടും നേടുവാൻ സാധിക്കുന്നതാണ്.

———

റീത്ത:—നേരാണ് മറിയത്താത്തി! നമ്മട ജാതിക്കാര് ഒരുപാട്ട് കാശും ചമ്പളോം ഒള്ളോരില്ലെ? നമ്മെകണ്ടാ മൂണ്ടോ മറിയത്താത്തീ? വെറുതെ ആണ് ജാതിക്കാരെന്നും മററും പറേണതു്.

പാറു:—(സൂര്യനെ നോക്കിയിട്ട്) അല്ലാ! നേരം പോയല്ലാടോ. കമ്പിനീ പോവാൻ സമയമായി. ഇങ്ങനെ വർത്താനം പറഞ്ഞു നിന്നാട്ട്, നേരം വഴക്യാപ്പിന്നെ അങ്ങാട് ചെന്നാട്ട് വെറുതെ ഇങ്ങാട് പോരാം.

മറിയം:—ഈ കഞ്ഞോളം കുടിക്കട്ടെടൊ, പാറുച്ചോത്തീ! (കഞ്ഞിവെള്ളം എടുത്തു കുടിക്കുന്നു)

റീത്ത:—കാക്കച്ചേട്ടനെങ്ങാട് പോയി?

മറിയം:—(പാത്രം താഴെ വച്ചിട്ട്) എങ്ങാട്ട് പോയെന്നാക്കയാം. വെളുപ്പിനേററ് എന്നോടൊന്നും മുണ്ടാണ്ട് എറങ്ങിപ്പോണകണ്ട്. വൈശ്യക്കാരൻെറങ്ങ് പോയാരിക്കും.

ലക്ഷ്മി:—ഇനിയങ്ങാടേര് നേരംപോണ കണ്ടില്ല.

മറിയം:—(വീണ്ടും കഞ്ഞിവെള്ളം കുടിച്ചിട്ട്) ആ! ഇന്നെന്താണ് ലക്ഷ്മീടെ തള്ളവരാഞ്ഞത്?

ലക്ഷ്മി:—അതു; പറഞ്ഞാല്, അവടന്നും പോണം. അമ്മ ഇന്നലെ കമ്പിനീന്ന് വന്നേച്ചും പായുമ്മക്കേറി കെടന്നതാണ്. ഒരു കേടില്ലാണ്ട് നടന്ന അമ്മക്ക് ഒരു പനിയങ്ങാട്ട് തൊടങ്ങിട്ട്......................

മറിയം:—മാതാവേ! ഇന്നലെ നമ്മ ഒന്നിച്ചല്ലെ, കമ്പനീന്ന് വന്നത്.

ലക്ഷ്മി:—ആ. അതാണ് പറേണതു്. വീട്ടില് വന്ന് കേറണതു്വരെ അമ്മക്കൊന്നും ഇല്ലാന്ന്. രാത്രി മുഴവനും ഈ വെറവല്ല് (വിറച്ചു കാണിക്കുന്നു) ഞാനും കുട്ടപ്പനും കൂടി കാച്ചിത്തിരുമ്മി.; ചായ കൊതപ്പിച്ച് കൊടത്ത്

മറിയം:—ഇപ്പഴെങ്ങനെ, ഇരിക്കണ്?

ലക്ഷ്മി:—പനിട്ടുമാറീല്ല. വെറവല്ല് നിന്ന്. കുട്ടപ്പനോട്ട്, വെള്ളം കൊടക്കണേടാന്നും പറഞ്ഞേച്ചാണ്, ഞാനിങ്ങാട്ട് പോന്നത്. എന്നാട്ട് കേട്ടോ, മറിയക്കൊച്ചമ്മേ! ഇന്നലെ കായൊന്നില്ലാന്ന്. അമ്മക്ക് ചായവെള്ളം കൊടക്കാൻ ഞാനെന്ത് കാട്ടാനാണ്. എന്നാട്ട്, ഞാൻ കൊത്തിക്കാൻ വച്ചിരുന്ന കോഴിമൊട്ടേന്ന് ഒന്നൊടുത്തോണ്ടുപോയി ശൗരോമാപ്ളേടെ പിടികേക്കൊടത്തേച്ചും, രണ്ടു കായിന് പഞ്ചാരേം, ഒരു കായിന് ചായപ്പൊടീം മേടിച്ച്. അതിങ്ങാട്ട് കൊണ്ടന്നും കളഞ്ഞ്, കൊതപ്പിച്ചങ്ങാട്ട് ചൂടോടങ്ങാട്ട് കൊടത്ത്. അതു കുടിച്ചേപ്പിന്നാണ് അമ്മ നാക്കെടുത്തത്.

(മറിയം വീണ്ടും കഞ്ഞിവെള്ളം കുടിക്കുന്നു. മീൻകൂട്ടാൻ തൊട്ടു നാക്കത്തു വക്കുന്നു. വെറപ്പോടെ മുഖം ചുളിക്കുന്നു. ഛർദ്ദിക്കാൻ ഭാവിക്കുന്നു.)

പാറു:—(ചിരിച്ചുകൊണ്ട്) അല്ലല്ലാ! താനെന്താണടോ, ചൂലീരിക്കണോരിക്കടക്കൂട്ട് മീൻതിന്നപ്പഴ് ഓക്കാനിക്കാമ്പോണതു്? എന്താ, വല്ലോം ഒണ്ടോടോ?

റീത്ത:—നേരാണ്. നമ്മവന്നപ്പത്തൊടങ്ങി മറിയക്കൊച്ചമ്മ ഇങ്ങനെ കാട്ടണതാണ്. നമ്മ കണ്ടില്ലന്നാണ് വിചാരം. എന്താ മറിയത്താത്തീ! വല്ലോം ഒണ്ടങ്കിപ്പറ.

മറിയം:—(നമ്രമുഖിയായി, ലജ്ജാപൂർവ്വമായ മന്ദഹാസത്തോടെ) ഹ! നിങ്ങവെറുതെ ഇരിന്ന്.

പാറു:—എന്താണടോ, തനിക്കിത്ര നാണം. ഇതെങ്ങും ഇല്ലാത്തതാണ്? കെട്ടാത്ത പെറണ്ണുങ്ങളെന്നും. പിന്നെ തനിക്കെന്താണ് പെററാല്—കാക്കമാപ്ളയല്ലെ മുഴുവനായിട്ടിരിക്കണതു്. പാവം! അയാളെക്കൊണ്ട് കൊള്ളാഞ്ഞട്ട്. അല്ലങ്കി ഇപ്പക്കാണാന്ന്, ക്ടാങ്ങരണ്ടു മൂന്നെണ്ണം ഓടിക്കളിക്കണതു്.

(എല്ലാവരും ചിരിക്കുന്നു)

മറിയം:—ഹ! തെറി പറയാതിരിടോ, പാറുച്ചോത്തീ! (വെറുപ്പ് അഭിനയിക്കുന്നു)

പാറു:—ഓ,! ഇതെവടത്തെപ്പുണ്യാളത്തിയാണ്! (മറിയയുടെ മുഖം പിടിച്ചുയർത്തിനോക്കുന്നു)

റീത്ത:—ഈ പാറുച്ചോത്തി ഇന്നാളൊരുദെവസം കമ്പിനീല്വച്ച് ഒരു തെറിയങ്ങാട്ട് പറഞ്ഞട്ട്!

ലക്ഷ്മി:—ഈ പാറുമാമ, ആരാണനോ!

പാറു:—അയ്യോടീ, പുണ്യാളത്തിമാരേ' നിങ്ങ ആരും ഇനി കെട്ടുകേം പെറുകേം ഇല്ലേടീ? അതാ, കെട്ടാത് പെറാമ്പോണോ?

മറിയം:—ആ! പാറുച്ചോത്തിക്ക് കേക്കണൊ, ഒരു കൂത്ത്?

പാറു:—എന്താണടോ?

മറിയം:—(സാർത്ഥകമായ ചിരിയോടെ) നമ്മട പൊറുഞ്ചുമൂപ്പനെന്താണ്, ലക്ഷ്മീടെ ചേരെ നിന്ന് പൊറുപൊറുക്കണതു്? കമ്പിനീച്ചെന്നാപ്പിന്നെ അയാക്കതാണ് പണി.

ലക്ഷ്മി:—(വിവർണ്ണയായിട്ട്) മറിയക്കൊച്ചമ്മേ? ഇല്ലാ പചനം പറേല്ലെ അയാളെപ്പഴാണ് എൻെറ ചേരെ വന്ന് പൊറുപൊറുത്തത്? വല്ലപ്പഴും അങ്ങാട്ടും ഇങ്ങാട്ടും പോവുമ്പഴ്, അയാളെന്നോട്ട് വല്ലോം ഒന്ന ചോതിക്കും. ഞാനതിന് വല്ലോം ഒന്ന പറേം ചെയ്യും.

മറിയം:—അതാണ് ഞാനും പറഞ്ഞതു്. ഞങ്ങടെ ആരിക്കടേം ചേരെ അയാള് വന്നില്ലല്ലോ. അതെന്താണ്?

ലക്ഷ്മി:—നിങ്ങ വിളിച്ച് നിങ്ങക്കടെ ചേരെ നിർത്തിക്കൊ.

മറിയം:—ഇനിക്കാരേം ചേരേ നിർത്തി കൊഞ്ചുകേം കൊഴയുകേം വേണ്ട. അതിനിനിക്ക് വേറെ ആളൊണ്ട്.

ലക്ഷ്മി:—എന്നാ നിങ്ങ മുണ്ടാണ്ടിരി. ഞങ്ങക്കട കാര്യം ഞങ്ങ നോക്കിക്കോളാം.

പാറു:—(ലക്ഷ്മിയോട്ട്) നീയെന്തിനാണ് അയാള് വല്ലോം ചോതിക്കുമ്പഴ് സമാതാനം പറേണതു്. നീ മുണ്ടാണ്ടിരുന്നാ അയാള് പിന്നെ വർത്താനം പറയാൻ വരോ?

ലക്ഷ്മി:—ഞാനൊന്നും മുണ്ടാമ്പോണില്ല പാറുമാമെ. അയാളാണ് ഓരോരൂട്ടം പറഞ്ഞോണ്ട് വന്നത്. എന്നെ എവടക്കണ്ടാലും, അയാക്ക് വർത്താനം പറയണം. ഞാനെന്ത് കാട്ടാനാണ്?

റീത്ത:—നേരാണ് പാറുച്ചോത്തി! പെങ്കാങ്ങളെ കാണുമ്പോഴയാക്ക് പിരാന്ത് വരും. അങ്ങനെയാണ്, ചെല ആണങ്ങള്. അവരിക്കിട തൊഴിലിതാണ്. കമ്പിനീലെ റൈട്ടറില്ലെ—അയാളൊരു ദെവസം എൻെറ ചേരെ വന്നേച്ചും ചോതിക്കണ്, എടീ നിന്നെ കല്യാണം കഴിച്ചോന്ന്. ഞാൻ ചോതിച്ച്, സേറിനതറിഞ്ഞിട്ടെന്തു വേണോന്ന്. അപ്പഴയാള് തെറിപറേണ്. ഞാനൊരോട്ടം കൊടുത്ത്. പിന്നേം അയ്യാക്കട മട്ടിതാണ്.

ലക്ഷ്മി:—ആ! സേറിൻെറ കാര്യം പറഞ്ഞപ്പഴാണ് ഞാനൊരുകൂട്ടം ഓർത്തത്. മിനിഞ്ഞാന്നുച്ചക്ക്, ഞാൻ കമ്പിനീട വാതുക്ക നിക്കുമ്പഴ്, സേറങ്ങാട് വന്നേച്ചും പറഞ്ഞ്, എടീ വൈകുന്നേരം നീയെൻെറ മുറീച്ചു വരണം, നിൻെറ കൂലീട കണക്ക നോക്കണംന്ന്. ഞാൻ നേരാണെന്ന കരുതി, പാറുമാമേ വൈന്നേരം ഞാനങ്ങാട് ചെന്നപ്പഴ്, അയാക്കട മാതിരി അങ്ങാട് മാറീട്ട്, കണ്ണങ്ങാട് ചൊമന്നാട്ട്, ഒരു വെറവല്. അതു കണ്ടപ്പഴെൻെറ പാറുമാമേ, എൻെറ നെഞ്ചങ്ങാട് പൊകഞ്ഞ്. ഞാനിങ്ങാട്ട് ഓടിപ്പോന്ന്.

റീത്ത:—പാറുച്ചോത്തിക്ക് പൊറഞ്ചുമൂപ്പൻെറ കൂത്തു കേക്കണൊ? ഇന്നാളൊരു ദെവസം മോന്തിയായപ്പഴൊണ്ട്, അയാള് കുടീം കഴിഞ്ഞ് ഞങ്ങക്കടങ്ങ് വന്ന് കേറി. അപ്പൻ വേഗം പായ് നീർത്തിട്ട് വെററ്ലപ്പെട്ടീം ഇടുത്ത് വച്ച്. അയാക്ക് അപ്പോഴൊരു ബീഡി വേണം. എന്തുകാട്ടാനാണ്. ഞങ്ങക്കടങ്ങ് ആരും ബീഡി വിലിക്കൂല. ഒരു കായി ബീഡി മേടിക്കാനു വച്ചാല് അതിന് കായൂല. അയാള് വേഗം മടീന്ന് മൂന്നുകായെടുത്തപ്പൻെറ കയ്യിക്കൊടത്തേച്ചും പറഞ്ഞ്, താനിതിന് ബീഡിമേടിച്ചോണ്ട് വാന്ന്. അപ്പനങ്ങാടെങ്ങിപ്പഴയാളെന്നെ വിളിച്ചേച്ചും പറയാണ്, എടീ ഇച്ചിരവെള്ളം കൊണ്ടു വാന്ന്. ഞാൻ വെള്ളം കൊണ്ടു വന്നങ്ങാട് വച്ചതു്, അയാള് കയ്യുമ്മക്കേറി ഒരു പിടിത്തം. അമ്മ മീൻവെട്ടുകാന്ന്. കൊച്ചാങ്ങ്ള വണ്ടിവലിക്കാമ്പോയിട്ട് വന്നല്ല. ഞാനെന്തു കാട്ടാനാണ്. നെലോളിച്ച് ആരുംക്കാരറിഞ്ഞാ, കൊറച്ചിലല്ലേ പാറുച്ചോത്തീ. ഞാൻ കൊതറീട്ടയാള് വിടണില്ല. മാതാവേ! ഇരുമ്പിൻെറ കയ്യാണയാക്കട കയ്യ്! മുണ്ടല്ലേടീ, മുണ്ടല്ലേടീന്നയാള്. വിട് മൂപ്പാ, വിട് മൂപ്പാന്ന് ഞാന്. അപ്പനാണു ഞാൻ കരുതി, അയാളെന്നെ കൊല്ലുംന്ന്. ദൈവം തോന്നിച്ച്—കൊച്ചാങ്ങ്ള വന്നങ്ങോട് കേറി. അയാള് എൻെറ കയ്യും വിട്ടേച്ച് ഒന്നും അറിയാത്തമാതിരി ഒരിരിപ്പ്. അയാളോടെന്ത് പറയാനാണ്! നമ്മ പാവങ്ങളല്ലേ പാറുച്ചോത്തീ. കൊച്ചാങ്ങ്ള പിന്നേം എന്നെയാണ് പെണങ്ങണത്. ആര് പറഞ്ഞടീ അയാക്കട ചേരേ ചെല്ലാനെന്നും പറഞ്ഞ് കൊച്ചാങ്ങ്ള തല്ലാൻ വന്നാരുന്നു.

പാറു:—ഈ ആണങ്ങക്കടൊരുമാലം, പണിക്ക് പാനുംകൂടി മേലാണ്ടായല്ലൊ. പെങ്കിടാങ്ങളെ നിങ്ങക്കടെനെല നിങ്ങ സൂക്ഷിച്ചോ. ഞങ്ങ വയസ്സായവരാണ്.

ലക്ഷ്മി:—ആണങ്ങളങ്ങനെ മെക്കട്ട് കേറാൻ വന്നാല്, ഞങ്ങ എന്തു കാട്ടാനാണ്.

മറിയം:—സൂക്ഷിച്ച് നിക്കണം.

റീത്ത:—ഞങ്ങ സൂക്ഷിച്ചാണ് നിക്കണത്.

പാറു:—മറിയേം! ഇതെന്തിരിപ്പാണ്? ഒന്നാരടോ.

(മറിയം പിഞ്ഞാണിയിലുള്ള കഞ്ഞിവെള്ളം കുടിച്ചുതീർത്തിട്ട്, പിഞ്ഞാണിയും കറിച്ചട്ടിയും എടുത്തുകൊണ്ടു മുററത്തിറങ്ങുന്നു.)

റീത്ത:—(മറിയയുടെ കാതിലേക്ക് നോക്കിക്കൊണ്ട്) അല്ലാ! മറിയത്താത്തീടെ മേക്കാമോതിരം എന്തേ?

മറിയം:—ആ! ഇനി അതു പറ!

പാറു:—എന്താണത് പറയാനിത്രമടി.

മറിയം:—(വ്യസനത്തോടെ) മടിയൊണ്ടായിട്ടല്ല പാറുച്ചോത്തീ. അതോക്കുമ്പോഴെൻെറ ചങ്കു പൊടിയണ്. കഴിഞ്ഞ കന്നിമാതത്തില് കാക്കമാപ്ളക്ക് പനിപിടിച്ച് കെടന്നപ്പഴ്, ശൗരോച്ചേട്ടൻെറ പീടികേന്ന് ഒന്നരരൂപക്ക് അരീം സാമാനോം കടംമേടിച്ച് ത്ലാമാതത്തി കൊടുക്കാന്നും പറഞ്ഞാണ് മേടിച്ചതു്. ശൗരോച്ചേട്ടനങ്ങാട്ട് നടപ്പുംതൊടങ്ങി. കാക്കമാപ്ള ഇല്ലാത്തപ്പഴാണ്, അയാള് വരണതു്. മിനിഞ്ഞാന്ന്, രണ്ടുനാഴിക ഇരുട്ടീപ്പഴൊണ്ട് അയാളിങ്ങാട് കേറിവന്നും കളഞ്ഞ് എന്നെ വിളിച്ച്. ഞാനടുപ്പിൻെറ മുന്നാന്നങ്ങാട്ടെററ് ചെന്നപ്പഴൊണ്ട്, അയാളെന്നെ പിടിക്കാൻ വരണ്. ഇനിക്കങ്ങാട് ഒരു പേടീം സങ്കടോം ഒക്കക്കൂടവന്നാട്ട് ഞാനൊറക്കെ ഒരു നെലോളിയതും കേട്ടോണ്ടാണ് കാക്കമാപ്ളവന്ന് കേറണതു്. വന്നങ്ങാട്കേറിയേച്ചും, അയാക്കട ചെകിട്ടത്തിട്ടൊന്ന് കൊടത്ത്. അയാള് മുണ്ടാണ്ടങ്ങാടെറങ്ങിപോംകേം ചെയ്ത്. അപ്പത്തന്നെ കാക്കമാപ്ള എൻെറ കാതിക്കെടന്ന മേക്കാമോതിരം മേടിച്ചോണ്ടുപോയി ശങ്കുണ്ണിച്ചോൻെറ ചേരെ കൊടത്തേച്ചും ഒന്നരരൂപ മേടിച്ച്. അപ്പത്തന്നെ ശൗരോച്ചേട്ടൻെറ പീടികേച്ചെന്ന് കായങ്ങാടെണ്ണിക്കൊടത്ത്. പാറുച്ചോത്തീ! അതെൻെറ കാതീന്നങ്ങാട് എടുത്തപ്പഴ്, എൻെറ ജീവനങ്ങാട് പോയി കേട്ടോ!

പാറു:—കാക്കമാപ്ള തന്നാതാ അതു്?

(ശേഷം പത്തൊൻപതാംപേജിൽ)

ചെറുകഥ

# അമ്മയും മകളും

വൈദ്യകലാനിധി, വി. കൃഷ്ണൻ, ചവറ

അതേ; അവൾ ഒരു നിർദ്ധനകുടുംബത്തിലെ നിസ്സഹായയായ ബാലികയാണ്. കഷ്ടിച്ച് ഒരു പത്തുവയസ്സ് തികയുന്നതിനുമുമ്പായി അവളുടെ പിതാവ് മരിച്ചുപോയി. അതിനുശേഷം കുറേനാൾ അവളുടെ ജ്യേഷ്ഠസഹോദരന്മാരുടെ രക്ഷാകർത്തൃത്വത്തിൽ കഴിഞ്ഞുകൂടി. അങ്ങനെ ഇരിക്കുമ്പോഴാണ് ആ സാധുകുടുംബം സന്നിപാതജ്വരത്തിന്റെ കരാളദംഷ്ട്രങ്ങൾക്കിരയായത്. ആ മഹാമാരി അഞ്ചാറുമാസത്തെ ദുരിതാനുഭവങ്ങളെ പ്രദാനംചെയ്തതിനു ശേഷം അവരെയും അവളുടെ വയോവൃദ്ധയായ മാതാവിനേയും മാത്രം അവശേഷിപ്പിച്ചിട്ട് അവിടെനിന്നും അന്തർദ്ധാനംചെയ്തു. അതേ; ആ സാധു ബാലികയും അവളുടെ മാതാവുംമാത്രം ആ വീട്ടിൽ ശേഷിച്ചു.

അവൾ—കൗമാരത്തിന്റെ കോമളിമയെ അതിലംഘിച്ചിട്ടില്ലാത്ത പിഞ്ചുപൈതൽ—ജീവിതസമരത്തിൽ ആ നിമിഷംവരെയും ഇടപെട്ടിട്ടില്ലാത്ത ഒരു ബാലിക—അവളെന്താണ് ചെയ്യുക!—അവൾക്കും അവളുടെ മാതാവിനും ഭക്ഷിക്കുവാൻ ആഹാരംവേണം. ഉടുക്കുവാൻ വസ്ത്രംവേണം. തേയ്ക്കുവാൻ എണ്ണവേണം. ഇവയെല്ലാം ആ സാധുപെൺകുട്ടി എന്തുചെയ്യുവാനാണ്!—അവൾക്ക് വിശേഷിച്ച് ജോലികളൊന്നുമറിഞ്ഞുകൂടാ. ബന്ധുക്കളായി മററാരും സഹായിക്കുവാനില്ല. ജന്മനാ രോഗിയായിരുന്ന മാതാവ് വാർദ്ധക്യംകൂടിയായപ്പോൾ പറഞ്ഞറിയിക്കുവാൻ പാടില്ലാത്ത അസ്വാസ്ഥ്യത്താൽ കിടപ്പിലുമാണ്. അവർ താമസിക്കുന്ന പുരയിടത്തിൽനിന്നും അല്പസ്വല്പം ആദായം കിട്ടുമായിരുന്നു. അത് അവളുടേയും സഹോദരങ്ങളുടേയും രോഗശുശ്രൂഷക്കു ചിലവായ പണത്തിനുവേണ്ടി മറെറാരാൾക്ക് ഒററികൊടുത്തിരിക്കുകയാണ്. ഈ പരിതഃസ്ഥിതിയിൽ അശരണയും സ്വാശ്രയശക്തിയില്ലാത്തവളുമായ ഒരു പെൺകുട്ടി ജീവസന്ധാരണത്തിനുവേണ്ടി എന്താണ് ചെയ്യുക!

ii

അയൽപക്കത്തുള്ള ഒന്നുരണ്ടു പ്രഭുകുടുംബങ്ങളിൽ മുററം അടിക്കുക, പാത്രംതേക്കുക മുതലായ ജോലികൾ ചെയ്താണ് ആദ്യകാലങ്ങളിൽ അവൾ ജീവിച്ചുവന്നത്. അതിൽ നിന്നും അവൾക്ക് കിട്ടുന്ന ആദായം ആഹാരംമാത്രമാണ്. അതിന്റെ ഒരംശം രോഗാധീനയായ തന്റെ മാതാവിന് അവൾകൊണ്ടുചെന്നു കൊടുക്കും. അത് വാങ്ങി ഭക്ഷിച്ചുകൊണ്ട് വാത്സല്യനിധിയായ അവളുടെ പ്രിയമാതാവ് ഒരു ദീർഘനിശ്വാസത്തോടുകൂടി അവളെ തലോടിക്കൊണ്ട് പറയും;—"സുകുമാരി!—കുഞ്ഞേ!—നമ്മുടെ വിധിയാണിത്!!—" അതുകേട്ട് അവളുടെ ഹൃദയം പൊടിഞ്ഞുപോകും. ചിലപ്പോൾ അവളുടെ കണ്ണുകളിൽനിന്നും കണ്ണുനീർ പ്രവഹിക്കും. അവൾ ഉടൻതന്നെ അതു മാതാവിനെ അറിയിക്കാതെ അവിടെനിന്നും ഇറങ്ങിപ്പൊയ്ക്കളയും.

മുണ്ടിന്റെ കാര്യത്തിലാണ് പിന്നീടവൾ വിഷമിച്ചത്. ഒരു വീട്ടിൽചെന്ന് പ്രഭാതംമുതൽ പ്രദോഷംവരെ അവർ പറയുന്ന വേലകളെല്ലാം ചെയ്താൽ കിട്ടുന്ന പ്രതിഫലം രണ്ടോ മൂന്നോ നേരത്തെ ആഹാരം മാത്രമാണ്. അതിൽനിന്നും എന്തു മിച്ചമെടുത്താണ് മുണ്ടുവാങ്ങുക—അതുകൊണ്ട് ആ പ്രഭുകുടുംബങ്ങളിലെ നായികമാർ നല്ല ശീലത്തിലിരിക്കുന്ന സന്ദർഭംനോക്കി അവൾ ചോദിക്കും;—"അമ്മേ!—എനിക്കുടുക്കാൻ മുണ്ടില്ല. ഒരു പഴയമുണ്ടുതരണേ"

ചില അവസരങ്ങളിൽ അവർ ആ സാധുവിനെ ചീത്തപറയും. ചിലപ്പോൾ ഒരുവിധത്തിലും ഉപയോഗിക്കുവാൻ നിവർത്തിയില്ലാത്ത ഒരു മുണ്ടെടുത്ത് കുറേ ശകാരങ്ങളോടുകൂടി അവളുടെ മുമ്പിൽ എറിഞ്ഞുകൊടുക്കും. എങ്കിലും എത്ര സന്തോഷമാണവൾക്കപ്പോളുണ്ടാകുന്നതെന്ന് പറഞ്ഞറിയിക്കുക പ്രയാസം. ആ പഴയമുണ്ട് ഒരമൂല്യനിധിയെപ്പോലെ സ്വീകരിച്ചുകൊണ്ട് അവൾ അവളുടെ താമസസ്ഥലത്തേക്കു പോകും.

ഒരുദിവസം സുകുമാരി സാധാരണ മുററമടിക്കാറുള്ള ആ പ്രഭുകുടുംബത്തിൽ അല്പം താമസിച്ചാണ് ചെല്ലാനിടയായത്. അന്ന് അവൾക്ക് കിട്ടിയ ശകാരത്തിന് ഒരു കയ്യുംകണക്കുമില്ലായിരുന്നു. മാത്രമല്ല ഗൃഹനായിക കുറേ പ്രഹരിക്കുകകൂടി ചെയ്തു. അവിടുത്തെ കൊച്ചുകുട്ടികൾ അതെല്ലാം നോക്കിനിന്ന് ചിരിക്കുകയും ആർത്തുവിളിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. അവൾ അതെല്ലാം സഹിക്കാതെ നിവൃത്തിയുണ്ടോ. വയറിന്റെ വലുപ്പം എത്രമാത്രമുണ്ടെന്ന് അറിഞ്ഞവർക്കേ അറിയാവൂ.

ഇതിനിടയ്ക്ക് സുകുമാരി ചെറിയ ഒരു കൈത്തൊഴിൽകൂടി ശീലിച്ചു. തൊണ്ടടിക്കുന്നതിനും, ചകിരിപിരിക്കുന്നതിനും അതിൽനിന്നുമുള്ള ആദായംകൊണ്ട് ചില ചില്ലറ ആവശ്യങ്ങൾക്കൂടി അവൾ സാധിച്ചുവന്നു. അങ്ങനെ ദാരിദ്ര്യത്തിന്റെ കൊടുംചൂടിൽ—എത്തും പിടിയുമില്ലാത്ത ആ സഹാറായിൽ—ഒരു പിപീലികയെപ്പോലെ കിടന്നു പിടച്ച അവക്ക്, മഹാസാഗരമദ്ധ്യത്തിൽ കിടന്നു വലയുന്നവന് ഒരു പൊങ്ങുതടി ലഭിച്ചാലെന്നപോലെ ഏതാണ്ടൊരാശ്വാസംതോന്നി.

iii

കൊല്ലം നാലഞ്ചുകഴിഞ്ഞു. താരുണ്യം അവളെ സഹർഷം സ്വാഗതം ചെയ്തുതുടങ്ങി. സുകുമാരിക്ക് എന്തെന്നില്ലാത്ത ഒരു മാററമുണ്ടായതായി അവൾക്കുതന്നെ തോന്നി. അവൾ ഒരു സുകുമാരിതന്നെയാണെന്ന് ചിലർ പറയാറുണ്ടായിരുന്നു. വാസ്തവത്തിൽ പ്രകൃതിദത്തമായ സൌന്ദര്യമല്ലാതെ കൃത്രിമസൌന്ദര്യങ്ങളൊന്നുമവൾക്കില്ലായിരുന്നു. അതിനൊട്ടു നിവ്വാഹവുമില്ലല്ലോ.

കാലം ഇങ്ങനെ കഴിഞ്ഞുവരവേ യുവാക്കന്മാരായ ചില വിടകേസരികളുടെ നയനകോണങ്ങൾ സുകുമാരിയുടെ സമീപത്തുകൂടി പ്രയാണംചെയ്തുതുടങ്ങി. അവളുടെ സാമീപ്യസമ്പർക്കം അപരിഹാര്യമാണെന്ന് അവർ അവളെ അറിയിച്ചു. അതോടുകൂടി അവളുടെ നെഞ്ചിടിപ്പും ആരംഭിച്ചു ദാരിദ്ര്യത്തിലും നിസ്സഹായതയിലും കഴിയുന്ന ഒരു യുവതിക്ക് എങ്ങനെ അവളുടെ ചാരിത്രത്തെ സംരക്ഷിക്കുവാൻ കഴിയും.

അവൾ സാക്ഷാൽ പരാശക്തിയുടെ ചേവടിത്താരുകളിൽ അഭയം പ്രാപിച്ചു. ആ മഹാശക്തിക്കല്ലാതെ ഈ അത്യാപത്തിൽ നിന്നും അവളെ രക്ഷിക്കുവാൻ കരുത്തില്ലെന്ന് സുകുമാരി വിശ്വസിച്ചു. പക്ഷേ എന്താണ് ഫലം! ആ കാമുകഭൃംഗങ്ങൾ അവളുടെ ചുററും പാറന്ന് നടന്ന് അവളെ പൂർവ്വാധികം അസഹ്യപ്പെടുത്തുവാൻ തുടങ്ങി. നോക്കുന്നിടത്തെല്ലാം പ്രണയ ഭ്രാന്തന്മാരായ യുവാക്കന്മാരെ കണ്ട് സുകുമാരി അമ്പരന്നു. അവളുടെ ഹൃദയം നീറിച്ചാമ്പലാകുമോ എന്നവൾ ഭയപ്പെട്ടു. എന്തിനധികം! യുവലോകത്തോടു തന്നെയും അവൾക്ക് വെറുപ്പ് തോന്നി.

ഒരിക്കൽ യുവാവായ ഒരാൾ ഒരു കടലാസു പൊതി അവളുടെ നേർക്ക് നീട്ടി.—"എന്താണിത്?"—വൈമനസ്യത്തോടുകൂടി അവൾ ചോദിച്ചു.

അയാൾ:—(ചിരിച്ചുകൊണ്ട്) നിങ്ങൾ നോക്കണം.

സുകുമാരി:—വേണ്ടാ. പറഞ്ഞാൽ മതി.

അയാൾ:—ഒരു "ബ്ളൗസാ"ണ്.

അവൾക്ക് മനസ്സിലായില്ല. കുഗ്രാമത്തിൽ കഴിയുന്ന, പറയത്തക്ക വിദ്യാഭ്യാസമില്ലാത്ത അവൾ എങ്ങനെയാണത് മനസ്സിലാക്കുന്നത്. സുകുമാരി അത്ഭുതത്തോടുകൂടി ചോദിച്ചു:—"എന്ത് ബ്ളൗസ്സോ?"

അയാൾ:—അതേ.

സുകുമാരി:—എന്നു വച്ചാൽ?

അയാൾ:—സ്ത്രീകൾ ഉപയോഗിക്കുന്ന ഒരു തരം ഉടുപ്പ്.

സുകുമാരി:—എന്തിനാണിത്?

അയാൾ:—സുകുമാരിക്കു തരുന്നതിനു്.

സുകു:—ഞാൻ ആവശ്യപ്പെട്ടില്ലല്ലോ.

അയാൾ:—ആവശ്യപ്പെട്ടില്ലെങ്കിലും സ്നേഹംകൊണ്ട് തരാമെന്ന് വിചാരിച്ചതാണ്.

സുകു:—ആ സ്നേഹം എനിക്കാവശ്യമില്ല.

അയാൾ:—എന്തു കൊണ്ട്?

സുകു:—ആവശ്യമില്ലാഞ്ഞിട്ട്.

അയാൾ:—എന്താ ഗൗരവപ്പെടുന്നത്?

സുകു:—കാര്യം പറയുന്നത് ഗൗരവമാണോ?

അയാൾ:—ഏതായാലും ഞാനിത് തിരികെ കൊണ്ടുപോകയില്ല.

സുകു:—കൊണ്ടുപോകേണ്ടാ. എവിടെയെങ്കിലും കളഞ്ഞിട്ട് പൊയ്ക്കൊള്ളണം.

അയാൾ അവളെ തുറിച്ചൊന്നു നോക്കിയിട്ട് സഗൗരവം അവിടെ നിന്നു പോയി. മറെറാരു ദിവസം വേറൊരാൾ അവളോടു ചോദിച്ചു:—"സുകുമാരിയുടെ മുണ്ടു കീറിപ്പോയോ?"—അവളൊന്നും പറഞ്ഞില്ല.—"വേണമെങ്കിൽ ഞാനൊരു മുണ്ട് വാങ്ങിത്തരാം"—അയാൾ തുടർന്നു പറഞ്ഞു

സുകുമാരി:—വേണ്ടാ. എനിക്കിപ്പോൾ ആവശ്യമില്ല.

അയാൾ:—ഈ കീറിയ മുണ്ടുതന്നെ മതിയെന്നോ?

സുകുമാ:—മതി. നിങ്ങൾ വാങ്ങിത്തരുന്ന പുതിയ മുണ്ടിനേക്കാൾ എനിക്ക് നന്നായിത്തോന്നുന്നത് ഈ പഴയ മുണ്ടാണ്.

അയാൾ:—എന്റെ മുണ്ടിരനോട് സുകുമാരിക്ക് തീരെ ഇഷ്ടമില്ലേ?

സുകു:—സഹോദരാ! നിങ്ങളെന്നെ ഉപദ്രവിക്കരുതേ! ഞാൻ യാതൊരാശ്രയവുമില്ലാത്ത ഒരു സാധുവാണ്. എന്നെ വഴിപിഴപ്പിക്കുവാൻ നിങ്ങളേപ്പോലുള്ളവർ ശ്രമിക്കുന്നതു് മഹാകഷ്ടമാണ്. മേലാലെങ്കിലും ഈ രൂപത്തിലെന്നോട്ട് പെരുമാറരുതെന്ന് ഞാനപേക്ഷിക്കുന്നു.

അയാൾ പിന്നീടൊന്നും പറഞ്ഞില്ല. അടുത്ത നിമിഷത്തിൽ അവിടെനിന്നും അപ്രത്യക്ഷനായി.

iv

സുകുമാരിയുടെ ഹൃദയത്തെ കരണ്ടുതിന്നുന്ന സംഭവബഹുലങ്ങളായ ദിവസങ്ങൾ അങ്ങനെ തുടർന്നുകൊണ്ടിരുന്നു. അതേ; അവളുടെ സൗന്ദര്യമകരന്ദം തുളുമ്പുന്ന ആ പൂന്തോപ്പിന്റെ പരിസരങ്ങളിൽ കൂടി ചില കാമുകഭ്രമരങ്ങൾ മൂളിപ്പറന്നുകൊണ്ടിരുന്നു. എങ്കിലും അവളുടെ ചാരിത്ര്യപ്പൂങ്കുലയിൽ ഒന്നു കൈവയ്ക്കുവാൻ—അതിൽ നിറഞ്ഞുകവിഞ്ഞിരുന്ന നറുംതേൻ അല്പം നുകരുവാൻ—ആ മത്തഭൃംഗങ്ങൾക്കൊന്നിനും തന്നെ കഴിഞ്ഞിരുന്നില്ല. അതു് വിധിവൈഭവമെന്നു മാത്രമേ പറയേണ്ടതുള്ളൂ.

ഒരു സായാഹ്നത്തിൽ സുകുമാരി അവളുടെ മാതാവിന് ചില ശുശ്രൂഷകൾ ചെയ്തുകൊണ്ടിരുന്ന സന്ദർഭത്തിൽ മദ്ധ്യവയസ്കനായ ഒരാൾ അവിടെ കയറിച്ചെന്നു. അവൾ ആഗതനോടുള്ള ഭക്തി ബഹുമാനസൂചകമായി ആ ഇടുങ്ങിയതും ഇരുളടഞ്ഞതുമായ പുരയുടെ ഒരു കോണിലേക്ക് മാറിനിന്നു. അതു് ആ പുരയിടത്തിന്റെ ഒററിക്കാരനല്ലാതെ മററാരുമായിരുന്നില്ല. അയാൾ മുററത്തു് നിന്നുകൊണ്ട് പതിഞ്ഞ സ്വരത്തിൽ സുകുമാരിയെ അങ്ങോട്ടു വിളിച്ചു. അവൾ ഭയവിഹ്വലയായും, ലജ്ജാവിവശയായും വെളിയിലേക്കിറങ്ങി അയാളുടെ സമീപത്തു നിന്നും അല്പം ദൂരെമാറി നമ്രശിരസ്കയായിനിന്നു. ആഗതൻ ആദ്യമായി ചില കുശലപ്രശ്നങ്ങൾ നടത്തിയതിനുശേഷം തന്റെ ഇംഗിതം അവളെ അറിയിച്ചു. സുകുമാരി ഒന്നു ഞെട്ടി. അവൾ ഊർദ്ധ്വദൃഷ്ടികൾകൊണ്ട് അയാളെ ഒന്നു നോക്കി. ആ മനുഷ്യാധമൻ ഒന്നു പുഞ്ചിരിയിട്ടുന്നതവൾ കണ്ടു. അല്ല; അതൊരു പുഞ്ചിരിയായിരുന്നില്ല—അയാളുടെ പല്ലിളിച്ചു് അവളുടെ നെഞ്ചിൽ ഒരു കഠാരക്കുത്തിയിളക്കംപോലുള്ള വേദനയുളവാക്കി. ആ സാധുയുവതി—അശരണയായ ആ പെൺകൊടി—ഇതികർത്തവ്യതാമൂഢയായി കുറേ സമയം അവിടെ നിന്നുപോയി. ആഗതൻ ചോദിച്ചു:—"കുമാരി എന്താണൊന്നും പറയാത്തതു്?"

സുകുമാരി:—എനിക്കൊന്നും പറയുവാനില്ല.

അയാൾ:—ഒന്നും പറയുവാനില്ലേ?

സുകുമാരി:—ഇല്ല.

അയാൾ:—കുമാരി എന്നെ അനുകൂലിക്കുന്നുവെന്നാണോ ഇതിനർത്ഥം?

സുകു:—അല്ല.

അയാൾ:—പിന്നെയോ?

അവളൊന്നും പറഞ്ഞില്ല. അയാൾ തുടർന്നു:—"അനുകൂലിക്കുന്നില്ലെന്നോ?"

സുകു:—അതെ. അങ്ങ് പരിഭവപ്പെടരുതേ! ഞാൻ യാതൊരാശ്രയവുമില്ലാത്ത ഒരു പാവപ്പെട്ടവളാണ്.

അയാൾ:—നിനക്കുവേണ്ട എല്ലാ സഹായങ്ങളും ചെയ്‌വാൻ ഞാൻസന്നദ്ധനാണ്.

സുകു:—അങ്ങയുടെ സന്മനസ്സിന് നമസ്കാരം.—പക്ഷേ:—

അയാൾ:—പക്ഷേ,—എന്താണ് പറയൂ. ഒട്ടും ഭയപ്പെടേണ്ടാ.

സുകു:—അങ്ങയെ അനുകൂലിക്കുവാൻ എനിക്കു നിവൃത്തിയില്ല.

അയാൾ:—സുകുമാരീ! നീ എന്റെ പരിതഃസ്ഥിതികളെ ആലോചിക്കാതെയാണ് മറുപടി പറയുന്നതു്.

സുകു:—അല്ല. ഞാൻ നല്ലപോലെ മനസ്സിലാക്കിയിട്ടാണ് പറയുന്നതു്.

അയാൾ:—എന്റെ ആനുകൂല്യത്തിൽനിന്നും പല ഗുണങ്ങളും നിനക്ക് സിദ്ധിക്കുമെന്ന് നീ മനസ്സിലാക്കണം.

സുകു:—അങ്ങയിൽനിന്നും പല ഗുണങ്ങളും എനിക്കുണ്ടായാൽ കൊള്ളാമെന്ന് ഞാൻ ആഗ്രഹിക്കുന്നുണ്ട്. എന്നാൽ അതു് ഈ രൂപത്തിലാണെങ്കിൽ വേണമെന്നില്ല.

അയാളുടെ ക്ഷമ നശിച്ചു. ആ പീറപ്പെണ്ണിനോട്—ദാരിദ്ര്യദേവതയോട്—ഇത്രയുമെങ്കിലും സംസാരിക്കേണ്ടിവന്നതിൽ അയാൾക്ക് അതിയായ വല്ലായ്മതോന്നി. എന്നിട്ടും അവൾ അതനുസരിക്കുന്നില്ലെന്നു കണ്ടപ്പോൾ അയാൾക്ക് കോപം വർദ്ധിച്ചു. അയാൾ പല്ലുകടിച്ചുകൊണ്ട് പറഞ്ഞു:—എടീ! നീ ആരോടാണ് സംസാരിക്കുന്നതെന്ന് നിനക്ക് മനസ്സിലായില്ല. നീ എന്റെ വീട്ടിലാണ് താമസിക്കുന്നതു്. ഈ വീടും പുരയിടവുംകൂടി നിന്റെ അമ്മ എനിക്ക് വിലതന്നതാണ്. ഞാൻ വെറും ഒരു ഒററിക്കാരനാണെന്നാണ് നീ വിചാരിച്ചുപോയതു് അല്ലേ?—എന്റെ കയ്യിൽ കിടന്ന പണം തന്നിട്ട് ഈ കാശിന് കൊള്ളാത്ത വസ്തു ഒററിവാങ്ങിക്കുവാൻ തക്ക മഠയനല്ല ഞാൻ. എന്റെ സൗജന്യംകൊണ്ട് മാത്രമാണ് നീയും ആ കിഴട്ട്ശവവും ഇതുവരെ ഇവിടെ താമസിക്കുവാനിടയായതു്. ഇപ്പോൾ നീ എന്നോട്ട് ധിക്കാരമായി സംസാരിക്കുവാനും തുടങ്ങിയിരിക്കുന്നു. ഇതെല്ലാം കാലത്തിന്റെ കോലംതന്നെ. ഏതായാലും ഇനി ഒരുനിമിഷം പോലും നീ ഇവിടെ താമസിച്ചുകൂടാ. ഒന്നുകിൽ നീ ആ ശവത്തിനേയുംകൊണ്ട് ഇപ്പോൾ ഇറങ്ങണം. അല്ലെങ്കിൽ ഞാൻ പറയുന്നതുപോലെ കേൾക്കണം.

സുകുമാരി സ്തബ്ധയായി കുറേസമയം നിന്നുപോയി. ആ നീചൻ ഒററിയെന്നുള്ള വ്യാജേന അവളുടെ മാതാവിനെക്കൊണ്ട് വിലയാധാരമാണ് എഴുതിവാങ്ങിയെന്നുള്ള കാര്യം അവളപ്പോഴാണറിയുന്നതു്. അതുവരെയും പരാശ്രയംകൂടാതെ താമസിക്കുവാനെങ്കിലും അല്പം സ്ഥലമുണ്ടെന്നാണവൾ ധരിച്ചിരുന്നതു്. അതിന്റെ കഥയും ഈ വിധത്തിലായപ്പോൾ അവളുടെ ഹൃദയം നിരാശകൊണ്ട് നിറഞ്ഞു. അവൾ സഗൽഗദം ചോദിച്ചു:—"ഞാൻ അങ്ങയോടെന്തു് അപരാധമാണ് കാണിച്ചതു്?"

അയാൾ:—എനിക്കതൊന്നും കേൾക്കേണ്ടാ. ഇറങ്ങുന്നോ ഞാൻ പറയുന്നതുപോലെ കേൾക്കുന്നോ?

സുകുമാരി:—അമ്മയ്ക്കു് നടക്കുവാൻ നിവൃത്തിയില്ല.

അയാൾ:—നടക്കാൻ പാടില്ലെങ്കിൽ എടുത്തുകൊണ്ട് പോകണം.

സുകു:—പ്രഭോ! എന്നെ രക്ഷിക്കണേ! ദൈവത്തെ ഓർത്തു എന്നോട്ട് ദയവുതോന്നണേ!!

സുകുമാരി അയാളുടെ പാദത്തിൽവീണു തൊഴുതു. എന്നിട്ടും ആ ശിലാഹൃദയന് യാതൊരു മാനസാന്തരവുമുണ്ടായില്ല.

അയാൾ—ഉം—എന്തുപറയുന്നു?

ആ സാധുയുവതി പറഞ്ഞറിയിക്കുവാൻ പാടില്ലാത്ത ധർമ്മസങ്കടത്തിലായി. അവളുടെ മാതാവിനെ എവിടെയെങ്കിലും കൊണ്ടുപോകാമെന്നുവച്ചാൽ നടക്കുവാൻ നിർവ്വാഹമില്ലാത്തതുകൊണ്ടു അക്കാര്യം അസാദ്ധ്യം. ആരെയെങ്കിലുംകൊണ്ട് എടുപ്പിക്കുവാനാണെങ്കിൽ അതിന് ആളില്ല. അഥവാ ഉണ്ടായാൽ തന്നെയും എങ്ങോട്ടാണ് പോവുക. ചുരുക്കത്തിൽ ആ വീട്ടിൽ താമസിച്ചുകൊണ്ടുതന്നെ അവളുടെ അഭിമാനത്തെ സംരക്ഷിക്കണം. രണ്ടും ഏകകാലത്തിൽ സാദ്ധ്യമല്ലെന്നുള്ളതു് തർക്കമററ സംഗതിയാണ്. ഇത്തരുണത്തിൽ അനാഥയായ ആ പാവം എന്താണ് ചെയ്യുക!—ഗത്യന്തരമില്ലാതിരുന്നതിനാൽ ഒടുവിൽ സുകുമാരി അയാൾക്ക് വശംവദയായി. അതേ; ആ നരാധമനുവേണ്ടി അവൾ അവളെ ബലികഴിച്ചു. അയാളുടെ കാമാഗ്നിയിൽ അവളുടെ ചാരിത്രത്തെ ഹോമിച്ചു—അയാൾ രാക്ഷസീയമായ ഒരു ചിരി ചിരിച്ചു. അവൾ തപ്തമായ ഒരു നിശ്വാസം പുറപ്പെടുവിച്ചു.

V

മാസങ്ങൾ ചിലതുകഴിഞ്ഞു. സുകുമാരി ഒരു മാതാവാകുവാനുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങി. അവൾ വിവരം അതിനു ഹേതുഭൂതനായ ആളെ അറിയിച്ചു. അതേ, ഗർഭസ്ഥമായ ആ ശിശുവിന്റെ ഉടമസ്ഥനെ അവൾ വിവരം ഗ്രഹിപ്പിച്ചു. അയാളാകട്ടെ ചില നശീകരണവിദ്യകൾ അവളെ ഉപദേശിച്ചു. സുകുമാരി അതിനു വഴിപ്പെട്ടില്ല. അവളുടെ ഗർഭസ്ഥശിശുവിനെ നശിപ്പിക്കുവാൻ സുകുമാരി ഇഷ്ടപ്പെട്ടില്ല. അവൾ പറഞ്ഞു:—"അങ്ങ് അക്കാര്യം മാത്രം എന്നോടു പറയരുതു്. അങ്ങയുടെ അഭിലാഷപൂർത്തിക്കുവേണ്ടി ഞാൻ ഇത്രയുമൊക്കെ ചെയ്തു. അതിലേക്ക് എനിക്കു കിട്ടിയ പ്രതിഫലമാണിതു്. ആ ഫലത്തെ നശിപ്പിക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. ആ മഹാപാതകം ഞാൻ പ്രവൃത്തിക്കുകയില്ല. അങ്ങ് ദയവുണ്ടായി എന്നെ നിർബന്ധിക്കരുതു്"

അയാൾ വിഷമിച്ചു. നാട്ടുകാരറിഞ്ഞാൽ എന്തു കുറച്ചിലാണെന്ന് അയാൾ ഭയപ്പെട്ടു. വിവാഹം ചെയ്യാമെന്നാണെങ്കിൽ യാതൊരു നിലയും വിലയുമില്ലാത്ത ഒരു ചെററക്കുടിലിൽനിന്നും താൻ വിവാഹംചെയ്യുകയോ—ഒരിക്കലുമില്ല. അതു് മറേറതിനേക്കാൾ അപമാനകരം തന്നെയാണ്. ഒടുവിൽ അയാൾ പറഞ്ഞു:—"കുമാരീ!—നിന്നെ ഞാൻ എന്റെ വേലക്കാരനെക്കൊണ്ട് വിവാഹം ചെയ്യിക്കാം. അതുപോരെ?"

സുകുമാരി—വേണ്ടാ. നിരപരാധിയായ ഒരാളെ എന്തിനാണങ്ങനെ ബദ്ധപ്പെടുത്തുന്നതു്"

അയാൾ—ഒരു ബദ്ധപ്പാടുമില്ല. ഞാൻ പറയുന്നതുപോലെതന്നെ അവൻ കേൾക്കും.

സുകു—അങ്ങ് പറയുന്നതുപോലെ ആ മനുഷ്യൻ കേൾക്കുമെന്നതു ശരിയാണ്. പക്ഷേ എന്റെ മനസ്സാക്ഷിക്കു വിപരീതമായി ഞാൻ അയാളെ വിവാഹം ചെയ്കയില്ല.

അല്പസമയം ആലോചിച്ചു നിന്നതിനുശേഷം ഒന്നും പറയാതെ അയാൾ അവിടെ നിന്നും ഇറങ്ങിപ്പോയി.

ദിവസങ്ങൾ പിന്നെയും കഴിഞ്ഞു. സുകുമാരിയേയും അവളുടെ ഉദരസ്ഥമായ ശിശുവിനേയും പററി ആളുകൾ ഓരോന്നു പറഞ്ഞുതുടങ്ങി. കാട്ടുതീപോലെ ഈവിവരം നാടെങ്ങും പരന്നു. പലരും അവളെ കളിയാക്കി. മററുചിലർ അവളെ പരിഹസിച്ചു. സുകുമാരി അവയെല്ലാം ക്ഷമയോടുകൂടി സഹിച്ചു. വലിയവരുടെ അനാശാസ്യപ്രവൃത്തികളെ കൈക്കൊള്ളുവാൻ എളിയവർ ബാധ്യസ്ഥരാണല്ലോ!

അതിൻെറ കാരണക്കാരന് വെളിക്കെങ്ങും ഇറങ്ങുവാൻ നിവ്വാഹമില്ലെന്നായി. ഈ വിവരം നാട്ടുകാരറിയുന്നതിന് കാരണക്കാരി അവളാണെന്ന് അയാൾ വിധിച്ചു. സുകുമാരിയുടെ ഈ വാർത്താവിതരണം അവൾക്ക് കുലീനനും ദ്രവ്യസ്ഥനുമായ തന്നെ ഭർത്താവായി കിട്ടുന്നതിനു വേണ്ടിയുള്ള ഒരു പ്രയോഗമാണെന്നും അയാൾ തീരുമാനിച്ചു. തൻെറ വേലക്കാരനെക്കൊണ്ടു് വിവാഹം ചെയ്യിക്കാമെന്ന് പറഞ്ഞതിനെ അവൾ ധിക്കരിച്ചതും ഇതിനൊരു ദൃഷ്ടാന്തമാണെന്ന് അയാൾ കണ്ടുപിടിച്ചു. അയാളുടെ ഇളിഭ്യത രോഷമായി രൂപാന്തരപ്പെട്ടു. അവളെ കഷണം കഷണമായി വെട്ടിനുറുക്കണമെന്നു പോലും അയാൾക്ക് തോന്നി. സുകുമാരിയേയും അവളുടെ മാതാവിനേയും താമസസ്ഥലത്തുനിന്നും നിഷ്കാസനം ചെയ്യണമെന്ന് അവസാനമായി അയാൾ നിശ്ചയിച്ചു.

എന്തിനധികം! മനുഷ്യനെന്ന് ബാഹ്യദൃഷ്ടികൊണ്ടു് പറയാവുന്ന അയാൾ തന്നെ ജയിച്ചു:—ഇഹലോകത്തിൽ മററാരും ശേഷിച്ചിട്ടില്ലാത്ത ആ സാധുക്കൾ—അശരണരായ ആ അമ്മയും മകളും—അവിടെ നിന്നും നിഷ്കാസനം ചെയ്യപ്പെട്ടു. നടക്കുവാൻ വഹിയാത്ത വൃദ്ധമാതാവിൻെറ ഇടതുകൈ തൻെറ തോളിൽക്കൂടി കഴുത്തിൽ ചുററിപ്പിടിപ്പിച്ച് വലതുകൈയിൽ ഒരു വടിയും കൊടുത്തു് ചുടുകണ്ണീർ വാർത്തും, ദീർഘമായ നെടുവീർപ്പോടുംകൂടി മന്ദംമന്ദം പോകുന്ന സുകുമാരിയേയും, അവളോട്ടു് ചേന്ന് വാർദ്ധക്യത്തിൻേറയും ദാരിദ്ര്യത്തിൻേറയും കഠിനഭാരംകൊണ്ടു് അല്പമൊന്നു് കൂനി അസ്ഥിയും തൊലിയും മാത്രമവശേഷിച്ച്, മനുഷ്യകങ്കാളമായിത്തീന്ന്, വിറച്ചു് വിറച്ചു് അല്പാല്പം നടന്നും ഇടയ്ക്കിടയ്ക്കു് ഇരുന്നും യാത്രചെയ്യുന്ന വയോവൃദ്ധയായ മാതാവിനേയും ഒരിക്കലല്ലാതെ ഹൃദയമുള്ളവർ വീണ്ടും നോക്കുവാൻ ധൈര്യപ്പെടുമെന്നും തോന്നുന്നില്ല.

ആ നിരാശ്രയർ—ദാരിദ്ര്യം ഉടലെടുത്ത ആ മനുഷ്യജീവികൾ—അവരെങ്ങോട്ടാണ് പോവുക!—അഥവാ എവിടെയെങ്കിലും പോകാമെന്നു വച്ചാൽ തന്നെയും നടക്കുവാൻ വഹിയാത്ത മാതാവിനേയുംകൊണ്ടു് അവളെന്തു് ചെയ്യും! അവളുടെ പ്രിയമാതാവിനെ കളയുവാൻ അവൾക്ക് നിവ്വാഹമുണ്ടോ? ആ സാധു വല്ലാതെ വിഷമിച്ചു. "മുട്ടുമ്പോൾ തുറക്കു"മെന്ന് പറയും പോലെ ഈ ഘട്ടത്തിൽ ദൈവം അവരെ അല്പമൊന്നനുകൂലിച്ചു. ആ കുഗ്രാമത്തിൽ ഒരനുകമ്പാഹൃദയനെ അദ്ദേഹം സൃഷ്ടിച്ചിരുന്നു. ആ മാന്യദേഹത്തെ കരുണാനിധിയായ ദൈവം അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുത്തി. ആ അനാഥദ്വന്ദ്വത്തെ അദ്ദേഹം കൂട്ടിക്കൊണ്ടു പോയി.

സുകുമാരിയും മാതാവും ദൈവത്തിൻെറ പ്രതിപുരുഷനെന്നവർ കരുതുന്ന ആ മാന്യൻെറ വക ഒരു ചെറുകുടിലിൽ താമസമായിട്ട് ഒരു മാസത്തിനു മേലാകും. വൃദ്ധയ്ക്കിപ്പോൾ കിടക്കയിൽ നിന്നും എഴുന്നേൽക്കുവാൻ പോലും പാടില്ല. സുകുമാരി—എട്ടൊൻപതുമാസം പ്രായമുള്ള ഒരു ശിശുവിനെ ഉദരത്തിൽ വഹിക്കുന്ന ആ സാധു—അതു സംബന്ധിച്ചുള്ള അസഹ്യമായ അസ്വാസ്ഥ്യം നിമിത്തം മിക്കവാറും കിടപ്പിലാണ്. ജോലി ചെയ്യുവാൻ ഒരു നിവ്വാഹവുമില്ല. രോഗികൾക്കും ആഹാരം അല്പമെങ്കിലും ആവശ്യമാണല്ലോ. അതിന് യാതൊരു മാർഗ്ഗവുമില്ല—എന്നാൽ ആ വീട്ടുടമസ്ഥൻെറ കരുണ!—അതേ: അദ്ദേഹം കാരുണ്യത്തിൻെറ കനകക്കതിർ വീശുന്ന ഒരു തേജഃപുഞ്ജം തന്നെയായിരുന്നു.—അതു് തുടരെയുണ്ടായിരുന്നതിനാൽ അവർ പട്ടിണിയുടെ പിടിയിൽ നിന്നും രക്ഷപ്പെട്ടു. അവരുടെ ആത്മാവിനെ അങ്ങനെ സംരക്ഷിച്ചുപോന്നു. ഒരു ദിവസം വൃദ്ധയുടെ സുഖക്കേട് ക്രമാതീതമായി വദ്ധിച്ചു. സംസാരിക്കുവാൻ അശേഷം നിവൃത്തിയില്ലാതായി. ബോധം ക്ഷയിച്ചു. "കുറ കുറ" എന്നുള്ള ഒരു വലിവു മാത്രം ശേഷിച്ചു. അടുത്ത പ്രഭാതം ആ വൃദ്ധയ്ക്കുകൂടിയുള്ളതായിരുന്നില്ല. അവർ അവരുടെ ഓമന മകളെ വിധിയുടെ കയ്യിൽ സമപ്പിച്ചിട്ട് എന്നേക്കുമായി യാത്ര പറഞ്ഞു.

സുകുമാരി കണ്ണീരോടുകൂടി അവളുടെ പ്രിയമാതാവിൻെറ ശേഷക്രിയകളിൽ സംബന്ധിച്ചു. അങ്ങനെ അവളുടെ ദുരിതപൂർണ്ണമായ ജീവിതത്തിലെ സ്മരണീയമായ ആ ദിവസവും അവസാനിക്കാറായി.

അവൾക്ക് അന്നും ആ വീട്ടിൽതന്നെ കഴിയണമെന്നായിരുന്നു ആഗ്രഹം. എന്നാൽ കാരുണ്യശാലിയായ ആ ഗൃഹനാഥൻ അതിനനുവദിച്ചില്ല. സായാഹ്നത്തിൽ അദ്ദേഹത്തിൻെറ വീട്ടിലേക്ക് അവളെ കൂട്ടിക്കൊണ്ടുപോയി.

അന്നവൾ ഉറങ്ങിക്കാണുമോ എന്ന് സംശയമാണ്. അടുത്ത ദിവസം ഔദാര്യസമ്പന്നനായ ഗൃഹനായകന് അവളെ കാണാൻ കഴിഞ്ഞില്ല. നിർഭാഗ്യത്തിൻെറ നിദശനമായിരുന്ന സുകുമാരിയുടെ കഥ. അങ്ങനെ നിഷ്ഫലമായ ഒരന്വേഷണത്തിൽ അവസാനിച്ചു.

---

## പാവങ്ങൾ

[ഏ. എൻ. ഭാസ്, പൊൻകുന്നം]

മഹിയിൽ സ്വർഗ്ഗീയസൗഖ്യം ഭുജിച്ചിടും
മനുജ! നീയൊന്നു താഴോട്ടുനോക്കുമോ?
സഹജർ—സാധുക്കൾ തുകുന്ന സ്വേദജ-
ക്കടലിൽ പൊന്നോടമേറിച്ചരിച്ചിടും
മുതലാളിത്തമേ! നിൻ പദന്യാസമീ-
യവശലക്ഷത്തെയാപതിപ്പിച്ചുപോയ്.

കഠിനകാലമടിച്ചുപതിപ്പിച്ച
പരസഹസ്രംസഹോദരർ—നിഷ്ഠുര
ദുരിതദുസ്സഹമാകുമിജ്ജ്വാലയാൽ
എരിപൊരിക്കൊള്ളുന്നയ്യോ! വിവശരായ്.

കൊടിയദാരിദ്ര്യം ചപ്പിയെറിഞ്ഞൊരി-
പ്പതിതർതൻപരിതാപമകററുവാൻ
ഹൃദയമില്ലാത്തലോകമേ! യെന്തിനി-
ക്കപടസ്നേഹത്തിൻ നക്രബാഷ്പാവലി?
അഴലണയ്ക്കുംകരിനിഴൽ മായ്ക്കുവാൻ
കഴിവെഴാത്തകരങ്ങളേ! നിങ്ങളും
ഉലകിനേതാണ്ടുഭൂഷണ; മല്ലാതീ-
യുലകിനെന്തൊരു ബന്ധമീനിങ്ങളിൽ?

എരിയുംപൈദാഹമല്പംകെടുത്തുവാൻ
അരമറയ്ക്കുവാൻ—ആവശ്യംനേടുവാൻ
ഒരുകഴിവുമില്ലാതെവലയുമീ-
യഗതികൾ—ഹന്ത! കേഴുന്നകേഴചാൽ
കരളുരുകുന്നകാവ്യംരചിയ്ക്കുമീ-
സഹജരും നീയുമേകൻെറസൃഷ്ടിതാൻ.
കരബലത്താലധഃപതിപ്പിച്ചുനീ—
യടിമയാക്കിയ "പാവങ്ങ"ളാണിവർ
തവമനോഹരസൗധവും സമ്പത്തു-
മിവർതൻസ്വേദത്തിൽനിന്നുമുളച്ചതാം.

* * *

വയർനിറയ്ക്കുവാൻ—പേരുംപെരുമയു-
മുയരുവാനല്ല—ജീവിതംതാണ്ടുവാൻ
പകലിരവുകളൊപ്പംപണിപ്പെട്ടും
പതിത—രല്ലേഴ—ഹാ! തെററി; തോഴരേ!
പരിഭവത്തിൻെറ പാഴ്ചെളിപററാതെ
പരിശോഭിച്ചിടും പൂവാടിയൊന്നതാ!
പരിനിർമ്മിക്കുന്നു നിങ്ങൾക്കായ് "നാളെ"യാ-
പരിണതാനന്ദഃപങ്കിട്ടെടുക്കുവാൻ.

---


# നവജീവൻ

വരിസംഖ്യവിവരം

| | | | | |
|---|---|---|---|---|
| ഒരുആണ്ടത്തേക്ക് | (അഞ്ചലിൽ) | 4. | 0. | 0. |
| ,, | (തപാലിൽ) | 5. | 0. | 0. |
| ,, | (ഇൻഡ്യയ്ക്കുപുറമെ) | 6. | 0. | 0. |

ഒററപ്രതിക്ക് ഒരണാമാത്രം

മൂന്നുമാസത്തെ വരിസംഖ്യ മുൻകൂർഅയച്ചു അപേക്ഷിക്കുക.

മാനേജർ
കൗമുദി (Sole Agents, the Navajeevan)
പേട്ട, തിരുവനന്തപുരം

# ഈ അത്ഭുതലോകം

## ആമപ്പന്തയം

ഇംഗ്ലണ്ടിലെ ഇപ്പോഴത്തെ ഒരു വലിയ വിനോദം ആമപ്പന്തയമാണ്. ആമകളുടെ മുതുകിൽ ചില സാമാനങ്ങൾ ഒക്കെ വച്ചുകൊണ്ടു ഓട്ടപ്പന്തയം നടത്തും.

*   *   *   *

## തേൻസംഭരിക്കുന്ന എറുമ്പുകൾ

ആസ്ത്രേലിയായിൽ ക്ഷാമകാലത്തെ ഉപയോഗത്തിനായി തേൻ സംഭരിച്ചുവയ്ക്കുന്ന ഒരു തരം എറുമ്പുകൾ ഉണ്ട്. തേൻശേഖരിച്ചു കൊണ്ടുപോകുന്ന എറുമ്പിൻെറ വയർ മുന്തിരിങ്ങാപഴംപോലെ കുടുങ്ങിനില്ക്കും. അവിടുത്തെ കുട്ടികൾ ഈ എറുമ്പിനെ പിടിച്ചു വയർ പൊട്ടിച്ചു തേൻകുടിക്കുക സാധാരണമാണ്.

*   *   *

## വൃന്ദ—ാമത്തുവയസ്സിൽ ഗർഭം

ചൈനായിൽ സിറാനാഡോ എന്ന സംസ്ഥാനത്തിൽ കാൻേറ എന്ന സ്ഥലത്തു സായാഷുൻജോ എന്ന പേരോടുകൂടി 86-വയസ്സു പ്രായമുള്ള വയോവൃദ്ധ ഗർഭവതിയാണെന്നു കണ്ടിരിക്കുന്നു. ഭർത്താവിൻെറ മരണാനന്തരം 20 കൊല്ലം വൈധവ്യജീവിതം നയിച്ച ഈ സ്ത്രീ ഇപ്പോൾ ഒരു യുവാവിനെ വിവാഹംകഴിച്ചിരിക്കുകയാണെന്നറിയുന്നു.

*   *   *

## മരിച്ചവരുടെരക്തം ഉപയോഗപ്പെടുത്താം

പെട്ടെന്നു മരിക്കുന്നവരുടേയും ഹൃദ്രോഗം മൂലം മരിക്കുന്നവരുടേയും രക്തം റഷ്യയിലെ മാസ്കോപട്ടണത്തിൽ സംഭരിച്ചുവരുന്നു. മരിച്ചതിനുശേഷം ആറുമണിക്കൂറിനകം എടുക്കുന്ന ഈ ചോരയുടെ ജീവശക്തി നശിച്ചിരിക്കുകയില്ലത്രെ. ഈ ചോര വാററിയെടുത്തു കുപ്പികളിൽ ഭദ്രമായി സൂക്ഷിക്കുന്നു. രക്തമില്ലാതെ കഷ്ടപ്പെടുന്ന രോഗികളെ ഈ രക്തം കുത്തിവച്ചു രക്ഷപ്പെടുത്തുന്നു.

*   *   *

## കുരങ്ങു കച്ചവടംചെയ്യുന്നു

ഒരു ഹിമാലയൻപട്ടണത്തിലുള്ള ഒരു കച്ചവടക്കാരൻ തൻെറ വളത്തുകുരങ്ങിനെ മിഠായികൾ വിൽക്കുന്നതിനു പരിശീലിപ്പിച്ചിരിക്കുന്നു. അയാളുടെ അഭാവത്തിൽ ആ കുരങ്ങാണ് കച്ചവടം നടത്തുന്നതു്. വളരെ ബുദ്ധിസാമത്ഥ്യത്തോടുകൂടിത്തന്നെ ആ കുരങ്ങു മിഠായി ത്രാസ്സിൽ ഇട്ടു തൂക്കിക്കൊടുക്കും. ഈ പുതിയ കച്ചവടക്കാരൻെറ സാന്നിദ്ധ്യത്തിൽ ഷാപ്പിലെ പിരിവ് വർദ്ധിച്ചുവരുന്നു. ആ കുരങ്ങു കച്ചവടംചെയ്യുന്നതിൻെറ ഫോട്ടോ മെ 8-നു-യിലെ "ഇല്ലസ്റ്റ്രേറഡ് വീക്കിലി അഫ് ഇൻഡ്യാ"യിലെ 81-ാമത്തു പുറത്തു കാണാം.

*   *   *   *

## ഷെർളി റെറംമ്പിളിനു ൪൭ വയസ്സോ?

സിനിമാറാണിയായ ഷെർളി റെറമ്പിൾ ഒരു ബാലികയല്ലെന്നു ചിലർ വിചാരിച്ചുവരുന്നു. ഏതാനുംമാസങ്ങൾക്കുമുമ്പ് ലണ്ടൻനഗരത്തിലെ ഒരു പത്രാധിപർ ന്യൂയോക്ക് പട്ടണത്തിലുള്ള തൻെറ ലേഖകനെ, ഷെർളി റെറംമ്പിൾ യഥാർത്ഥത്തിൽ നാല്പത്തഞ്ചുവയസ്സുള്ള ഒരു ഹ്രസ്വകായയായ സ്ത്രീയാണെന്നുള്ള കേൾവി ശരിയാണോ എന്നു ഗൂഢമായും സൂക്ഷ്മമായും അന്വേഷിക്കണമെന്നു നിർദ്ദേശിക്കുകയുണ്ടായി. വാസ്തവത്തിൽ ഇപ്പോൾ ഒമ്പതുവയസ്സുമാത്രം പ്രായമുള്ള ഷെർളിയുടെ അനിതരസാധാരണമായ അഭിനയചാതുരിയാണ് ഇവരിൽ ഈ സംശയം ഉണ്ടാക്കിയിരിക്കുന്നതു്.

*   *   *

## "ഒരു കുട്ടിയുടെ ജനനം"

അമേരിക്കയിൽ "ഒരു കുട്ടിയുടെ ജനനം" എന്നു പേരോടുകൂടിയ ഒരു സിനിമാ പ്രദർശിപ്പിച്ചിരിക്കുന്നു. ശിശുവിൻെറ തല സാവധാനത്തിൽ പുറത്തേക്കുവരുന്നതും ഡാക്ടർ അതിനെ സഹായിക്കുന്നതിനായി തൻെറ വിദഗ്ദ്ധഹസ്തങ്ങൾ നീട്ടുന്നതും പിന്നീടു ശിശുവിൻെറ പിഞ്ചുകരങ്ങൾ പ്രത്യക്ഷമാകുന്നതും പ്രാണവേദന അനുഭവിക്കുന്ന മാതാവിൽനിന്നു ശിശുവിനെ ഡാക്ടർ വേർപെടുത്തുന്നതും എല്ലാം സിനിമായിൽ കാണാം.

പതിനാറു പൊതുജനാരോഗ്യപരമായ സ്ഥാപനങ്ങളെ പ്രതിനിധീകരിക്കുന്ന അമേരിക്കയിലെ "മെറേറർണൽ വെൽഫെയർ കമ്മിററി" യാണ് ഈ സിനിമായുടെ ഉല്പാദകർ. ഈ സിനിമാ പൊതുക്ഷേമത്തിനു ഉപകരിക്കുമെന്നു അവർ വിശ്വസിക്കുന്നു. ചില പത്രങ്ങളും മാസികകളും ഈ സിനിമാ പൊതുജനങ്ങൾക്കു മുഷിച്ചിലുണ്ടാക്കുമെന്നു പറഞ്ഞു കശനമായി അതിനെ വിമശിക്കാതെയും ഇരിക്കുന്നില്ല.

*   *   *

## മായാദീപങ്ങൾ.

അമേരിക്കയിൽ മുസ്സോറി എന്ന സ്ഥലത്തുള്ള പവ്വതശിഖരങ്ങളിൽ രാത്രി കാലങ്ങളിൽ ദീപ സമൂഹങ്ങൾ പെട്ടെന്നു പ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു എന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഇതിനെപ്പററി അന്വേഷിക്കാനായിപ്പോയിരുന്ന ഒരു പണ്ഡിത ജിജ്ഞാസു ഈ ദീപസമൂഹങ്ങൾ പെട്ടെന്നു പ്രത്യക്ഷമാകുന്നതും ഒരു നിമിഷനേരം കൊണ്ടു പവ്വതശിഖരങ്ങൾ ഇവയാൽ നിബിഡമാകുന്നതും ഒരു ദിക്കിലേക്കു ഗതി വേഗത്തോടുകൂടി ഇവ നീങ്ങിക്കൊണ്ടിരിക്കുന്നതും പ്രത്യക്ഷപ്പെട്ട വേഗത്തിൽ തന്നെ ഇവ അപ്രത്യക്ഷമാകുന്നതും എല്ലാം നേരിട്ടു കണ്ടിരിക്കുന്നു. സ്ഥലത്തെ വനവാസികൾ ഇതിനു അന്ധവിശ്വാസപരമായ ഒരു വ്യാഖ്യാനം നൽകിയിരിക്കുന്നു. പക്ഷെ രാത്രികാലങ്ങളിൽ പ്രകാശമാനമാകുന്ന ഒരു തരം ചെടി പവ്വതങ്ങളിൽ വളരുന്നുണ്ടെന്നുള്ളതും അവക്കറിയാം. ഈ ചെടിയുടെ മാതൃകകൾ കൽക്കട്ടായിൽ ഡാക്ടർ ബോസിനും അമേരിക്കയിൽ തന്നെ ഡാക്ടർ ബുള്ളറിനും അയച്ചുകൊടുത്തിട്ടുണ്ട്. സസ്യങ്ങൾ അഴുകിക്കിടക്കുന്നിടത്താണ് ഈ ചെടി അധികമായി വളരുന്നതു്.

*   *   *

## "വൃക്ഷവിവാഹം"

മുൾട്ടാനിൽ ഏററവും ഉൾനാട്ടിലുള്ള കുഗ്രാമങ്ങളിലെ വലിയ യാഥാസ്ഥിതികരും അന്ധവിശ്വാസികളുമായ ഗ്രാമീണർ ഇപ്പോഴും ആചരിച്ചുപോരുന്ന രസാവഹമായ ചില സംഗതികളുണ്ട്. സപ്പാരാധന വൃക്ഷാരാധന മുതലായവകൂടാതെ "വൃക്ഷവിവാഹം" എന്നൊരു ചടങ്ങും ഉണ്ടത്രെ. ഒരു ഹിന്ദുവിനു സന്താനങ്ങൾ ഉണ്ടാകാതിരിക്കുകയോ, കുറെ അധികനാളത്തേക്കു സന്താനലബ്ധി വിരളമാകുകയോ ചെയ്താൽ അയാൾ ഒരു ബ്രാഹ്മണനു തുളസിച്ചെടിയെ വിവാഹം ചെയ്യിച്ചുകൊടുക്കണമെന്നു ഒരു പുരാതനമായ ആചാരമുണ്ട്. ശ്രീകൃഷ്ണൻ ഒരു ദേവതയെ ചെടിയാക്കിക്കളയുകയും ആ ചെടിക്കു തുളസി എന്നു നാമകരണംചെയ്തു എന്നുമാണ് അവർ വിശ്വസിക്കുന്നതു്.

ഈ വിവാഹകമ്മം സന്താനകാംക്ഷിയായ ഒരു ഹിന്ദു ആത്മാത്ഥതയോടുകൂടി അനുഷ്ഠിക്കുന്നു. അതിനുവേണ്ടിയുള്ള ധനവ്യയവും ചില്ലറയല്ല. വിപുലമായ വിവാഹകമ്മങ്ങൾക്കു ശേഷം സാധാരണരീതിയിൽ പല്ലക്കിലുള്ള ഘോഷയാത്രയോടുകൂടി ആ തുളസിയെ ആ ബ്രാഹ്മണനു നൽകുന്നു. ഘോഷയാത്രക്കു അലങ്കരിക്കപ്പെട്ട അനേകം ആനകളും കുതിരകളും ഒട്ടകങ്ങളും ഉണ്ടായിരിക്കും. ഏററവും മുമ്പിൽ പോകുന്ന ആനയുടെ പുറത്തു, ഒരു കാലത്തു ഒരു ദേവതയായിരുന്ന 'തുളസി'യുടെ വിവാഹത്തിൽ സംബന്ധിക്കുന്നതിനായി വരുന്ന "ദൈവം" യാത്രചെയ്യുന്നു എന്നവർ സങ്കല്പിക്കുന്നു.

ഈമാതിരി "വൃക്ഷവിവാഹം" പഞ്ചാബിലും സാധാരണ നടന്നുവരുന്നുണ്ട്.

*   *   *

## സർപ്പാരാധന

സപ്പാരാധന ഇൻഡ്യയിൽ ഹിന്ദുക്കളുടെ ഇടയിൽ മാത്രമല്ല ലാഹോർ, സിയൽക്കാട്ട്, ഫിറോസ്പൂർ, മുൾട്ടാൻ എന്നീ ഡിസ്ട്രിക്ടുകളിൽപ്പെട്ട മഹമ്മദീയരുടെ ഇടയിലും സവ്വസാധാരണമാണ്.

ബാഡൻ (സെപ്റ്റംബർ) മാസത്തിൽ ഒമ്പതുദിവസത്തിലൊരിക്കൽ ഈ ആളുകൾ, നാഗവംശത്തിൽപെട്ടവർ പ്രത്യേകിച്ചും, സപ്പാരാധന നടത്തുന്നു. അവർ മാവുപൊടികൊണ്ട് സപ്പരൂപം ഉണ്ടാക്കി ചുവപ്പും കറുപ്പും നിറത്തിലുള്ള ചായംതേച്ച് അതിനെ ഒരു കുടക്കകത്താക്കി ഗ്രാമത്തിൽ ഒട്ടാകെ കൊണ്ടുനടന്നു ധ്യാനങ്ങളും മററും ശേഖരിക്കുന്നു. എല്ലാഭവനങ്ങളിലും യാചിച്ചതിനുശേഷം അരിമാവുകൊണ്ടുണ്ടാക്കപ്പെട്ടിരിക്കുന്ന ആ സപ്പത്തെ സംസ്കാരകമ്മങ്ങളോടുകൂടി കുഴിച്ചുമൂടി അതിനു മുകളിൽ ഒരു ശവകുടീരവും കെട്ടിയുണ്ടാക്കുന്നു. ഈ ശവകുടീരത്തിൽ ഈ ഒമ്പതുദിവസവും സ്ത്രീകൾ ആരാധനയ്ക്കു വരുന്നു. ആരാധനയ്ക്കു പോകേണ്ട ഓരോദിവസത്തിൻേറയും മുമ്പിലത്തെ രാത്രി ഒരു പാത്രംനിറയെ തൈരെടുത്തു പ്രത്യേകം സൂക്ഷിക്കുന്നു. രാവിലെ ഈ തൈരുമായി മേൽപ്പറഞ്ഞ ശവകുടീരത്തിൽ ചെന്നു മുട്ടുകുത്തിയിരുന്ന് അതിൽ കുറെഭാഗം അർച്ചന ചെയ്തശേഷം ഓരോരുത്തരും കുനിഞ്ഞു അവരവരുടെ നെററി ഭൂമിയിൽ തൊട്ടു നമസ്കരിക്കുന്നു. ബാക്കിയുള്ള തൈർ വീട്ടിൽ കൊണ്ടുചെന്നു അവരുടെ കുട്ടികൾക്കായി വിഭജിച്ചുകൊടുക്കുന്നു.

സപ്പത്തിലുള്ള ഈ വിശ്വാസവും സപ്പാരാധനയും കാംഗ്രാ ഡിസ്ട്രിക്ട് ഒട്ടാകെയുള്ള ഒരാചാരമാണ്.

———